
കൗമുദി
ആഴ്ചപതിപ്പ്



ANNAS 2

അണിഞ്ഞൊരുങ്ങുന്നു

മലയാളത്തിലിതുവരെയുണ്ടായിട്ടുള്ള മികച്ച വിശേഷാൽ പ്രതികളേതിനേയും
വീറോടെ വെല്ലുവിളിച്ചുകൊണ്ട്

വിശ്വകേരളം

ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവ

വിശേഷാൽപ്രതി

1950 നവംബർ 7-ാംനു- പുറത്തുവരുന്നു

ഡമ്മി 1/8 വലിപ്പത്തിൽ മുന്നൂറു പേജുകൾക്കുമേൽ
വർണ്ണോജ്ജ്വല ചിത്രങ്ങൾ! സാഹിത്യകലാരംഗത്തു തുലികപ്പടയാളികളുടെ ഐക്യമുന്നണി!
എന്തെല്ലാമുണ്ടെന്നോ?

- ★ ജനകീയ ജനാധിപത്യമെന്നാൽ—
- ★ ഒക്ടോബർ വിപ്ലവവും ഇന്ത്യൻ വിമോചനവും
- ★ സാമ്രാജ്യത്വത്തിന്റെ സാർവദേശീയ തകർച്ച
- ★ കൊറിയായുടെ പിന്നിൽ
- ★ നമ്മുടെ യുദ്ധം—യുദ്ധത്തിനെതിരായ യുദ്ധം
- ★ പൈന വഴികാട്ടുന്നു
- ★ സോഷ്യലിസത്തിന്റെ ജൈത്രയാത്ര
- ★ സോഷ്യലിസ്റ്റ് റീയലിസവും മലയാളസാഹിത്യവും
- ★ സാഹിത്യകലാരംഗത്തിലെ ഐക്യമുന്നണി
- ★ കേരള സംഗീതവും കലകളും
- ★ സിനിമായും ജനങ്ങളും
- ★ ശാസ്ത്രം ജനങ്ങൾക്കുവേണ്ടി
- ★ ഗാന്ധിസം—മോചനത്തിന്റെ മുഖ്യശത്രു
- ★ മീററ്റു മുതൽ ഇങ്ങോട്ട്
- ★ നമുക്കു ഭക്ഷണം കിട്ടാൻ
- ★ കാശ്മീർ എന്തു പഠിപ്പിക്കുന്നു
- ★ കോൺഗ്രസ്സ് സക്കാരുകളുടെ കടിയായ്മ നിയമം
- ★ ജനകീയ ജനാധിപത്യകേരളം സൃഷ്ടിക്കാൻ

7 ചെറുകഥകൾ **12 കവിതകൾ** **നിരവധി ചിത്രങ്ങൾ**

ഇങ്ങനെ പലതും പലതും!!

വില രൂപ 1

പോസ്റ്റേജ് 4 ണ. പ്രത്യേകം

പരസ്യക്കാർക്കു സുവർണ്ണാവസരം. പരസ്യം ആവശ്യമുള്ളവർ
ഒക്ടോബർ 10-നു മുമ്പു് ഓർഡർ അയച്ചിരിക്കണം

പ്രത്യേക അറിയിപ്പു്:—

ഒറപ്രതി ആവശ്യമുള്ളവർ ഒക്ടോബർ 10-നുക്കകം പണം അടച്ചു് അവരവരുടെ കാപ്പികൾ ഉറപ്പുവരുത്തിക്കൊള്ളണം. അതീയതി കഴിഞ്ഞാൽ പിന്നീടു് കാപ്പികൾ കിട്ടുന്നകാര്യത്തിൽ ഞങ്ങൾക്കു തീർച്ചപറയുക സാധ്യമല്ല. രണ്ടാം പതിപ്പു് അച്ചടിക്കുന്നതല്ല.

മാനേജർ,
വിശ്വകേരളം—തിരുവനന്തപുരം

പത്രാധിപർ - കെ. ബാലകൃഷ്ണൻ

കൗമുദി

പുസ്തകം 1 | 1126 കന്നി 9 തിങ്കൾ | ലക്കം 28

കൗമുദി കുറിപ്പുകൾ

★ ഹിന്ദുക്കൾ ഒന്നായി ★

ഹിന്ദുമണ്ഡലത്തിന്റെ മറ്റൊരു പതിപ്പായ കാൺഗ്രസ് ഡെമോക്രാറ്റിക് പാർട്ടി വമ്പിച്ച—വളരെ വമ്പിച്ച ഭൂരിപക്ഷത്തോടെ വിജയിച്ച നിയോജകമണ്ഡലത്തിൽ വിജയാഘോഷങ്ങൾ അവസാനിക്കും മുൻപു നടന്ന ഒരു സംഭവം കേരളകൗമുദി സെപ്റ്റംബർ 17-ാംതീയതിയിലെ പത്രത്തിൽ റിപ്പോർട്ടുചെയ്യുന്നു. പ്രാദേശികവാർത്തകളുടെ കൂട്ടത്തിൽ അപ്രധാനമായി തള്ളിയിരിക്കുന്ന പ്രസ്തുതവാർത്തയാണ് താഴെ പകർത്തുന്നത്.

നെടുമങ്ങാട്

ചിങ്ങം. 30—പൂവച്ചൽ പ്രൈമറിസ്കൂളിൽ പുതുതായി നിയമിതനായി ചാർജ്ജെടുക്കാൻവന്ന ചങ്ങനാശ്ശേരിക്കാരനായ ഒരു ഹരിജന അദ്ധ്യാപകൻ അടുത്തുള്ള ഒരു നായരുടെ ചായക്കടയിൽകയറി ചായകുടിക്കാനായി അകത്തു ചെന്നു ചായഉണ്ടോ എന്നു ചോദിക്കുകയും, ഇല്ലെന്നുള്ള മറുപടികേട്ട അടുത്തുള്ള ഒരു മുഹമ്മദീയന്റെ ചായക്കടയിൽ വെളിയിൽ നിന്നുകൊണ്ടു ചായ ഉണ്ടോ എന്നുചോദിച്ചതായും, വെളിയിൽ ഇരുന്നു കുടിക്കാമെങ്കിൽ കൊടുക്കാമെന്നു് ആ മുസ്ലീം പ്രസ്താവിച്ചതായും, അതിനു വിസമ്മതിച്ചു മടങ്ങിയ പ്രസ്തുത അദ്ധ്യാപകനെ മേൽപറഞ്ഞ നായർ തടഞ്ഞുനിർത്തി പ്രഹരിക്കുകയും ചെയ്തതായിയറിയുന്നു. താൻ ഇവിടെ പുതുതായിവന്ന ഒരദ്ധ്യാപകനാണെന്നും, നാട്ടിന്റെ വഴക്കം തനിക്കറിയാൻപാടില്ലെന്നും, താൻ ചങ്ങനാശ്ശേരിക്കാരനാണെന്നും ആ അദ്ധ്യാപകൻ പറഞ്ഞതുകേട്ട് ഇതുംകൂടി ചങ്ങനാശ്ശേരിയിൽ കൊണ്ടുകൊടുക്കൂ എന്നു ഗർജ്ജിച്ചുകൊണ്ടു വീണ്ടും മർദ്ദിക്കുകയും ഒന്നിച്ചു ചങ്ങനാശ്ശേരിയിൽനിന്നും വന്ന വേറൊരാളെക്കൂടി അടിക്കുകയും അവർ ഓടി അവിടെനിന്നും രക്ഷപ്പെടുകയും ചെയ്തു. ഇന്നു നെടുമങ്ങാട്ട് സ്റ്റേഷൻ അസിസ്റ്റൻറ് ഇൻസ്പെക്ടറെ വിവരം ധരിപ്പിച്ചതായി അറിയുന്നു. അടിക്കാനുള്ള കാരണം ഹരിജൻ അദ്ധ്യാപകൻ നായരുടെ കടയിൽ കയറിയതാണ്.

(സ.പ. ലേ.)

ഈ വാർത്ത പുറപ്പെടുവന്നിട്ടു ഒരാഴ്ചയോളമായി. ഈ സംഭവത്തിൽ ഏതെങ്കിലും ഭാഗത്തുനിന്നു പ്രതിഷേധമുണ്ടായതായോ വർണ്ണവർഗ്ഗവിവേചനം നിയമവിരുദ്ധമായി പ്രഖ്യാപിച്ചിട്ടുള്ള ഒരു രാഷ്ട്രത്തിലെ ഏതെങ്കിലും ഗവൺമെൻറുദ്യോഗസ്ഥൻ ഈ ക്രൂരമായ നിയമലംഘനത്തിനെതിരായി [illegible] യെടുത്തതായോ അറിഞ്ഞിട്ടില്ല. ജാതി നശിപ്പിച്ചില്ലാതെയടങ്ങുകയില്ലെന്നു ശപഥം ചെയ്തിറങ്ങിയിരിക്കുന്ന മന്ത്രിശ്രേഷ്ഠന്മാർ ഈ വാർത്ത അറിഞ്ഞിരിക്കാം. അതു വലിയ പ്രാധാന്യം ഈ വാർത്തയിൽ ഒരു പക്ഷേ കണ്ടിരിക്കയില്ല.

ആ സ്ഥലത്തു 'നാട്ടുകാർ' എന്നൊരു വിഭാഗം ഉണ്ടായിരുന്നിരിക്കണം. ഹിന്ദുമണ്ഡലത്തിനു (ജാതി നശിപ്പിക്കാൻ) വോട്ടുചെയ്തവർ. ഹിന്ദുമണ്ഡലത്തിന്റെ പിറകെ നടന്ന ചെറുപ്പക്കാർ ഉണ്ടായിരുന്നിരിക്കണം. അവരിലാരെങ്കിലും ഈ മഹാദ്രോഹം ധിക്കാരവും ചെറുത്തതായും അറിയുന്നില്ല.

ഇതിനുമുൻപു നെയ്യാറ്റിൻകരനിന്നും ഏതാണ്ടു ഇതേ രീതിയിൽ തന്നെ ഒരു പരാതി പത്രങ്ങളിൽ വന്നിരുന്നു. പുലയനെയും പറയനെയും ഉയർത്താൻ നടക്കുന്നവർക്കുപോലും രാജ്യമല്ലേ എന്നു കരുതി അല്പം ഒരു 'ഹിന്ദു'വായതായിരിക്കണം ആ പാവപ്പെട്ട അദ്ധ്യാപകന്റെ തകരാറ്. പാവനമായ ഒരു കർത്തവ്യം നിറവേറ്റുവാൻ അല്പ ശമ്പളവും പാറി ചങ്ങനാശ്ശേരിയിൽനിന്നു നെടുമങ്ങാട്ടെത്തിയ ഒരു പാവപ്പെട്ട മനുഷ്യനെ ജാതിയുടെപേരിൽ കൈയ്യേറ്റം നടത്തുവാൻ ഒരു പക്ഷേ അക്ഷരജ്ഞാനം പോലുമില്ലാത്ത ഒരു ധിക്കാരി മുതിർന്നു എന്നുള്ളതാണ് കേസ്. ആ ചായക്കടക്കാരൻ ആ പ്രദേശത്തു ഒരു പക്ഷേ ഒരു വലിയ 'കരപ്രമാണി'ആയതുകൊണ്ടായിരിക്കാം ആ നാട്ടിലെ ആളുകളൊന്നും മിണ്ടാത്തതു്. ഭക്ഷിണാഫ്രിക്കയിലെ സായിപ്പിന്റെ ഇടയിൽ ഒരുമാസത്തെ ടെയിനിംഗിനു് ആ മനുഷ്യനെ അയക്കുന്നതു നന്നായിരിക്കും.

എന്തായാലും ഇക്കാര്യത്തിൽ ഗവൺമെൻറിനും നാട്ടുകാർക്കും വ്യക്തമായ ചുമതലകളുണ്ട്. ചായക്കടയിൽ ജാതിവിവേചനം വച്ചുപുലർത്തുന്നവർ ഇനി ചായക്കടനടത്താൻ അനർഹരാണ്. അങ്ങനെയുള്ളവർ ചായക്കടനടത്താതിരിക്കാൻ നാട്ടുകാർ ഒന്നു ചേർന്നു പ്രവർത്തിക്കണം. ജാതിത്തണ്ടുവച്ചുകൊണ്ടു ഒരു സാധുവായ അദ്ധ്യാപകനെ കയ്യേറിയ ചായക്കടക്കാരനെ അറസ്റ്റുചെയ്തു കസ്റ്റഡിയിലാക്കണം. നിർദ്ദാക്ഷിണ്യം ശിക്ഷിക്കണം. ഇക്കാര്യത്തിൽ സർക്കാർ ശ്രദ്ധിക്കുമോ എന്നറിയാൻ കൗതുകമുണ്ട്. അതോ അതൊരു കാൺഗ്രസ് ചായക്കടക്കാരനാണോ?

മുഖചിത്രം

കാഷ്മീർ പ്രധാനമന്ത്രി
ഷേക്ക് മഹമ്മദ് അബ്ദുള്ള

കാശ്മീർ മന്ത്രിസഭ

'ജനകീയം' പറയുന്ന പ്രവിശ്യകൾക്കെല്ലാം ഒരു തലവേദനയാണ് കാശ്മീർ. മറ്റു പല പ്രവിശ്യകളിലും നടക്കാതിരിക്കുന്ന കാര്യങ്ങൾ കാശ്മീരിൽ നടക്കുന്നുണ്ട്. എല്ലാസ്ഥലത്തും ഭരിച്ച നഷ്ടപരിഹാരം നൽകി ഭൂമി "ദേശീയ"മാക്കിക്കൊണ്ടിരിക്കുമ്പോൾ കാശ്മീർ പ്രതിഫലം നൽകാതെതന്നെ ജന്മിതാപസമ്പ്രദായം അവസാനിപ്പിക്കുന്നു. മറ്റു സ്ഥലങ്ങളിൽ കരിഞ്ചന്തക്കാർ മന്ത്രിസഭയ്ക്കുള്ള അധികാരവടംവലിയിൽ സജീവമായി പങ്കെടുക്കുമ്പോൾ കാശ്മീരിൽ കരിഞ്ചന്തക്കാരെ തൂക്കിലിടയ്ക്കുന്നു—മുക്കാലിൽ കെട്ടുന്നു. എന്താണ് ഈ വ്യത്യാസത്തിനു കാരണം. രാഷ്ട്രീയചിന്തകന്മാരെയും ഈ പ്രശ്നം ഏറെക്കുഴയ്ക്കുന്നുണ്ട്.

കാശ്മീരിനു ഒരു പ്രത്യേകതയുണ്ട്. അവിടെ ജനകീയഭരണമാണു നടക്കുന്നതെങ്കിലും ഒരു നിയമസഭയോ ജനകീയസമിതിയോ ഇല്ല. ഷേക്ക് അബ്ദുള്ളായുടെ നേതൃത്വത്തിലുള്ള ഒരു ഏകശാസനാധികാരരീതിയിലുള്ള ഭരണമാണ് അവിടെ നടക്കുന്നതു്. കാശ്മീർ നാഷണൽകാൺഫറൻസു അവരുടെ സാമ്പത്തികപരിപാടി വളരെ നേരത്തെ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു കാഷ്കവിപ്ലവമാണ് ആ പരിപാടി. ആ പരിപാടിയിൽനിന്നു വ്യതിചലിക്കാത്ത ഏകശാസനഭരണമാണു അവിടെ നടക്കുന്നതു്. അവിടെ അധികാരവടംവലിയ്ക്കോ മന്ത്രിസഭാകഴപ്പുകളുണ്ടാക്കുന്നതിനോ വലിയ സാദ്ധ്യതയൊന്നുമില്ല. പായിന്റെ ആഫ് ആർഡറുകാക്കും അന്തരീക്ഷക്കാക്കും മണ്ഡലക്കാക്കും വലിയരക്ഷയൊന്നുമില്ല. ഈ സന്ദർഭത്തിൽ കാശ്മീർ മന്ത്രിസഭയിലെ അംഗങ്ങളെപ്പറ്റി അറിയുക കൗതുകകരമായിരിക്കും.

പ്രധാനമന്ത്രി ഷേക്ക് സാഹിബ്

ആറടി നാലിഞ്ചു ഉയരമുള്ള ഷേക്ക് അബ്ദുള്ളായാണ് പ്രധാനമന്ത്രി. 1905—ൽ സൗറാ എന്ന ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചതു്. സൗറാ ശ്രീനഗറിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു ഗ്രാമമാണ്. ലാഹൂർകോളേജിൽനിന്നും ബിരുദം സമ്പാദിച്ചശേഷം അദ്ദേഹം അലിഗാർ സർവകലാശാലയിൽ പോയി എം. എസ്സ്. സി. ബിരുദം നേടി. ഒരു സ്കൂൾ അദ്ധ്യാപകനായിട്ടാണ് അദ്ദേഹം കാശ്മീരിൽ മടങ്ങിയെത്തി ജീവിതമാരംഭിച്ചതു്. പക്ഷേ തന്റെ അഭിലാഷങ്ങൾക്കനുസരണമായി പ്രവർത്തിക്കാൻ ഒരു സ്കൂൾ അദ്ധ്യാപകൻ മാത്രമായതുകൊണ്ടു പ്രയോജനമില്ലെന്നു അദ്ദേഹം മനസ്സിലാക്കി. ശ്രീനഗറിൽ അദ്ദേഹം ഒരു പുതിയ വായനശാല രൂപീകരിച്ചു. പിന്നീടു ആ ചെറിയ വായനശാല കാശ്മീർ രാഷ്ട്രീയപ്രവർത്തകരുടെ പരിശീലനകേന്ദ്രമായി മാറി. ആദ്യമായി ഷേക്ക് അബ്ദുള്ളാ കാശ്മീർ മുസ്ലീം കാൺഫറൻസിലാണ് പ്രവർത്തിച്ചതു്. 1931-ൽ അദ്ദേഹം പ്രസ്തുത കാൺഫറൻസിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പ്രസംഗസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും പ്രസ്തുത സംഘടനയുടെ സമരനേട്ടങ്ങളായിരുന്നു. സങ്കുചിതമായ സാമുദായികതപമല്ല പ്രബുദ്ധമായ ദേശീയതപമാണ് രാഷ്ട്രത്തിനാവശ്യമെന്നു ഷേക്ക് അബ്ദുള്ളാ മനസ്സിലാക്കി. അങ്ങനെ കാശ്മീർ മുസ്ലീം കാൺഫറൻസു് 1938-ൽ കാശ്മീർ നാഷണൽ കാൺഫറൻസായി രൂപാന്തരപ്പെട്ടു. ഇതിനു നാലു തവണ തടങ്കലിലാക്കപ്പെട്ടിട്ടുണ്ട്. 1946-ൽ കാശ്മീർ പ്രക്ഷോഭണകാലത്തു കുറേക്കാലം അദ്ദേഹം അണ്ടർഗ്രൗണ്ടിൽ പ്രവർത്തനം നടത്തുകയുണ്ടായി. വളരെയൊന്നും പ്രസംഗിക്കാറില്ലാത്ത ഇദ്ദേഹത്തെ "കാശ്മീരിലെ ഉരുക്കുമനുഷ്യൻ" എന്നാണ് വിളിക്കുന്നതു്. 1947-ൽ അദ്ദേഹം ആഭ്യന്തരമന്ത്രിയായി ചാർടർനടന്ന ചരിത്രപ്രസിദ്ധമായ കാശ്മീർ പ്രക്ഷോഭണം ഷേക്ക് അബ്ദുള്ളായെ തടവുകാരനാക്കി. അദ്ദേഹം പുറത്തുവന്നതു കാശ്മീരിന്റെ സർവാധിപതി എന്ന നിലയിൽ അധികാരം ഏറ്റെടുക്കുവാനായിരുന്നു.

ഗുലാം മുഹമ്മദ് ബക്ഷി

ഗുലാം മുഹമ്മദ് ബക്ഷി കാശ്മീരിലെ ഉപപ്രധാനമന്ത്രിയാണ്. ഷേക്ക് സാഹിബിന്റെ വലം കൈയ്യായ ഈ പടയാളിക്കു 43 വയസ്സു പ്രായമുണ്ട്. സംഘടനാപരമായ പ്രവർത്തനങ്ങളിൽ മി. ബക്ഷിക്കു അനന്യസാധാരണമായ കഴിവുകളാണുള്ളതു്. 1931-നുശേഷം അദ്ദേഹം



ഗുലാം മുഹമ്മദ് ബക്ഷി

തടങ്കലിലാക്കപ്പെട്ടിട്ടുണ്ട്. 1946-ൽ കാശ്മീർ പ്രക്ഷോഭണകാലത്തു കുറേക്കാലം അദ്ദേഹം അണ്ടർഗ്രൗണ്ടിൽ പ്രവർത്തനം നടത്തുകയുണ്ടായി. വളരെയൊന്നും പ്രസംഗിക്കാറില്ലാത്ത ഇദ്ദേഹത്തെ "കാശ്മീരിലെ ഉരുക്കുമനുഷ്യൻ" എന്നാണ് വിളിക്കുന്നതു്. 1947-ൽ അദ്ദേഹം ആഭ്യന്തരമന്ത്രിയായി ചാർ

വിശേഷാൽപ്രതികം

കല്പന

എറണാകുളത്തുനിന്നും മി. ശ്രീധരന്റെ ഉടമസ്ഥതയിൽ പുറത്തുവന്ന മനോഹരമായ ഒരു പ്രസിദ്ധീകരണമാണ് 'കല്പന' കാണം വിശേഷാൽപ്രതി. അച്ചടിയിൽ സാങ്കേതികപരിജ്ഞാനം സിദ്ധിച്ച ആരോ ആ പ്രസിദ്ധീകരണത്തിന്റെ മേൽനോട്ടം വഹിക്കുന്നുണ്ടെന്നു കല്പനയുടെ പുറംപട്ട വിളിച്ചുപറയുന്നുണ്ട്. ഞങ്ങളും തുറന്നുപറയുന്ന സ്വഭാവക്കാരാണ്. കല്പനയുടെ അകം പുറംപട്ടയോളം ഭംഗിയായിട്ടില്ല. ഒരു പത്രപ്രവർത്തകനെ "ഏട്ടിൽ പതിഞ്ഞ" എഴുത്തുകാരിൽനിന്നും ലേഖനങ്ങളും കിട്ടാനുള്ള ബുദ്ധിമുട്ടു ഏറെക്കുറെ ഞങ്ങൾക്കും അറിയാവുന്നതാണ്. കല്പനപോലുള്ള മനോഹരമായ ഒരു പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കം ഗംഭീരമായിരിക്കണം. അടുത്ത വിശേഷാൽപ്രതി ഈ കുറവു പരിഹരിക്കുമെന്നു ഞങ്ങളും ആശിക്കുന്നു

സ്വതന്ത്രകേരളം

സാഹസികതപത്തിന്റെ, വക്കുവരെ എത്തിയിട്ടുള്ള ഒരു ധീരതയാണ് സ്വതന്ത്രകേരളത്തിന്റെ യുവാവായ പത്രാധിപർ ഓണം വിശേഷാൽ പ്രതിയുടെ പ്രസിദ്ധീകരണംമൂലം പത്രലോകത്തു കാണിച്ചിരിക്കുന്നതു്. സ്വതന്ത്രമായി പ്രസ്സുള്ളവർ തന്നെ വിശേഷാൽപ്രതി അച്ചടിച്ചു സമയത്തിനിറക്കാൻ ബുദ്ധിമുട്ടുമ്പോൾ സ്വതന്ത്രമായി ഒരു പ്രസ്സ് പോലുമില്ലാത്ത മി. പിള്ള സമയത്തിനു തന്നെ ഒരു വിശേഷാൽപ്രതി ഇറക്കിയതു അനുമോദനാർഹമാണ്. കെട്ടും മട്ടും ഭംഗിയായിട്ടുണ്ട്. ഉള്ളടക്കത്തിൽ കുറേക്കൂടി വൈവിദ്ധ്യം വരുത്താമായിരുന്നു. ഈ ആണ്ടിൽ ഇറങ്ങിയ വിശേഷാൽപ്രതികളിൽ എണ്ണപ്പെടേണ്ട ഒന്നുതന്നെയാണ് 'സ്വതന്ത്രകേരളം' വിശേഷാൽപ്രതി.

ആഹ്വാനം.

മി. രാഘവൻ ആഹ്വാനത്തിന്റെ പത്രാധിപരും, ഒരുതൊഴിലാളി-വിദ്യാർത്ഥിപ്രവർത്തകനുമാണ്. കുമുദിയെ വളരെയേറെ അനുകരിക്കുന്ന സ്വഭാവമൊഴിച്ചാൽ ആഹ്വാനം ഒരു നല്ല വാരികയുമാണ്. ആഹ്വാനത്തിന്റെ ഓണം വിശേഷാൽപ്രതിയിൽ ഘനമുള്ള കുറെ ലേഖനങ്ങളും കഥകളും, കവിതകളുമുണ്ട്. പത്രപ്രവർത്തനത്തിൽ പ്രവേശിച്ചുമാത്രം കഴിഞ്ഞിട്ടുള്ള മി. രാഘവനു തന്റെ പ്രസിദ്ധീകരണത്തെപ്പറ്റി തീർച്ചയായും അഭിമാനിക്കാവുന്നതാണ്.

[പുതിയ പ്രസിദ്ധീകരണങ്ങളേതെങ്കിലും ഞങ്ങൾ അഭിപ്രായമെഴുതാതെ വിട്ടുപോയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതു ഉപകാരപ്രദമായിരിക്കും.]

ജെ ഏറ്റെടുത്തു. പോലീസുസേനയെ ആകമാനം അ
ദ്ദേഹം ഉടച്ചുവാർക്കുകയുണ്ടായി.

മീർസാ മുഹമ്മദ്
അഹ്സൽബെഗ്

1908-ൽ ഒരു കാർഷികകുടുംബത്തിൽ ജനി
ച്ച മീർസാമുഹമ്മദ് കാശ്മീരിലെ റവന്യൂമന്ത്രി
യും കാശ്മീർകർഷകരുടെ അനിഷേധ്യനേതാവു
മാണ്. അദ്ദേഹം ഒരു ഗ്രന്ഥകാരനും പാർലമെ



മീർസാമുഹമ്മദ് അഹ്സൽബെഗ്

ന്റെ റിയനുമാണു. കാശ്മീർ നാഷണൽകാ
ൺഫറൻസ് അദ്ദേഹത്തെ സ്റ്റേറ്റ് അസംബ്ളി
യിലെ പാർട്ടിലീഡറായി തിരഞ്ഞെടുക്കുകയു
ണ്ടായി. 1944-ൽ പ്രതിനിധിസഭയും കാശ്മീ
രിൽ ഏർപ്പെടുത്തിയപ്പോൾ അദ്ദേഹം
ഒരു ജനകീയമന്ത്രിയായി ഭരണമേറ്റു. പക്ഷെ
സ്വേച്ഛാപ്രഭുത്വവുമായി യാതൊരുവിധ രാജി
ക്കും തയ്യാറില്ലാത്തതുകൊണ്ടു കാശ്മീർ കൺഫ
റൻസിന്റെ നിർദ്ദേശപ്രകാരം അദ്ദേഹം രാജിവ
യ്ക്കുകയുണ്ടായി. ഇദ്ദേഹത്തിന്റെ നേതൃത്വ
ത്തിലാണ് കാശ്മീരിൽ ജന്മിത്വസമ്പ്രദായം
അവസാനിപ്പിക്കുന്ന പരിഷ്ക്കാരം രൂപമെടു
ത്തതു.

ഗുലാംമുഹമ്മദ് സാദിക്ക്

ഗുലാം മുഹമ്മദ് സാദിക്ക് കാശ്മീരിലെ ട്രേ
ഡ്യൂണിയൻ നേതാവാണ്. അടിയന്തിരഘട്ട
ത്തിൽ അദ്ദേഹം റേഷൻ ഗാർഡുകളുടേയും ലേബ



ഗുലാംമുഹമ്മദ് സാദിക്ക്

റിന്റേയും ചുമതല വഹിച്ചിരുന്നു. മന്ത്രിസഭ
രൂപീകരിച്ചപ്പോൾ അദ്ദേഹം ഡവലപ്പ്മെന്റ
മന്ത്രിയായി ചാർജ്ജെടുത്തു. കാശ്മീർ മുസ്ലീം
കാൺഫറൻസ് നാഷണൽ കാൺഫറൻസായിരൂ
പാന്തരപ്പെടുത്തിയ ഐതിഹാസികമായ തീരു
മാനമെടുത്ത സമ്മേളനത്തിൽ സാദിക്കാണ്
അദ്ധ്യക്ഷം വഹിച്ചതു. ആക്രമണംമൂലം തകർന്നു
പോയ പല വ്യവസായങ്ങളും അത്ഭുതകരമാം
വിധം പുനരുദ്ധരിക്കുവാൻ സാദിക്കിനു കഴി
ഞ്ഞിട്ടുണ്ട്.

സർദാർ ബുദ്ധസിംഗ്

സർദാർ സിംഗ് ക്യാബിനറ്റിലെ ഏറ്റവും
പ്രായമായ അംഗമാണ്. തലമുടിയെല്ലാം നര
ച്ച ഒരു കൊച്ചുകിയ മനുഷ്യൻ. ഒരു ഇരുപതു വർ
ഷങ്ങൾക്കു മുൻപു അദ്ദേഹം രാജ്യത്തിലെ ഒരു
യന്ന റവന്യൂ ഉദ്യോഗസ്ഥനായിരുന്നു. ആരംഭ
കാലംമുതല്ക്കേ ഷേക്ക് അബ്ദുള്ളായുടെ പ്രസ്ഥാ



സർദാർ ബുദ്ധസിംഗ്

നത്തെ സഹായിച്ചുകൊണ്ടിരുന്ന അപൂർവ്വം ചില
അമുസ്ലീമുകളിൽ ഒരാളായിരുന്നു സർദാർ സിം
ഗ്. അദ്ദേഹം ക്യാബിനറ്റിൽ വാർത്താവിതരണ
വകുപ്പിന്റെ ചാർജ്ജു വഹിക്കുന്നു.

പീർ മുഹമ്മദ്ഖാൻ

1893-ൽ ജനിച്ച കമ്മ്യണിക്കേഷൻസ്മന്ത്രി
പീർമുഹമ്മദ്ഖാൻ തന്റെ ജീവിതത്തിൽ മുപ്പ
തുവർഷക്കാലം പട്ടാളത്തിലാണു കഴിച്ചതു. വി



പീർ മുഹമ്മദ്ഖാൻ

ദ്യാഭ്യാസമന്ത്രിയെന്ന നിലയിൽ ഇദ്ദേഹത്തി
ന്റെ സേവനം അത്ഭുതകരമായ ഫലങ്ങളുണ്ടാ
ക്കി. ഇപ്പോൾ കമ്മ്യണിക്കേഷൻസ്മന്ത്രി എ
ന്ന നിലയിൽ രാജ്യം ഇദ്ദേഹത്തിൽനിന്നും വ
ളരെയേറെ പ്രതീക്ഷിക്കുന്നുണ്ട്.

പണ്ഡിറ്റ് ഷാംലാൽ
സാറാഫ്

ഷേക്ക് അബ്ദുള്ളയുടെ സഹപാഠിയും പ
ണ്ഡിത്വത്തിലെ ഒരു അംഗവുമായ ഇദ്ദേ



ഷാംലാൽ സാറാഫ്

ഹം ആരോഗ്യവും സ്വയം ഭരണവും മന്ത്രിയാ
ണ്. ഒരു യുവജനസംഘടനയിൽ കൂടി രാഷ്ട്രീ
യരംഗത്തു പ്രവേശിച്ച സാമുദായികപീഡനകാ
ക്കതീതനായി നിന്ന ഷേക്ക് അബ്ദുള്ളായെ
അദ്ദേഹം നേതാവായി സ്വീകരിച്ച സ്വാത
ന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തു.

പണ്ഡിത്ഗിരിലാൽ ദോഗ്ര

അവസാനമായിപ്പറയുകയാണെങ്കിലും സ്വ
പ്രധാനനായിക്കരുതേണ്ട മന്ത്രിയാണ് ധനകാര്യ
മന്ത്രി ഗിരിലാൽദോഗ്ര. ഇദ്ദേഹത്തിനു കാ




ഗിരിലാൽ ദോഗ്ര

റ്റ് കശ്മീർ സമരവുമായി അടുത്ത ബന്ധമുണ്ടാ
യിരുന്നു. ഒരു മന്ത്രിയായി അധികാരമേറ്റെടു
ക്കുന്നതിനു മുമ്പു അദ്ദേഹം ജമ്മുവിലെ ഏറ്റവും
പ്രഗത്ഭനായ അഭിഭാഷകനായിരുന്നു.

ഇവരാണ് കാശ്മീർ ഭരിക്കുന്നതു.

(ബി. പി. എസ്.)



"ക്രിസ്ത്യൻകാൺഗ്രസ്സ് മുർദ്ദാബാദ്!"

ഈ പട്ടം താണുപിള്ളയെപ്പോലൊരു രാഷ്ട്രീയവിഡ്ഢി ഇന്ത്യയുണ്ടാകാനില്ലെന്നു മന്നത്തു പത്മനാഭപിള്ളസാർ അന്നേ പറഞ്ഞതാണ് കരമൊടുക്കിന്റെ അടിസ്ഥാനത്തിൽ വോട്ട നിശ്ചയിച്ചിരുന്നതിനെ മാറി ചാത്തനും ചടയനും ഒക്കെ തലയെണ്ണി വോട്ടവകാശം നൽകണമെന്നു വാദിക്കാനും, ഉത്തരവാദഭരണമെന്നും പറഞ്ഞ വഗീസിനും കേശവനും മന്ത്രിക്കസേര നീക്കിയിട്ടുകൊടുക്കാനും തുനിഞ്ഞതിന്റെ ഉത്തമഫലങ്ങളാണ് ഇന്നു നാം അനുഭവിക്കേണ്ടിവന്നിരിക്കുന്നതു്. നിയമസഭയിൽ ഒപ്പമായി സീറ്റു വേണം, പബ്ലിക്ക് സർവീസിൽ ജനസംഖ്യാനുപാതികമായി പ്രാതിനിദ്ധ്യം വേണം എന്നൊക്കെയുള്ള കൊടും വർഗ്ഗീയവിഷം വമിച്ചുകൊണ്ട് "നായർ നശിയ്ക്കട്ടെ" എന്ന പടവിളിയും മുഴക്കി പോർക്കളത്തിൽ ചാടിവീണ്, പൊന്നുതമ്പുരാനേയും, തുച്ചേവടിയുടെ "ഹൈമാനും" എക്കാലവും കാത്തുസൂക്ഷിച്ച നായർസമുദായത്തെയും പാതാളംവരെ ചവിട്ടിത്താഴ്ത്താൻ ഇറങ്ങി ഭ്രമിക്കുകയിളക്കിച്ചാടിയ മുപ്പിരിസമുദായങ്ങളെ നിലയ്ക്കുനിറുത്താൻ ഉതവിചെയ്ത സി. പി സ്വാമിയെ വെട്ടിയോടിയ്ക്കാനും ഈ പട്ടം താണുപിള്ള കൂട്ടുനിന്നല്ലോ! ടി. എം. വഗീസ് എന്ന മഹാനേതാവു് ഡെപ്യൂട്ടി പ്രസിഡണ്ടു സ്ഥാനത്തുനിന്നും മുക്കുകുത്തി നിലത്തുവീണപ്പോഴും മുപ്പിരിപ്രക്ഷോഭണവും അവസാനിച്ചു. അങ്ങിനെ സ്വാഭാവികമായിത്തന്നെ ചത്തുതുലയാൻ തുടങ്ങിയ ക്രിസ്ത്യൻ പ്രക്ഷോഭണത്തെ ഉയിർത്തെഴുന്നേല്പിക്കുവാൻ കൊണ്ടുവന്ന രാഷ്ട്രീയകൈണിയായിരുന്നു തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസ്സ്.

ക്രിസ്ത്യൻകാൺഗ്രസ്സിന്റെ ഉദയം

മുപ്പിരിപ്രക്ഷോഭണത്തിന്റെ രണ്ടാംജന്മമായിപ്പിറന്ന സ്റ്റേറ്റുകാൺഗ്രസ്സിൽ ചേരാൻ നായർസമുദായത്തിൽനിന്നും കുറെ കോടാലിക്കൈകളുണ്ടായി സ്റ്റേറ്റുകാൺഗ്രസ്സിനു സാക്ഷാൽ മഹാത്മാഗാന്ധിയുടെ തനി കാൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ലെന്നും, അതു് വെറുമൊരു ക്രിസ്ത്യൻകാൺഗ്രസ്സായിരുന്നുവെന്നും ബുദ്ധിയുള്ള നായന്മാർ അന്നേ പറഞ്ഞിരുന്നതാണ്, എന്നിട്ടും ഈ പട്ടം താണുപിള്ളയ്ക്കു മനസ്സിലായില്ല. കണ്ടാലറിയാത്തവൻ കൊണ്ടാലെങ്കിലും അറിയണം. സ്റ്റേറ്റുകാൺഗ്രസ്സിൽ ചേരാതെ നായന്മാരിലും ഈഴവരിലും വളരെ യോഗ്യന്മാർ മാറിനിന്നു. ഒരൊറ്റ ക്രിസ്ത്യാനിയെങ്കിലും അതിൽനിന്നും മാറി നിന്നിട്ടുണ്ടോ? ഇതൊന്നുമാത്രമാലോചിച്ചാൽ മതിയായിരുന്നു, അതൊരു ക്രിസ്ത്യൻകാൺഗ്രസ്സായിരുന്നുവെന്നു മനസ്സിലാകാൻ എൻ. എസ്സ്. എസ്സിന്റെ ശത്രുവായിരുന്ന ചങ്ങനാശ്ശേരി പരമേശ്വരൻപിള്ളയെ അവർ പിടിച്ചെടുത്തു. കഥയൊന്നുമറിയാത്ത പരമേശ്വരൻപിള്ളയാകട്ടെ ജി. രാമചന്ദ്രനും അതിൽ കൂട്ടുചേർന്നു. അങ്ങിനെ പട്ടം താണുപിള്ളയെ പ്രസിഡണ്ടാക്കിവച്ചുകൊണ്ട് ക്രിസ്ത്യൻകാൺഗ്രസ്സിനെ വെള്ളപൂശാൻ അവർ പാടുപെട്ടു പരിശ്രമിച്ചു.

സ്വയമ്പായ കാൺഗ്രസ്സ്

തിരുവിതാംകൂർ സ്റ്റേറ്റുകാൺഗ്രസ്സെന്നു പറയുന്നതു് ക്രിസ്ത്യൻകാൺഗ്രസ്സാണെന്നും, അവരുടെ ഉത്തരവാദഭരണപ്രക്ഷോഭണം ക്രിസ്ത്യൻ ആധിപത്യപ്രക്ഷോഭണമാണെന്നും വാദിക്കാനും ഇന്ത്യയൊട്ടുക്കു പ്രചരണം നടത്താനും യഥാർത്ഥ ദേശീയവാദികളും തനി കാൺഗ്രസ്സുകാരുമായ മന്നത്തു പത്മനാഭപിള്ള, പുതുപ്പള്ളി കൃഷ്ണപിള്ള, കോട്ടൂർ കുഞ്ഞുകൃഷ്ണപിള്ള, കെ. ജി. കുഞ്ഞുകൃഷ്ണപിള്ള, കൈനിക്കര കുമാരപിള്ള, കെ. ജി. പരമേശ്വരൻപിള്ള എന്നീ മഹാന്മാരുടെ നേതൃത്വത്തിലും, ഒരു കാലത്തു് ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിന്റെ ജനറൽസെക്രട്ടറിയായിരുന്ന സർ സി പി. രാമസ്വാമിഅയ്യരുടെ രക്ഷാധികാരത്തിലും ഇവിടെ സ്ഥാപിച്ച സ്വയമ്പായ കാൺഗ്രസ്സാണ് തിരുവിതാംകൂർ നാഷണൽകാൺഗ്രസ്സ്. തിരുവിതാംകൂർ നാഷണൽകാൺഗ്രസ്സിന്റെ ശ്രമഫലമായി ഈക്രിസ്ത്യൻ കാൺഗ്രസ്സ് അന്നുതന്നെ ചത്തു മണ്ണടിയുമായിരുന്നു. പക്ഷേ ആ മണ്ടൻ എട്ടുവീട്ടുകാരൻ നെഹ്റു ഇവരുടെ പക്ഷം ചേർന്നു കളഞ്ഞു. നാട്ടുരാജ്യപ്രജാസമ്മേളനമുണ്ടാക്കി, നീരവും ക്ഷീരവും വിവേചിച്ചറിയാൻ കെല്പില്ലാത്ത നെഹ്റു ഇവിടത്തെ ക്രിസ്ത്യൻകാൺഗ്രസ്സിനെക്കൂടി തലതൊട്ടനുഗ്രഹിച്ചു.

ക്രിസ്ത്യൻ കാൺഗ്രസ്സിന്റെ ഒന്നാമത്തെ ഗൂഢാലോചന

വലിയ കൊട്ടാരത്തെയും സി. പി. രാമസ്വാമി അയ്യരേയും കൂട്ടിച്ചേർത്തു പുലഭ്യം പറഞ്ഞുകൊണ്ടു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചതായിരുന്നു ഈ ക്രിസ്ത്യൻ കാൺഗ്രസ്സിന്റെ ഒന്നാമത്തെ ഗൂഢാലോചന. ആ ഒരൊറ്റ സംഗതിയിൽ നിന്നുതന്നെ ഇവരുടെ ലക്ഷ്യം മനസ്സിലാക്കി പട്ടം താണുപിള്ളയ്ക്ക് അതിൽ നിന്നും തിരിച്ചുപോരാമായിരുന്നു. രാമചന്ദ്രനാണ് അന്ന് ഈ ക്രിസ്ത്യൻ കാൺഗ്രസ്സിനെ രക്ഷിച്ചതു.

പിന്നെയും ചെമ്പു തെളിഞ്ഞു

സി. പി. സ്വാമിയുടെ വിദ്യോഭ്യാസപദ്ധതിയെന്ന പാറയിൽ തട്ടി ക്രിസ്ത്യൻകാൺഗ്രസ്സ് നൂറുകൊല്ലത്തേച്ച തകരാൻ തുടങ്ങി. ക്രിസ്ത്യൻകാൺഗ്രസ്സിനെ രക്ഷിക്കണമെന്ന് ടി. എം. വഗീസും, എ. ജെ. ജോണും, ഈ. ജോൺഫിലിപ്പോസും, ആനിമസ്ക്രീനും, അക്കാമ്മചെറിയാനും കാൺഗ്രസ്സ്പന്തലിൽ രാത്രിമുഴുവനും മുട്ടിന്മേൽനിന്നു പ്രാർത്ഥിച്ചു. അതിന്റെഫലമായി പിറ്റേന്നുകൂടിയ കാൺഫറൻസിൽ സി. കേശവനും കമ്പളത്തു ശങ്കപ്പിള്ളയും കൂടി ഒരു ഒത്തുതീർപ്പുനിർദ്ദേശം കൊണ്ടുവന്നു. ക്രിസ്ത്യാനികളുടെ കോടാലിക്കൈകളായ ഈ ശുംഭന്മാരുടെ ഒത്തുതീർപ്പുവ്യവസ്ഥകൾ സഹികെടുക്കേണ്ട യാതൊരു കാര്യവും ഇല്ലായിരുന്നു. പക്ഷേ പ്രധാനമന്ത്രിസ്ഥാനം സ്വപ്നം കണ്ടുകൊണ്ടിരുന്ന പട്ടത്തിനു അന്നു സൽബുദ്ധി തെളിഞ്ഞില്ല. അദ്ദേഹം അന്നു ഈ കൂട്ടുകെട്ടു വിട്ടിറങ്ങിയിരുന്നെങ്കിൽ എൻ. എസ്സ്. എസ്സിന്റെ പ്രസിഡണ്ടുപദമോ ഹൈക്കോടതി ജഡ്ജിയുദ്യോഗമോ രണ്ടിലൊന്നു തീർച്ചയായും നൽകാമെന്നു പറഞ്ഞിരുന്നതാണ്. ഹിന്ദുക്കളുടെ കഷ്ടകാലമെന്നേ പറയേണ്ടൂ. വരാനുള്ളതു വഴിയിൽ തങ്ങുകയില്ലല്ലോ.

ഹിന്ദു ഫെഡറേഷൻ പദ്ധതി

ഹിന്ദുരാജ്യമായ ഇത്തിരുവിതാംകൂറിനെ ക്രിസ്ത്യൻ ആക്രമണത്തിൽനിന്നും രക്ഷിക്കുവാൻ യഥാർത്ഥ ഹിന്ദുവായ സർ. സി. പി. രാമസ്വാമിഅയ്യർ ഒരു പദ്ധതി ആസൂത്രണം ചെയ്തു. എസ്. എൻ. ഡി പി, എൻ. എസ്. എസ്., എന്നീ ഹിന്ദുസംഘടനകളെ കേരളഹിന്ദുമിഷന്റെ കീഴ്ഘടകങ്ങളാക്കി ഉറച്ച ഒരു ഹിന്ദുഫെഡറേഷൻ ഉണ്ടാക്കാൻവേണ്ടി സകല

സന്നാഹങ്ങളും ഉറപ്പിച്ചു. ക്രിസ്ത്യൻ കാൺഗ്രസ്സിനെ സഹായിച്ചു കടത്തിവിടാനായി മാന്നാർ ഗോപാലൻനായരുടെ നേതൃത്വത്തിൽ ഹിന്ദുമിഷൻ ആഫീസിന്റെ മുമ്പിൽ ആർ. എസ്സ്. എസ്സ്. കൂമ്പു് കൊടികത്തി തിരുപ്പുറം കുണ്ഡുത്തു കൂമ്പുപൊയ്ക ഗോപംവാൽക്കർ പട തിരുവിതാംകൂറിലേയ്ക്കു തിരിക്കാനായി കെ ജി. നാരായണപ്പണിക്കർ മുഖേന ദൂതും അയച്ചു. സ്വാമി ഇതുയൊക്കെ ചെയ്തിട്ടും ഇവിടത്തെ ഹിന്ദുക്കൾ സഹായിച്ചില്ല. നായരുടെകൂടെ നില്ക്കേണ്ട ഈഴവൻ ക്രിസ്ത്യാനികളുടെകൂടെ പോയതു് വിധിവൈപരീത്യം എന്നല്ലാതെ എന്തു പറയാനാണു്!

ക്രിസ്ത്യൻകാൺഗ്രസ്സിനെ പിടിച്ചുടക്കാനുള്ള ശ്രമം

ഇന്ത്യൻ നാഷണൽകാൺഗ്രസ്സിന്റെ സ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം നൽകുവാനുള്ള പദ്ധതികൾ ഡെൽഹിയിലും ലണ്ടനിലും ഏകകാലത്തു ആസൂത്രണം ചെയ്തുതുടങ്ങി. ഇനിയും എതിർത്തുനിന്നാൽ ശ്രീപദ്മനാഭന്റെ രാജ്യം സെൻഫെഡറേഷൻ മാർത്തോമായ്ക്കുകൂടി പിടിച്ചുടക്കും എന്നുള്ളതു മിക്കവാറും തീർച്ചയായി. അതിനാൽ ക്രിസ്ത്യൻകാൺഗ്രസ്സിനെ അകത്തുകൂടി ആക്രമിച്ചു പിടിച്ചുടക്കാമെന്നതന്നെ ഇവിടത്തെ ദേശീയക്കാർ ഉറച്ചു. അങ്ങിനെ കരുനാഗപ്പള്ളിയിൽവച്ചു സി. പി. രാമസ്വാമിഅയ്യരുടെ രാവണ ഭരണത്തെ ഘോരഘോരമായി എതിർത്തുകൊണ്ടു മന്നത്തു പദ്മനാഭപിള്ള ക്രിസ്ത്യൻകാൺഗ്രസ്സിന്റെ നേതാവായി "നരകാസുരൻ" നിണമണിഞ്ഞ നാട്ടവിട്ടു. ഉത്തരവാഭരണവും പ്രഖ്യാപിതമായി.

നായർകാൺഗ്രസ്സ് കീജേ!

തിരുവിതാംകൂറിൽ ഉത്തരവാഭരണം സംസ്ഥാപിതമായതു് എൻ എസ്സ്. എസ്സിന്റെയും എസ്സ്. എൻ. ഡി പി. യുടെയും സാമർത്ഥ്യം കൊണ്ടായിരുന്നു എന്ന പരമാർത്ഥം മറച്ചുവയ്ക്കാൻ ഒരു സംഘടിതശ്രമവും അതോടെ ആരംഭിച്ചു. സി പി രാമസ്വാമിഅയ്യരുടെ പെരുപ്പു നക്കികവി എന്ന കമ്പളം പ്രതികവി എൻ എസ്സ്. എസ്സ്—എസ്സ്. എൻ ഡി പി. നേതാക്കന്മാരെ പരസ്യമായി അധിക്ഷേപിച്ചു തുടങ്ങി. പക്ഷെ കാൺഗ്രസ്സിലെ ഈ ശ്രേഷ്ഠന്മാരെ അമർച്ചവരുത്തുവാൻ തന്നെ പ്രധാനമന്ത്രിയായി അവരുടെതന്നെ പട്ടം താണുപിള്ളയെ നിശ്ചയിച്ചുറച്ചു. ശങ്കരൻ, മന്നത്തു പദ്മനാഭപിള്ളയും, ശങ്കുണ്ണിപ്പിള്ളയും പ്രധാനമന്ത്രിയുടെ സകല പിണ്ണാണയും വഹിച്ചുനടന്നു ചെയ്തു. അങ്ങിനെ ക്രിസ്ത്യൻകാൺഗ്രസ്സിനെ ശുദ്ധി ചെയ്യാൻ തന്നെ ദൃഢപ്രതിജ്ഞനായിത്തീർന്ന പട്ടത്തിപ്പിള്ള കൊമ്പുകുത്തിയ്ക്കുവാൻ ഒരു ഗൂഢാലോചന യുണ്ടായി പട്ടംഭരണം നായർഭരണം എന്നു ക്രിസ്ത്യാനികളും അവരുടെ കോടാലിക്കൈകളും അർദ്ധരാത്രിയുടെ മറവിൽ മുദ്രാവാക്യമുഴക്കി. "നായർ കാൺഗ്രസ്സ് കീജേ!" എന്നു തനിക്കാൺഗ്രസ്സുകാരും അതിനു് എതിർവിളിനടത്തി ക്രിസ്ത്യൻ കാൺഗ്രസ്സുവീരന്മാരായ ടി. എം. വറുഗീസും സി. കേശവനും മന്ത്രിസ്ഥാനം രാജിവച്ചു. പക്ഷെ അവിടെയും പട്ടം താണുപിള്ള വിഡ്ഢിത്തംതന്നെ എടുത്തു വിളമ്പി. എസ്സ് എൻ. ഡി. പി. ജനറൽ സിക്രട്ടറിയായ ശങ്കരപ്പുറംതള്ളിയിട്ടു് മൂടില്ലാത്താളിയായ അച്യുതനെ മന്ത്രിയാക്കി. ശങ്കർ ക്രിസ്ത്യൻകാൺഗ്രസ്സിന്റെ ഒപ്പിയാൻ കേന്ദ്രത്തിലേയ്ക്കു തിരിച്ചുനടന്നു രാജ്ഞിരാമനം ഒപ്പുശേഖരണമായി; അവിശ്വാസപ്രമേയമായി. ദേശീയ നേതാക്കന്മാർ വെളിയിലുമായി

കാക്കയും വന്നു പനമ്പഴവും വീണു

ക്രിസ്ത്യൻകാൺഗ്രസ്സിനെ ശുദ്ധീകരിച്ചു് രാജ്യത്തേയും ഹിന്ദുക്കളേയും രക്ഷിക്കാനുള്ള പരിശ്രമം തല്ക്കാലം പരാജയപ്പെട്ടതോടെ ശക്തിയായ ഒരു തിരിച്ചടി എല്പിക്കേണ്ട ഘട്ടം സമാഗതമായി. ബുദ്ധിയില്ലാത്ത പട്ടംതാണുപിള്ളയെ കൂട്ടുപിടിച്ചാൽ അതു സാധ്യമല്ലെന്നുള്ള സംശയിയും സംപഷ്ടമായി. പുതിയ പ്രധാനമന്ത്രിയായ ടി. കെ നാരായണപിള്ളതന്നെയാണു് അതിനു പറ്റിയ ആൾ. ക്രിസ്ത്യൻ കാൺഗ്രസ്സിനെ തോല്പിക്കണമെങ്കിൽ, എസ്സ്. എൻ. ഡി പി. യും, എൻ. എസ്സ്. എസ്സും തോളോടുതോൾ ചേർന്നു നില്ക്കണമെന്നായിരുന്ന സി. പി സ്വാമി ഉപദേശിച്ചതു്. കാക്കയും വന്നു പനമ്പഴവും വീണെന്നു പറഞ്ഞതുപോലെ ദേവസംബോർഡു രൂപീകരണവും, അതിൽ മന്നം ശങ്കർമാരുടെ അവരോധവും ഉണ്ടായി. ക്രിസ്ത്യൻകാൺഗ്രസ്സിന്റെ നാറാണക്കല്ല പിഴുതു അതിനെ അറബിക്കടലിൽ എറിഞ്ഞ ഹൈന്ദവരാജ്യം പുനഃസ്ഥാപിക്കുവാനുള്ള അവസരവും അങ്ങിനെ സംജാതമായി.

ക്രിസ്ത്യൻ കാൺഗ്രസ്സ് മർദാബാദ്!


എസ്സ്. എൻ. ഡി പിയും എൻ. എസ്സ്. എസ്സും ഒന്നായിത്തീർന്നതോടെ ക്രിസ്ത്യൻകാൺഗ്രസ്സിന്റെ പൊടുതെളിഞ്ഞു. അവർക്കു രാജ്യത്തു ഇരിയ്ക്കപ്പൊറുതിയില്ലാതായി കാൺഗ്രസ്സ് എന്നുകണ്ടാൽ അതിന്റെ മുമ്പിൽ "ക്രിസ്ത്യൻ" എന്ന അക്ഷരങ്ങൾ ചേർത്തുകൊള്ളണമെന്ന ശംകണ്ണിപ്പിള്ള ദേശബന്ധു ആഫീസിൽ ശട്ടംകെട്ടി. ക്രിസ്ത്യൻ കാൺഗ്രസ്സ്, ക്രിസ്ത്യൻ കാൺഗ്രസ്സ് എന്ന വിളയേ രാജ്യത്തു കേൾക്കാനുള്ളു. മന്ത്രിമാരുടെ തൊലി ചുളുങ്ങിത്തുടങ്ങി. ഈ നാണക്കേടിൽനിന്നും എങ്ങിനെയും രക്ഷപ്പെടണമെന്നതിനെ അവർ തീരുമാനിച്ചു. അങ്ങിനെ തിരിക്കുമ്പോഴാണു് ഇന്ത്യനായ കാൺഗ്രസ്സിന്റെ നാസിക് സമ്മേളനം വന്നതു്. രാജർഷി താണ്ഡൻ കാൺഗ്രസ്സ് പ്രസിഡണ്ടായി ട്രിവാങ്കത്തേയ്ക്കു തെരഞ്ഞെടുത്തു എന്ന വാർത്ത പത്രമാഫീസിൽ ലഭിച്ചു. കാൺഗ്രസ്സെന്നു കണ്ടാൽ അതിനുമുമ്പിൽ "ക്രിസ്ത്യൻ" എന്നുകൂടി ചേർത്തുകൊള്ളണമെന്നുള്ള ദേശബന്ധു ചീഫ് എഡിറ്ററുടെ നിർദ്ദേശം അക്ഷരംപ്രതി പാലിക്കാൻ അവിടത്തെ ഫോർമാൻ ബദ്ധപരികരനായിരുന്ന "രാജർഷി താണ്ഡൻ കാൺഗ്രസ്സപ്രസിഡണ്ടായി" എന്ന വാർത്ത പിറ്റേന്നു കാലത്തു ദേശബന്ധുവിലെ മത്തങ്ങായിൽ കണ്ടതു് ഇങ്ങിനെയായിരുന്നു:—

"രാജർഷി തണ്ഡൻ ക്രിസ്ത്യൻ കാൺഗ്രസ്സ് പ്രസിഡണ്ടു"

"ക്രിസ്ത്യൻ കാൺഗ്രസ്സ മർദാബാദ്" എന്നു ജനങ്ങൾ ആർത്തുവിളിച്ചു

160 ക. സമ്മാനം 160 ക.!!!

നാഷണൽ പദപ്രശ്നം No. 2



വലത്തോട്ടു്:—(2) നിലാവു്. (4) ഇതു കറിവയ്ക്കും. (5) ഒരു പക്ഷി. (6) കേരളത്തിൽ ധാരാളമുണ്ടു്. കീഴ്പോട്ടു്:—(1) ഒരു സ്ത്രീനാമം. (2) അകാലചരമം പ്രാപിച്ച ഒരു യുവകവി. (3) ഇതു കലഹത്തിനു കാരണമായിട്ടുണ്ടു്. സൂചിപ്പിച്ചിരിക്കുന്ന ഉത്തരത്തിനനുസരിച്ചു് പൂരിപ്പിക്കുന്നവർക്കു 80 ക. യും, ഒരു പിഴവരുത്തുന്നവർക്കു് 50 ക. യും, രണ്ടു പിഴവരുത്തുന്നവർക്കു് 20 ക. യും സമ്മാനം. ഫീസ് ആദ്യത്തെ ഒരുത്തരത്തിനു് 8 ണ യും, അതേ ആളുടെ തുടർന്നുള്ള ഓരോ ഉത്തരത്തിനു 4 ണ. വീതവും പി. O. ആയോ, പോസ്റ്റൽ ആർഡർ ആയോ ഉത്തരത്തോടൊപ്പം 1950 ഒക്ടോബർ 7-നു-മുമ്പായി സ്വീകരിക്കും. സീൽവച്ച ഉത്തരവും വിജയികളുടെ പേരും ഒക്ടോബർ 16-നു-യിലെ "കൌമുദി"യിൽ പ്രസിദ്ധപ്പെടുത്തും. പ്രത്യേക സമ്മാനംകൂടാതെ ഒരാൾക്കു മൂന്നിലധികം സമ്മാനം ലഭിക്കുകയില്ല. സമ്മാനാർഹർ കൂടുതലായാൽ സംഖ്യ വീതിക്കപ്പെടും. 27-9-'50 നുമുമ്പു കിട്ടുന്ന ആദ്യത്തെ ശരിയുത്തരത്തിനു് 5 ക യും, ഏറ്റവും കൂടുതൽ ഉത്തരമയയ്ക്കുന്ന ആൾക്കു് 5 ക യും പ്രത്യേകസമ്മാനം. ഉത്തരം നേരിട്ടറിയേണ്ടവർ സ്റ്റാമ്പയക്കണം. ഈ പ്രശ്നസംബന്ധമായ എല്ലാത്തക്കങ്ങളുടെയും അവസാനതീരുമാനം മാനേജരിൽ സ്ഥിതിചെയ്യുന്നു.

Manager, **The National C. W. Puzzle, (K)**

MANJUMMEL A. O. & P. O. (Via) UDYOGMANDAL

സിനിമാലോകം


[വി. പി. സതി]

ഇടയിടെ സുപ്രസിദ്ധ സിനിമാതാരമായ മധുബാല പൂർവബാംഗാഠം അയോർത്തി ദുരിതനിവാരണഫണ്ടിലേക്ക് 50,000 രൂപാ സംഭാവന ചെയ്തതായി പത്രങ്ങളിലുണ്ടായിരുന്നുവല്ലോ. തന്റെ "മുഴുവൻ സമ്പാദ്യവും" ദുരിത നിവാരണത്തിനായി സംഭാവന ചെയ്ത ആ മഹതിയുടെ പേര് ദിനപ്പത്രങ്ങളും പ്രാധാന്യംകൊടുത്തു പ്രസിദ്ധപ്പെടുത്തിയതിൽ അതിശയിക്കുവാനില്ല. മധുബാലയെപ്പറ്റിയാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുവാനുദ്ദേശിക്കുന്നത്.

ഏതാണ്ട് ഒരു വർഷത്തിനുമുമ്പ് മധുബാല ഒരു സിനിമാതാരമെന്ന നിലയിൽ അത്ര പ്രസിദ്ധയായിരുന്നില്ല. അവളെ "മുഗുമില്ലാത്ത" ഒരു താരമായിപ്പോലും ഡയറക്ടർമാർ കരുതിയിരുന്ന കാലമുണ്ട്. അവർ അഭിനയിച്ചിട്ടുള്ള ഏറ്റവും എല്ലാ ചിത്രങ്ങളും പരാജയപ്പെടുകയാണുണ്ടായിട്ടുള്ളത്. വളരെ പെരുപ്പകാലം മുങ്കിലും, "മഹൽ" എന്ന ചിത്രത്തിലാണ് അവർക്ക് ആദ്യമായി വിജയമുണ്ടായതെന്നു കരുതാം. പക്ഷേ അവളുടെ വിജയത്തിനു പ്രധാന കാരണക്കാരൻ കിഷോർ ശർമ്മയാണ്. മൂന്നാർ ഷങ്കർക്കുമുമ്പ് "നീലകമൽ" എന്ന ചിത്രത്തിൽ രാജ്കപൂറൊത്തു അഭിനയിക്കുവാൻ മധുബാലയ്ക്ക് സാദ്ധ്യമാക്കിത്തീർത്തതു ശർമ്മയാണ്. ആ ചിത്രത്തോടുകൂടി "ബേബിമുംതാസ്" "മധുബാല"യായിത്തീർന്നു. അതിനു ശേഷം നിരവധി ചിത്രങ്ങളിൽ അവർ അഭിനയിച്ചിട്ടുണ്ട്.

"നീലകമൽ" അവളെ പ്രശസ്തിയുടെ സോപാനത്തിലേക്കാനയിച്ചു. ബാംബെ ടാക്കീസിന്റെ "മഹലോ"ടുകൂടി അവർ താരമായിത്തീർന്നു. "മഹലി"ൽ അവർ കുറ്റാംതരമായി അഭിനയിച്ചുവെന്നുമാത്രമല്ല, അവളുടെ സൌന്ദര്യവും ആകർഷണീയതയും അത്യുച്ചകോടിയിലെത്തി. ആ ചിത്രം സാമ്പത്തികമായും ഒരു വലിയ വിജയമായിരുന്നു.

അങ്ങനെ നിർഭാഗ്യയായ മധുബാല ഒരു രാത്രികൊണ്ടെന്നോണം ഭാഗ്യമുള്ള ഒരു താരമായിത്തീർന്നു. ഇന്നു നർഗീസ്, സുരയ്യാ എന്നിവരോടൊപ്പം ഏറ്റവും പ്രശസ്തയായ സിനിമാനടിപദത്തിനു മധുബാലയും ഏറ്റവുമറെ അർഹയായിത്തീർന്നിട്ടുണ്ട്. പ്രശസ്തിയോടൊപ്പം അവളുടെ ഗർവ്വും വർദ്ധിച്ചിട്ടുണ്ട്. നിർമ്മാതാക്കളോട് വളരെ കർശനമായ വ്യവസ്ഥകൾ ആവശ്യപ്പെടുന്നതിനും അവർ ഇപ്പോൾ മടിക്കുന്നില്ല.



സുലോചനാ ചാറ്റർജി


അഭിനയ സൈഗാൾ

സുപ്രസിദ്ധനായ സൈഗാളിന്റെ മരണത്തിനുശേഷം, അദ്ദേഹത്തിന്റേതുപോലെയുള്ള കണ്ണാനന്ദകരമായ "ശബ്ദം" സിനിമാലോകം തിരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. പിൻപാട്ടുകാരായ മുഖേഷ്, റാഫി, ഥുറാനി മുതലായവർ ഒന്നാംതരം ഗായകന്മാരാണെങ്കിലും അവരിലാർക്കും സൈഗാളിന്റെ സ്വരമാധുരി സ്വായത്തമല്ല. അതുകൊണ്ട്, ഒരു പുതിയ സൈഗാളിനുവേണ്ടിയുള്ള അന്വേഷണം നടന്നുകൊണ്ടേയിരുന്നു. ഇപ്പോൾ ആ അഭിനവസൈഗാളിനെ കണ്ടെത്തിക്കഴിഞ്ഞു.

സി. എച്ച്. ആത്മാ എന്നൊരാൾ പാടിയ "പ്രീതൻ ആൻ മിലോ" എന്ന ഗ്രാമഫോൺ റിക്കാർഡ് ആണ് നിർമ്മാതാക്കളുടെ ശ്രദ്ധയെ ആകർഷിച്ചതു്. ആത്മന്റെ ശബ്ദം സൈഗാളിനെ അനുസ്മരിപ്പിക്കുന്നതായിരുന്നു. പക്ഷേ ബാംബെയിൽ വന്ന് സംഗീതഡയറക്ടറന്മാരെ കണ്ട ആത്മൻ നിരാശനായി പോകേണ്ടിവന്നിട്ടുണ്ടെന്നുള്ളതാണ് പരമാർത്ഥം.

ദൽസുഖ് എം. പഞ്ചോളിയാണ് ആത്മനെ അരങ്ങിലേക്കിറക്കിയതു്. കഴിഞ്ഞ അഞ്ചു വർഷമായി കൽക്കട്ടായിലെ ഒരു വ്യോമയാനക്കമ്പനിയിൽ ജോലിചെയ്തുകൊണ്ടിരുന്ന ആത്മനെ പഞ്ചോളി രണ്ടു വർഷത്തെ കണ്ട്രാക്ടിൽ ബാംബെയിലയ്ക്കു കൊണ്ടുവന്നു. അന്നൊരു ദിവസം ഇസ്റ്റേൺ സ്റ്റുഡിയോയിൽ വച്ച് ഞാൻ പഞ്ചോളിയെ കണ്ടപ്പോൾ അദ്ദേഹം ആത്മനെപ്പറ്റി വളരെ പ്രശംസിക്കുകയുണ്ടായി. പ്രൊഡക്ഷൻ മുറിയിൽ എന്നെ കൂട്ടിക്കൊണ്ടുപോയി, ആത്മന്റെ രണ്ടു റിക്കാർഡുകളും പാടുകയുണ്ടായി. ആ പാട്ടു കേട്ടപ്പോൾ പെട്ടെന്ന് എനിക്കു തോന്നിയതു് വ്യത്യസ്തനായ ആ സൈഗാളിന്റെ പാട്ടു കേൾക്കുകയാണെന്നാണ്. ശബ്ദത്തിനു അത്ര സാമ്യമുണ്ട്. ആത്മൻ സ്വാഭാവികമായാണ് പാടുന്നതു്. പോരെങ്കിൽ സൈഗാളിന്റെ സ്വരമാധുരിയുമുണ്ട്. ശബ്ദം അല്പം ഉച്ചത്തിലായിപ്പോകുന്നു എന്നൊരു പിശകുണ്ട്. പക്ഷേ അതു പരിചയംകൊണ്ടു ശരിപ്പെടുത്താവുന്നതേയുള്ളൂ.

ആത്മൻ സൈഗാളിന്റെ ആരാധകനാണെന്നു് പഞ്ചോളി പറഞ്ഞു. സൈഗാൾ ജീവിച്ചിരിക്കുമ്പോൾ, അയാൾ അദ്ദേഹത്തെ സന്ദർശിച്ച് സംഗീതത്തെപ്പറ്റി സംസാരിക്കാറുണ്ടായിരുന്നു. സൈഗാളിനോടു് സാമ്യപ്പെടുത്തുമ്പോൾ തന്റെ സംഗീതം വളരെ മോശ



റഹ്മാൻ

കഴിഞ്ഞയാഴ്ച

[ശ്രീനി]

നാസിക്കിൽവച്ചു നടന്നുകൊണ്ടിരിക്കുന്ന ഇൻഡ്യൻ നാഷണൽകോൺഗ്രസ്സിന്റെ വാർഷികം, ലേക്ക്സക്സസ്സിൽ നടന്നുകൊണ്ടിരിക്കുന്ന ഐകൃരാഷ്ട്രസമിതിയുടെ ജനറൽ അസംബ്ളി, എന്നീ രണ്ടു സംവേങ്ങളാണ് നമ്മെ സംബന്ധിച്ചിടത്തോളം, ആഭ്യന്തരവും, വൈദേശികവുമായി സുപ്രധാനങ്ങളായ രണ്ടു സംഭവങ്ങൾ.

ശ്രീ. താണ്ഡന്റെ രാഷ്ട്രപതി പദത്തിലേക്കുള്ള ആരോഹണവും, പ്രധാനമന്ത്രി നെഹ്റുവിന്റെ നിരുപണപരമായ പ്രസ്താവനയും, ഇൻഡ്യയിലെ വിരസവും വിമോചനം കാണാത്തതുമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ചില മിന്നൽപ്പിണരുകളുടെ പ്രതീതിയുണ്ടാക്കി. പക്ഷെ അവ വെറും മിഥ്യയായിരുന്നുവെന്നും, വർഗ്ഗീയതയുടെയും, വഞ്ചനയുടേയും ദ്രോഹത്തിന്റെയും കരിമേഘങ്ങൾ നിറഞ്ഞ് അന്ധകാരാവൃതമായ രാഷ്ട്രീയാന്തരീക്ഷത്തിൽ ആശയുടേയും പ്രതീക്ഷയുടേയും ഒരു മങ്ങിയ കൈത്തിരിയെങ്കിലും കൊളുത്തിപ്പിടിക്കുവാൻ നെഹ്റുവിനു സാദ്ധ്യമല്ലെന്നുള്ള ദയനീയവും നിരാശാജനകവും ഭീകരവുമായ പരമാർത്ഥമാണ് സുതരാം വെളിപ്പെടുന്നത്.

നെഹ്റുവിനെ വിഴുങ്ങിക്കഴിഞ്ഞു

ആഭ്യന്തരവും വൈദേശികവുമായ കാര്യങ്ങളെപ്പറ്റി നെഹ്റു നടത്തിയുണ്ടാക്കിയതും പ്രത്യക്ഷത്തിൽ പുരോഗമനാശയങ്ങളും ഉടനെക്കൊള്ളുന്നതുമായ പ്രമേയങ്ങളും കോൺഗ്രസ്സ് പ്രവർത്തകസമിതി അംഗീകരിച്ചുകഴിഞ്ഞു. അവ നിർബാധം അഖിലേന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയിലും പാസ്സാക്കപ്പെടുമെന്നുള്ളതിൽ സംശയമില്ല. അങ്ങനെ നെഹ്റു ജയിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായഗതി അംഗീകരിച്ചു. താണ്ഡനും കൂട്ടരും തോറ്റു. വാസ്തവമാണോ? യഥാർത്ഥത്തിൽ താണ്ഡന്റെയും അദ്ദേഹം പ്രതിനിധീകരിക്കുന്ന സവർണ്ണഹിന്ദുയാഥാസ്ഥിതികതത്ത്വത്തിന്റെയും പരാജയമാണോ നെഹ്റുവിന്റെ വിജയത്തിന്റെ അർത്ഥം? അല്ല. നെഹ്റു ജയിച്ചില്ല. അദ്ദേഹത്തിനു് എന്തെങ്കിലും ആദർശമുണ്ടെങ്കിൽ അതു ജയിച്ചില്ല. നെഹ്റുവിന്റെ വിജയം വെറും ഉപരിപ്ലവമാണ്. ആദർശത്തിന്റെ ഉന്തഗോപുരത്തിൽ ഇരുന്നുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയങ്ങളുംകൊണ്ടു നെഹ്റു പ്രസാദിക്കും. പ്രവൃത്തി എങ്ങനെയിരുന്നാലും നെഹ്റുവിനു് അക്കാര്യത്തിൽ വലിയ നിഷ്കർഷയൊന്നുമില്ല. ചുരുക്കത്തിൽ പട്ടേലും അദ്ദേഹത്തിന്റെ പിണിയാളുകളുംകൂടി പ്രമേയങ്ങളായ കളിക്കോപ്പുകൾ കൊടുത്തു ക്ഷിപ്രപ്രസാദിയായ നെഹ്റുവിനെ പ്രീണിപ്പിച്ചു. പട്ടേൽ പ്രഭൃതികളുടെ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള ഉപകരണമായി നെഹ്റു അധഃപതിച്ചു. ഇതാണ് നെഹ്റുവിനെ വിഴുങ്ങിക്കഴിഞ്ഞു എന്നു പറഞ്ഞതിന്റെ അർത്ഥം.

മാണെന്നാണ് ആത്മന്റെ അഭിപ്രായം. സൈഗാളിന്റെ ഏറ്റവും നല്ല ഗാനങ്ങൾ ബംഗാളിഭാഷയിലുള്ളവയാണെന്ന് ആത്മൻ അഭിപ്രായപ്പെട്ടു. ആത്മൻ ഒരു സിന്ധിയാണ്. കാശ്മീരിൽ തരക്കേടില്ലെങ്കിലും വളരെ ശോഷിച്ചിരിക്കുന്ന. ആത്മനെ ഭക്തിരസപ്രധാനമായ ഒരു ചിത്രത്തിൽ അഭിനയിപ്പിക്കണമെന്നുള്ളതാണ് പഞ്ചോളിയുടെ ഉദ്ദേശ്യം അല്ലാതെ വെറും പശ്ചാത്തലസംഗീതത്തിനായി മാത്രം പ്രയോജനപ്പെടുത്തുവാനല്ല ആത്മനു് അഭിനയചാതുരി സ്വായത്തമാണെന്നുണ്ടെങ്കിൽ, വിസ്തൃതനായ ഗായകനടൻ സൈഗാളിന്റെ മരണംമൂലമുണ്ടായിരിക്കുന്ന വിടവു നികത്തുവാൻ സാധിക്കും.

"ചോട്ടി ഭാബി"

"ഫിലിംകാർ" എന്ന ഒരു പുതിയ സ്റ്റുഡിയോകൂടി ചലച്ചിത്രനിർമ്മാണം ആരംഭിച്ചിരിക്കുന്നു. വളരെ മൂലധനവും, പ്രശസ്തരായ കലാകാരന്മാരുടെ സേവനവും ഈ പുതിയ കമ്പനി സമ്പാദിച്ചിട്ടുണ്ട്. സെൻട്രൽ സ്റ്റുഡിയോയിലായിരിക്കും അവരുടെ ചിത്രങ്ങൾ നിർമ്മിക്കുന്നതു്. നിരഞ്ജൻപോൾ, രമേശ്സൈഗാൾ, കമൽ അംറോഹി മുതലായ സുപ്രസിദ്ധ നിർമ്മാതാക്കളുടെ സേവനവും ഈ പുതിയ കമ്പനിക്കു ലഭിച്ചിട്ടുണ്ട്.

"ചോട്ടിഭാബി"യാണ് ഈ കമ്പനിയുടെ ആദ്യത്തെ ചിത്രം. ഇതിൽ ഇൻഡ്യയിലെ പേരുകേട്ട നടീനടന്മാരെല്ലാം അഭിനയിക്കുന്നുണ്ട്. വളരെ ധനവും ചിത്രനിർമ്മിതിയ്ക്കുവേണ്ടി ചിലവാക്കിയിട്ടുണ്ട്.

പ്രൊഡ്യൂസർ കമാൽ ജലാലബാദി, ഡയറക്ടർ ഷാന്തികുമാർ, മ്യൂസിക്ക് ഡയറക്ടർ ഹുസൻലാൽ, ഭഗത്റാം, വിസ്തൃതനടീനടന്മാരായ നർഗീസ്, ശ്യാം, കരൺദിവാൻ, യാക്കുബ്, കൽദീപ്, ഗ്യാനി, ഗുലാബ്, ശ്യാമ, സുരയ്യ, പ്രൊധരി എന്നിവരെല്ലാം ആ ചിത്രത്തിന്റെ പിന്നിലുണ്ട്. എന്നു മാത്രമല്ല ഒന്നാംതരം ഒരു കഥയും.

പക്ഷേ ഇതെല്ലാമുണ്ടായിട്ടും ചിത്രം വലിയ ഒരു വിജയമാണെന്നു പറയുവാൻ വയ്യ. വിദ്യാഭ്യാസവും, സംസ്കാരവും, പരസ്പരധാരണയുമുള്ള കുടുംബങ്ങളിൽ മാത്രമേ വ്യക്തികളുടെ ജീവിതം ആനന്ദകരമായിരിക്കുകയുള്ളുവെന്നതാണ് കഥയുടെ സാരം. വിദ്യാസമ്പന്നയായ ഒരു യുവതിയെ വിദ്യാസമ്പന്നനായ ഒരു യുവാവ് വിവാഹം ചെയ്തു. പക്ഷേ യുവാവിന്റെ മാതാപിതാക്കൾ നിരക്ഷരരായിരുന്നുവെന്നു മാത്രമല്ല, അയാളുടെ ജ്യേഷ്ഠന്റെ ഭാര്യ കുടുംബത്തെ മുഴുവൻ അടക്കിഭരിക്കുന്ന ഒരു തനിനാടൻ തറവാടിയുമായിരുന്നു. ആ കുടുംബത്തിൽ സംസ്കാരമുള്ള ആ യുവതിയുടെ ജീവിതമാണ് കഥാസാരം. മൂത്ത സഹോദരനും ഭാര്യയും തമ്മിലുള്ള സ്വരച്ചേർച്ചയില്ലായ്മയും കലഹവും, ഇളയസഹോദരന്റെ ഭാര്യയുടെ വഴിപിഴച്ച പ്രേമകഥകളും ആണ് സവിസ്തരം ചിത്രീകരിക്കപ്പെട്ടുന്നതു്. മൂത്ത സഹോദരൻ, ഭാര്യയുടെ ഉപദ്രവം സഹിക്കവയ്യാഞ്ഞ് ഒരു വേശ്യയുടെ ഉത്സംഗത്തിൽ അഭയം തേടുന്നു. പക്ഷേ "ചോട്ടി ഭാബി" ജ്യേഷ്ഠത്തിയെ പരിഷ്കരിച്ചു് സ്വഭർത്താവിനെ വേശ്യയിൽനിന്നു വീണ്ടെടുക്കുവാൻ സഹായിക്കുന്നു. ഇളയസഹോദരന്റെ ഭാര്യ സീനിമാഭ്രാന്തു പിടിച്ച് സഭ്യേതരമായ ഒരു വകതിരിവുകെട്ടവന്റെ പിന്നാലെ പോകുമ്പോൾ അവളെയും നേർവഴിയിലേയ്ക്കു കൂട്ടിക്കൊണ്ടുവരുന്നതു് "ചോട്ടി ഭാബി" യാണ്. പക്ഷേ ആ "ചോട്ടി ഭാബി"യാകട്ടെ സ്വന്തം ഭർത്താവിന്റെ വീട്ടിൽനിന്നു കലഹിച്ചു പിരിയുകയും, ഭർത്താവിന്റെ പിതാവു് പശ്ചാത്താപം പ്രകടിപ്പിക്കുന്നതുവരെ തിരിച്ചു പോകാതിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ കഥയിൽ പല കഴമ്പുള്ളതുമുണ്ട്.

പക്ഷേ ഈ ചിത്രം ആകപ്പാടെ അതു ഫലമില്ല. ഇളയസഹോദരനും, വിദ്യാസമ്പന്നയായ ഭാര്യയ്ക്കും വലിയ പങ്കൊന്നും കഥയിലില്ല. ഒരു കുടുംബത്തിന്റെ ചരിത്രമാണ് വരച്ചുകാണിക്കുവാൻ ശ്രമിക്കുന്നതു്. പക്ഷേ ഒരു കുടുംബത്തിന്റെ നാട്ടെല്ലായ പിതൃപുത്രബന്ധത്തിനു വലിയ സ്ഥാനമൊന്നും നൽകാത്തതുകൊണ്ടു കഥയ്ക്കു ജീവനില്ലാതായിത്തീർന്നിരിക്കുന്നു.

നർഗീസിനും, കരൺദിവാനും, തന്മൂലം വെറും അപ്രധാനഭാഗങ്ങളാണ് അഭിനയിക്കേണ്ടിവന്നിരിക്കുന്നതു്. പക്ഷേ ആ ഭാഗങ്ങൾ വളരെ തന്മയത്വത്തോടുകൂടിത്തന്നെ അഭിനയിക്കുന്നുവെന്നു പറയാതെ തരമില്ല തനിനാടൻ തറവാടിയും അപരിഷ്കൃതയുമായ "ബഡി ഭാബി"യായി നടിക്കുന്ന കരടീപ്പു് ആ കഥാപാത്രത്തെ അനശ്വരമാക്കിയിട്ടുണ്ട്. ശ്യാമിന്റെ അഭിനയം തരക്കേടില്ല.

S. B C. A. ആശുപത്രി
Near Rly. Station കിളികൊല്ലൂർ

ഇവിടെ വാതം, കുഷ്ഠം, ക്ഷയം, മഹോദരം, ഉണ്ണുപ്പൂണ്ണ് എന്നീ മഹാരോഗങ്ങളെ ഏറെ കൃത്യ കാലാവധിക്കുള്ളിൽ സുഖപ്പെടുത്തുന്നതാണ്.

N. B., S. C. പാനകം ആത്തവകാലങ്ങളിൽ ഉപയോഗിച്ചൽ ഗർഭം ഉണ്ടാകുന്നില്ല.

12 ൽ കുപ്പി 1-ന് 5 R.

കൂടുതൽ വിവരങ്ങൾക്ക് കെ. ദയാനന്ദൻ വൈദ്യൻ, കിളികൊല്ലൂർ റെയിൽവേസ്റ്റേഷനു സമീപം. മങ്ങാട് A. O. കിളികൊല്ലൂർ P. O കൊല്ലം ഈ വിലാസത്തിലെഴുതുക.

ടികൾക്കു പേരുപിടിക്കുവാനും, സോഷ്യലിസത്തിന്റെ പേരിൽ അവയ്ക്കു വിശദീകരണം നൽകുവാനും നെഹ്റു ഇനി ഒട്ടും മടിക്കുകയില്ല. നെഹ്റുവിനെ മുന്നിൽ പിടിച്ചുസാധാരണക്കാരനെ പടംകാണിച്ചുകൊണ്ട് തങ്ങൾക്ക് ഭരിക്കാമെന്നാണ് മസ്തിഷ്കമുള്ള ഈ ആർഷഭാരതക്കാർ തീരുമാനിച്ചിരിക്കുന്നത്. നെഹ്റുവിനെക്കൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആദർശങ്ങളുടെ കഴുത്തു ഞെരിപ്പിച്ച്, ജനങ്ങളുടെയിടയിൽ അദ്ദേഹത്തിന് ഇന്നുള്ള സമ്മതി നശിപ്പിച്ച്, അദ്ദേഹം അവക്കും രാജ്യത്തിനും, അദ്ദേഹത്തിനു പോലും പ്രയോജനമില്ലാത്ത വേറെ കരിമ്പിൻ പണ്ടിയാകുന്നതുവരെ ഈ ആത്മാർത്ഥതയില്ലാത്ത അഭിപ്രായ ഐക്യ പ്രഹസനം തുടർന്നുപോകും. തങ്ങളുടെ നില സുരക്ഷിതമെന്നുകാണുമ്പോൾ ശ്രീ. താണ്ഡനും അദ്ദേഹം പ്രതിനിധീകരിക്കുന്ന ആശയക്കാരും മുമ്പോട്ടുവന്ന് ഹിന്ദുവിന്റെ 'രാമരാജ്യം' സ്ഥാപിക്കുകയും ചെയ്യും.

യഥാർത്ഥപ്രശ്നങ്ങൾ മറയ്ക്കപ്പെടുന്നു

ചുരുക്കത്തിൽ ഈ രഞ്ജകാന്തരീക്ഷസൃഷ്ടി യഥാർത്ഥപ്രശ്നങ്ങളെ മറച്ചുവയ്ക്കുന്നതിനു മാത്രമേ ഉപകരിക്കുന്നുള്ളൂ. നെഹ്റുവും താണ്ഡനുമായി തെറ്റിയിരുന്നുവെങ്കിൽ ജനങ്ങളിൽ നല്ല ഒരു വിഭാഗം ഉറക്കമുണർന്നു ചിന്തിച്ചുതുടങ്ങുമായിരുന്നു. കായ്കുങ്ങളുടെ യാഥാർത്ഥ്യം മനസ്സിലാക്കി തങ്ങളുടെ ഭാഗധേയനിർണ്ണയം അവർ തന്നെ ഏറ്റെടുക്കുമായിരുന്ന ഗാന്ധിയുടേയും, നെഹ്റുവിന്റേയും, കാൽനൂറ്റാണ്ടുകാലം പേരും പെരുമയുമില്ലാത്ത നിരവധി സാധാരണക്കാർ ചിന്തിയ രക്തത്തിന്റേയും ത്യാഗത്തിന്റെ പാർവേഷം മൂഷണം ചെയ്ത കാത്തുമാന്ന ഇന്നത്തെ കാൺഗ്രസ്സിന്റെ അടിത്തറ തകർന്നുപോകുമായിരുന്നു. തെറ്റിദ്ധാരണകളും, തെറ്റായ പ്രതീക്ഷകളും മാറി, രാഷ്ട്രത്തിലെ രാഷ്ട്രീയശീതോഷ്ണാവസ്ഥ ശരിക്ക ജനങ്ങളുടെ ചിന്താഗതിയിൽ പ്രതിഫലിക്കപ്പെടുമായിരുന്നു. സാമ്പത്തികാടിസ്ഥാനത്തിലുള്ള പേരിതിരിവു സാദ്ധ്യമായിത്തീരുമായിരുന്നു. മതത്തിന്റെയും ജാതിയുടേയും പിന്നിൽ അണിനിരന്ന സാധാരണക്കാരൻ നൂറ്റാണ്ടുകളും പിന്നോട്ടും അവന്റെ നാശത്തിലേക്കുമുള്ള പ്രയാണം നിലയ്ക്കുമായിരുന്നു.

നിർഭാഗ്യവശാൽ അതൊന്നുമുണ്ടാകുവാൻ പോകുന്നില്ല. രാഷ്ട്രീയമായ ചിന്തയും ചികഞ്ഞുനോക്കലും നെഹ്റുവിന്റെ വ്യക്തിപ്രഭാവത്തിലുള്ള അന്ധമായ വിശ്വാസത്തിനു കരുതികൊടുത്തുകൊണ്ട്, എല്ലുമുറിയെ പണിയെടുപ്പും പട്ടിണികിടപ്പും മതമാകുന്ന കറുപ്പിന്റെ [illegible] തിയില്ലാത്ത ലഹരിയും ആയി സാധാരണക്കാരൻ—എന്തിനു ചിന്തിക്കുന്നവനെന്നു കരുതപ്പെടുന്ന ഇടത്തരക്കാരൻപോലും—മയങ്ങിക്കിടക്കുകയാണ്; മൃഗത്തെപ്പോലെ പത്തു തലയുകയാണ്.

ഐക്യരാഷ്ട്ര അസംബ്ളി

ഭാരതത്തിന്റെ മണിവിളക്കായ സോഷ്യലിസ്റ്റ് നെഹ്റു 35 കോടിയുടെ ഭാഗധേയം ഭംഗിയായി കുറിച്ചുവച്ചിട്ട്, 45 കോടിയുടെ മോക്ഷമാർഗ്ഗം ആരാഞ്ഞ് അമേരിക്കയിലേക്കു പോയിരിക്കുന്നു ചീനകമ്മ്യൂണിസ്റ്റ്റഗവണ്മെന്റിനെ പ്രതിനിധീകരിക്കാത്ത യു. എൻ ഓക്കു് ആ പേരിനുള്ള അർഹതപോലും നഷ്ടപ്പെട്ടിരിക്കുന്നുവെന്നും മറ്റും ആദർശത്തിന്റെ കൊടുമുടിയിൽനിന്നുകൊണ്ടു ഇൻഡ്യയുടെ വക്താക്കൾ പ്രസ്താവിക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റ്റഷൈനയെ പ്രവേശിപ്പിക്കണമെന്നുള്ള പ്രമേയവുമായി പ്രസംഗവിഷയനായ ഇൻഡ്യൻപ്രതിനിധി സർ ബി. എൻ. റാവു ജനറൽ അസംബ്ളിയിൽ പ്രസംഗിക്കുകയുംചെയ്തു. ആ പ്രമേയം അതു് എഴുതിയ കടലാസിന്റെ വിലപോലും ലഭിക്കാതെ പിച്ചിച്ചീന്തപ്പെടുകയും ചെയ്തു. ഇനി ഇൻഡ്യ എന്താണ് ചെയ്യുവാൻ പോകുന്നതു്,?

കോമിന്താങ്ങ് പ്രതിനിധിയെ ചൈനയുടെ യഥാർത്ഥ പ്രതിനിധിയായി അംഗീകരിച്ച് ആ ഉളുത്ത മരപ്പാവയ്ക്ക് അസംബ്ളിയിൽ അംഗീകാരവും നൽകിയിരിക്കുന്നു. അമേരിക്കയുടെ നയത്തിൽ ഇനിയും മാറ്റമുണ്ടായിട്ടില്ലെന്നുള്ളതാണ് ഇതിന്റെ സാരം. അമേരിക്ക ഇന്നു സമ്മതം മൂളിയാൽ, ഡാളർ സാമ്രാജ്യത്തിന്റെ വീളയിറക്കിക്കഴിയുന്ന സാമന്തപ്രഭുക്കളെല്ലാം 'എറാൻ' വയ്ക്കും. ബ്രിട്ടനും, ഇൻഡ്യയും സോവിയറ്റ്റയൂണിയനും, ഇൻഡോനേഷ്യയും തുടങ്ങി ജനസംഖ്യയിൽ ലോകത്തിന്റെ പകുതിയിലധികം ജനസമുദായത്തെ പ്രതിനിധീകരിക്കുന്ന രാഷ്ട്രങ്ങളും ചൈനയെ അംഗീകരിച്ചുകഴിഞ്ഞിട്ടും, ന്യായവും നീതിയും, അംഗീകൃതങ്ങളായ സാർവ്വലൌകികനിയമങ്ങളും ചൈനയെ യഥാർത്ഥപ്രതിനിധിയായി വിധിക്കുന്നുണ്ടെങ്കിലും, ലോകത്തെ അടക്കി ഭരിക്കുവാൻ കൈതികൊള്ളുന്ന പണക്കൊഴുപ്പിന്റെ മർക്കടമുഷ്ടിയുടെ മുമ്പിൽ സത്യവും ധർമ്മവും നമ്രശിരസ്ക്കമാകുന്നു.

ആരുടെ യു. എൻ!

കൊറിയായിൽ പാഞ്ഞെത്തുകയും, കാഷ്മീരിൽ തലനാരിഴകീറുന്ന നിയമവാദങ്ങളും ജല്പിക്കുകയും ചെയ്ത, ഈ ഐക്യരാഷ്ട്രസഭ ആരുടേതാണു്? ആ അന്തസ്സില്ലാത്ത സംഘടനയുടെ നടപടികളും പരിശോധിച്ചാൽ, അതു് ആരുടേയോ കുടുംബസ്വത്താണെന്നു തെളിഞ്ഞുകാണുവാൻ സാധിക്കും. അമേരിക്കയുടെ ലോകമേധാവിത്വത്തിനു ശങ്കിടിപറ്റുന്ന വെറും ഒരു അവസരസേവകസംഘമായി ഈ സംഘടനയെ എണ്ണുന്നതിൽ തെറ്റില്ല. ഈ സംഘടനയിൽ ഇനിയും ആത്മാഭിമാനമുള്ള രാഷ്ട്രങ്ങൾ അംഗമായിരിക്കുന്നതാണ് ഭയനീയമായിട്ടുള്ളതു്. പക്ഷേ അമേരിക്കയ്ക്കു തോന്നിയപോലെ കൈകായ്ക്കും ചെയ്യാവുന്ന വെറും ഒരു അടുക്കളസംഘടനയായി ഇതിനെ കഴിഞ്ഞകൊടുക്കുന്നതിലും ആപത്തുണ്ട്. ഏതായാലും ഇൻഡ്യ ഈ സംഘടനയിൽനിന്നു പിന്മാറുകയാണ് വേണ്ടതു്, അധികാരരാജ്യതന്ത്രത്തിന്റെ നാടകം പൊളിക്കുന്നതിൽ കിടയറ്റ ശുഷ്കാന്തി കാട്ടുവാനുള്ള സമയവും ധനവും നമുക്കുണ്ടാകുന്നതാണ്. സോവിയറ്റ്റയൂണിയനെ ഒറ്റപ്പെടുത്തുകയും, ചൈനയെ അംഗീകരിക്കാതിരിക്കുകയും ചെയ്ത്—ലോകത്തിന്റെ പകുതിഭാഗത്തെ അവഗണിച്ചുകൊണ്ടുള്ള—ഈ ലോകസംഘടനയിൽ നിന്നു് ഇൻഡ്യയെപ്പോലുള്ള രാഷ്ട്രങ്ങൾ പിന്മാറുകയാണെങ്കിൽ ആ സംഘടന തകരും. സമാധാനസ്ഥാപനത്തിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആ സംഘടന സമാധാനം സ്ഥാപിച്ചില്ലെങ്കിലും യുദ്ധക്കൊതിയന്മാരുടെ ചട്ടുകമാകാതിരിക്കുകയെങ്കിലും ചെയ്യും.

——

—കഴമുദി അടുത്തലക്കം—



പത്മാദേവി

വിനിഷ്ണുനാരായണൻ

13-ാം അദ്ധ്യായം

കഥ:—ഗംഗാധരൻ കൂട്ടുകാരുമൊന്നിച്ച സിലോണിൽ വിനോദയാത്രയ്ക്കു പെല്ലുകയും, അയാൾ പത്മാദേവിയുമായി അനുരാഗബന്ധത്തിലേർപ്പെടുകയുമുണ്ടായി. സഹിതത്തിനു് വിപരീതമായിക്കണ്ട ഈ നടപടിയിൽ ധർമ്മസ്ഥാപനൻ കുപിതനായി കടിലപൃത്തികൾക്കൊരുങ്ങുന്നു. ഇതിനിടയിൽ പത്മാദേവിയുടെ തോഴിയായ രാധയെ വീട്ടുകാർ കൂട്ടണമെന്നു അവളുടെ വലിയമ്മയായ ശ്രീജ ആവശ്യപ്പെടുന്നു. രാധ അതിനു വിസമ്മതിക്കുകയാൽ, ശ്രീജ കോപിഷ്ഠയായി പത്മാദേവയെ ശപിച്ചുകൊണ്ടു മടങ്ങി. അപ്പോൾ കൂടെയുണ്ടായിരുന്ന ഗംഗാധരനും കൂട്ടുകാർക്കുണ്ടായ അമ്പരപ്പിനെ കലശേഖരൻ പൂർവ്വകാലകഥകളും മാറും പറഞ്ഞു പരിഹരിച്ചു. ഇതിനിടയിൽ ഏതാണ്ടു് അനുരാഗമൂർച്ഛിതനായിച്ചമഞ്ഞ ഗംഗാധരൻ കൂട്ടുകാരുമൊത്തു്, അടുത്ത ദിവസം വീണ്ടും സന്ധിക്കാമെന്നു പറഞ്ഞു പിരിയുന്നു. അനന്തരം പത്മാദേവി പരവശയായിത്തീരുകയും, പിതാവിന്റെ സാന്ത്വനങ്ങളാൽ അവൾ വീണ്ടും ഉല്ലാസവതിയായിത്തീരുകയും ചെയ്യുന്നു. ഈ രംഗം ജാലകത്തൽക്കൂടി ഉറക്കുനോക്കിക്കൊണ്ടു ഭ്രാന്തൻ ശേഖരൻ കണ്ണീരിൽ കുളിച്ചു് ദൂരെ പുൽത്തകിടിയിൽ കിടന്നു പശ്ചാത്തപിക്കുന്നുണ്ടായിരുന്നു.

—ഇനി തുടർന്നു വായിക്കുക.

അടുത്തദിവസം പ്രഭാതം അതിമനോഹരമായിരുന്നു. സൂര്യരശ്മികൾ അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ലാത്ത ഒരു നൂതന തേജസ്സു് ആവിഷ്ക്കരിച്ചിരുന്നു. ഗംഗാധര സുകുമാരാദികൾ അന്നത്തെ വനയാത്രയ്ക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു് കലശേഖരനേയും, പത്മാദേവിയുടേയും ആഗമം പ്രതീക്ഷിച്ചു് വീട്ടിന്റെ പൂമുഖത്തു് ഇരുന്നിരുന്നു. അസ്വസ്ഥമായ ഒരു ഹൃദയം ഗംഗാധരനെ അലട്ടിക്കൊണ്ടിരുന്നതിനെ ശാന്തമാക്കുവാൻ സുകുമാരൻ യത്നിക്കുകയായിരുന്നു.

സുകുമാരൻ പറഞ്ഞു:—"ഞാൻ എന്തു പിഴച്ചു? എന്റെ നേർക്കു് ഗംഗാധരൻ കയർത്തതുകൊണ്ടെന്തു ഫലം? ഞാൻ അതിനു് ആ ധർമ്മസ്കന്ധനു് ക്ലേശിന്നില്ല. പക്ഷെ അയാൾ വിവാഹക്കൊതി പത്മാദേവിയോടു് ഉണർത്തിച്ച എന്നുള്ളതു് നിസ്സന്ദേഹമാണു്. അതുപോലെ തന്നെ നിസ്സന്ദേഹമാണു് അവൾ ആ കൊതി നിരാകരിച്ചെന്നുള്ളതും. എനിക്കു് തോന്നി, ആ മഹാത്മയുടെ മുഖകരത്തിനു് ഗംഗാധരനുമായി മത്സരിക്കാൻ ഒരാളുണ്ടെന്നു: ഗംഗാധരനു് മുന്നറിയിപ്പു് നൽകുന്നതിൽ ശരികേടില്ലെന്നു്. ഇന്നലെ ഗംഗാധരൻ ധരിച്ചതുപോലെ ഞാൻ അല്ല ഗംഗാധരനെതിരാളി. ആ ബഹുമതി ധർമ്മസ്കന്ധനു് ഞാൻ പൂർണ്ണമായും ഒഴിഞ്ഞു കൊടുക്കുന്നു."

ഈർഷ്യ നിറഞ്ഞ ഒരു ചെറുചിരിയോടെ ഗാംഗാധരൻ പറഞ്ഞു—

"അയാൾ എനിയ്ക്കെതിരാളിയോ? ഞാൻ അയാളെ സീരിയസ്സായിട്ടില്ല."

സുകു—"സീരിയസ്സാക്കണമെന്നു് ഞാനും പറയുന്നില്ല. പക്ഷെ അയാളുടെ പ്രകൃതത്തിനു് നിഷേധരൂപത്തിലുള്ള ഒരുമറുപടിയുണ്ടായതുകൊണ്ടുമാത്രം അയാൾ പിന്മാറുമെന്നു തോന്നുന്നില്ല. ആ പാവപ്പെട്ട പെൺകുട്ടിയെ കബളിപ്പിച്ച കഴിയിൽ ചാടിക്കാൻ പഠിച്ചപണി പതിനെട്ടും അയാൾ നോക്കാതിരിക്കുകയില്ല. ഈ കാട്ടുപക്ഷിയെ പിടിക്കുടാൻ എന്തെല്ലാം കുരുക്കുകൾ എവിടെയെല്ലാം അയാൾ ഇതിനകം വച്ച കഴിഞ്ഞിട്ടില്ലെന്നും ആരറിഞ്ഞു? പക്ഷെ എല്ലാറ്റിനും ഒരു പോംവഴിയുണ്ടു്."

"അതെന്താണു്?" എന്നു ഗംഗാധരൻ ഉൽക്കണ്ഠയോടെ ചോദിച്ചു. സുകുമാരൻ അയാളുടെ മുഖത്തു നേരെ നോക്കിക്കൊണ്ടു് അല്പം ഒരു ശ്രമാവഹമായവിധത്തിൽ പറഞ്ഞു:—"ഗംഗാധരൻ തന്നെയാണു് അതിനു പോംവഴി. ഗംഗാധരൻ പത്മാദേവിയെ സ്നേഹിക്കുന്നുണ്ടു്. ആ വിവരം അവളോടു തുറന്നുപറയൂ."

ഗംഗാധരൻ സുകുമാരന്റെ തോളിൽ പിടിച്ചുകൊണ്ടു് സ്വരം താഴ്ത്തി ഇങ്ങനെ പറഞ്ഞു:—"സുകൂ" എനിക്കു തോന്നിയിരുന്നു, ഞാൻ ഏതാണ്ടൊരു ധീരനായിരുന്നെന്നു്. പക്ഷെ, ധീരതയ്ക്കും എനിയ്ക്കും തമ്മിൽ ഒരു ബന്ധവുമില്ലെന്നാണു്

തോന്നുന്നത്. എനിക്കു പത്മാദേവിയോട് ആ വിവരം തുറന്നു പറയൻ ധൈര്യം വരുന്നില്ല പത്മ മറ്റു സ്ത്രീകളെപ്പോലെയല്ല. ഞാൻ ഒരു മഠയനാണെന്നു സുകു കരുതിയേക്കാം. അല്ല, കരുതുന്നുണ്ടു്. എന്നാൽ ഞാൻ സത്യം ചെയ്യുന്നു, ആ എന്റെ പ്രണയവൃത്താന്തം അവളെ ധരിപ്പിക്കുവാൻ ഞാൻ ഭയപ്പെടുന്നുണ്ടെന്നു്. എന്തുകൊണ്ടെന്നോ? എന്റെ പ്രിയപ്പെട്ട സുകു, ഒരു പക്ഷേ അവൾ എന്നെ നിരസിക്കുകയാണെങ്കിൽ പിന്നെ എന്റെ ജീവിതം ശൂന്യവും, വിലയില്ലാത്തതും ആയിരിക്കുമെന്നു് എനിക്കു് നിശ്ചയമുണ്ടു്. ഞാൻ ഇതു് 'നാടകീയമായി' പറയുന്നതല്ല. നിരാശയിലും, ദുഃഖത്തിലും എന്റെ ജീവിതഭാരം വലിച്ചെറിഞ്ഞുകൊണ്ടു് ഒരു നിമിഷം പോലും എനിക്കു് മുന്നോട്ടുപോകുവാൻ സാധ്യമല്ലതന്നെ."

ഗംഗാധരന്റെ വികാരവിവശമായ ഈ വാക്കുകൾ സുകുമാരൻ നിശബ്ദനായി കേട്ടുകൊണ്ടുനിന്നു. അയാൾക്കു് ഗംഗാധരനോടു വലുതായ അനുകമ്പ തോന്നി. സ്വന്തം വികാരങ്ങളെ പൂർണ്ണമായും നിയന്ത്രിച്ചു് നിറുത്തുവാനുള്ള ഉൽക്കടേയതാവും ആ സമയം സുകുമാരൻ നടത്തേണ്ടിയിരുന്നു. ഒടുവിൽ സുകുമാരൻ ചോദിച്ചു:--"എന്തിനാണു് ഗംഗാധരൻ ഈ മനോഹരചിത്രത്തിന്റെ ഇരുണ്ടവശം മാത്രം നോക്കി വിലപിക്കുന്നതു്? പത്മാദേവി ഗംഗാധരനെയും സ്നേഹിക്കുന്നുണ്ടെങ്കിലൊ?"

ഗംഗാ.-"സ്വർലോകത്തു നിന്നു് ഒരു ദേവകന്യക ഇറങ്ങിവന്നെങ്കിലൊ! അതുപോലെയാണു് എനിയ്ക്കു് തോന്നുന്നതു്. പ്രിയപ്പെട്ട സുകുമാരൻ, ഇങ്ങനെ ഒരു സൌഭാഗ്യം എനിക്കുവേണ്ടി സംവരണം ചെയ്തിരിക്കുന്നതെന്നു ഞാൻ അറിഞ്ഞോ? എനിയ്ക്കെന്തു് യോഗ്യതയാണുള്ളതു്? സാധാരണ സ്ത്രീകളെപ്പോലെ ഒരു പണക്കാരനുമായുള്ള വിവാഹം ജന്മോദ്ദേശമായി കരുതുന്നവളായിരുന്നു പത്മ എങ്കിൽ, വിഷമമൊന്നും ഉണ്ടാകാനില്ലായിരുന്നു. പക്ഷേ പത്മ ആ ഗണത്തിൽപ്പെട്ടതല്ല. ഒരു ശിശുവിന്റെയൊ, ഒരു കവിയുടേയൊ പോലെ സുകുമാരമാണു് അവളുടെ ചിന്തകം. എന്റെ വികാരസ്വാതന്ത്ര്യകൊണ്ടു് അവളുടെ ചേതനയെ ഞാൻ എന്തിനു് കലുഷമാക്കണം. അഷ്ടരാഗങ്ങളും ഒന്നൊഴിയാതെ സ്വാർത്ഥപ്രേരിതങ്ങളാണു്- അവ എത്രമാത്രം സാധുകരിക്കപ്പെടാവുന്നവ ആയാലും, രാഗം എത്രവിശുദ്ധമായാലും, എത്ര അഗാധമായാലും അതിന്റെ ഉല്പത്തി സ്വാർത്ഥത്തിൽ നിന്നാണു്. എന്നോടു് അവൾക്കു് ഇപ്പോൾ ഉണ്ടായിരിക്കാവുന്ന സൌഹാർദ്ദത്തിനു്, ഒരു പക്ഷേ അവൾക്കു് അസുഖകരമായി തോന്നിയേക്കാവുന്ന എന്റെ പ്രണയനിവേദനംകൊണ്ടു് ഞാൻ എന്തിനു് ഭംഗം വരുത്തുന്നു?"

സുകുമാരന്റെ മുഖത്തു വിനോദരസം തുളുമ്പുന്ന ഒരു മന്ദഹാസം പൊടിച്ചു:--"ഓ, വേദാന്തം! രാഗദ്വേഷങ്ങളെപ്പറ്റി ഇത്ര വളരെ വിജ്ഞനായിരുന്ന ഗംഗാധരനെന്നു ഞാൻ ധരിച്ചിരുന്നില്ല. സൌഭാഗ്യദേവതയെ ആരും ആക്രമിക്കേണ്ടിയും 'സംവരണം' ചെയ്യാറില്ല. വരണമാല്യവും കൊണ്ടു് ആ ദേവതയെ മനഃപൂർവ്വം സമീപിച്ചുനോക്കു. അവളുടെ മടിയിൽ പിടിക്കുട്ടി ഓടിപ്പോകുന്ന അവളെ പിടിച്ചുനിറുത്തു. മധുരമന്ദഹാസത്തോടുകൂടി അവൾ ആ വരണമാല്യം സ്വീകരിച്ചുകൊള്ളും. അതൊക്കെയല്ലേ ഇന്നാൾ നാം വളരെനേരം നോക്കി രസിക്കുകയും, വ്യാഖ്യാനിക്കുകയും ചെയ്ത ഭാഗ്യദേവതയെന്ന വിഖ്യാതമായ ആ ഗ്രീക്കു ചിത്രം നമ്മെ പഠിപ്പിക്കുന്നതു്? സൂക്ഷിച്ചുകൊള്ളു. ആ ധമ്മസ്സൻഡൻ പത്മാദേവിയുടെ പിറകിൽ ഓടി നടന്നു് അവളുടെ കനകുന്തളത്തിൽ പിടിക്കുടാൻ ശ്രമിക്കുകയാണു്. ഗംഗാധരൻ ഇത്ര കഥയില്ലാത്ത എന്റെ ഒരു സ്നേഹിതനാണെന്നു്, ഒരു കുരുടനാണെന്നു്, കണ്ണുണ്ടെങ്കിലും കാണാത്തവനാണെന്നു ഞാൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. വരൂ, എന്റെ ഉപദേശം കേൾക്കൂ. ഒരുനിമിഷം പോലും കളയാതെ കേൾക്കൂ. ദക്ഷിണദിക്കിലെ ഈ രാജകുമാരിയെ സൌഭാഗ്യവതിയാക്കൂ." സുകുമാരൻ ഒരു നെടുവീർപ്പോടുകൂടി തുടർന്നു:--"അതിലേക്കു വടക്കുനിന്നുവന്ന രാജകുമാരനും മന്ത്രികുമാരനുമാണു് ഗംഗാധരനും ഞാനും. മന്ത്രികുമാരന്റെ വാക്കു് ശ്രദ്ധിച്ചു കേൾക്കൂ. അതൊന്നുമാത്രമാണു് രക്ഷാമാർഗ്ഗം. രാജകുമാരി രാജകുമാരനാൽ നിഗ്രഹം വശീകൃത ആയിരിക്കുന്നു..... ഗംഗാധരന്റെ നിരീക്ഷണസാമർത്ഥ്യം ഇത്ര മോശമാണെന്നു് ഞാൻ വിചാരിച്ചില്ല ആ ഭ്രാന്തൻ ശേഖരനുള്ള സാമർത്ഥ്യംപോലും എന്റെ സ്നേഹിതനില്ല. കാരണം ഏതു് വഴിക്കു് വീശുന്നെന്നു് അവൻ സൂക്ഷ്മമായി ഗ്രഹിച്ചിരിക്കുന്നു. അതാണു് അവൻ അസംതൃപ്തനും, അസ്വസ്ഥനും, അവിവേകിയും ഒക്കെ ആകാൻ ഇപ്പോൾ ഇടവരുത്തിയിരിക്കുന്നതു്. "ദക്ഷിണസമുദ്രത്തിലെ മരതകക്കല്ലു്" എന്നല്ലെ അവൻ പത്മയെ പറയുന്നതു്—അവനു് നഷ്ടമാകാൻ പോകുന്ന എന്നും, ഗംഗാധരനാണു് മോഷ്ടിക്കാൻ വന്നിരിക്കുന്നതെന്നും അവനു് ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതാണു് അവൻ ഈ വി

കുമരകം കഥകൾ

സഹകരണാടിസ്ഥാനത്തിലുള്ള ഡിസ്പ്ലോകം

1. കുമരകം 2. കോട്ടയം 3. കുട്ടമംഗലം 4. ചങ്ങനാശ്ശേരി 5. കൊല്ലം. 6. പരവൂർ 7. ആറന്മുള 8. ചിറയിൻകീഴ് 9. പാക്ക (തിരുവനന്തപുരം.)

കുമരിലീല



ഈ ആഴ്ച ഒരു ചെറുകഥയും ഒരു ചെറിയ കവിതയും, പ്രസിദ്ധീകരിക്കുന്നുണ്ട്. ചെറുകഥ ഒരുകൊച്ചു സഹോദരിയുടേയും, കവിത ഒരു കൊച്ചുമിടുക്കന്റേതുമാണ്. ചില അക്ഷരത്തെറ്റുകളും മാത്രമേ ചേച്ചി തിരുത്തിയിട്ടുള്ളൂ. അവരുടെ തെറ്റുകളെ ചൂണ്ടിക്കാണിച്ച് അവരെ പ്രോത്സാഹിപ്പിക്കേണ്ടതു് നിങ്ങളും മാതൃമാണ്. ചേച്ചിയും ഉറപ്പുശ്രമിക്കാം. അതുകൊണ്ടു് അവയെപ്പറ്റിയുള്ള അഭിപ്രായങ്ങളും നിങ്ങളും അറിയിച്ചാൽ ചേച്ചി ഈ പംക്തിയിൽകൂടി അവരെ അറിയിക്കാം. മറക്കരുതേ.

ഈ ആഴ്ച വളരെ കുറച്ചുപേർക്കേ മറുപടി എഴുതുന്നുള്ളൂ. അതുകൊണ്ടു ചിലരെല്ലാം ഈ ആഴ്ചയും നിരാശപ്പെട്ടേക്കാം. എല്ലാ ആഴ്ചയും ആദ്യം എഴുതുന്ന ഈ കുറച്ചുവരികളും നിങ്ങൾക്കെല്ലാവർക്കും വേണ്ടിയല്ലേ? നിങ്ങളെ എല്ലാവരേയും ഒരുമിച്ചു കാണുന്നതു് ഈ കുറച്ചു വരികളും എഴുതുമ്പോഴാണ്. പിന്നെന്തിനാണ് ഈ ചേച്ചിയോടു് പിണങ്ങുന്നതു്? എന്തിനാണ് മറുപടി വേഗം കിട്ടാത്തതിനു ചേച്ചിയോടു കോപിക്കുന്നതു്? എല്ലാ ആഴ്ചയും എല്ലാവർക്കും മറുപടികിട്ടുകയല്ലേ ചേച്ചിയ്ക്കുവേണ്ടതു്? നിങ്ങൾക്കെല്ലാവർക്കുംവേണ്ടി ഈ വരികളും എഴുതുന്നതാണ്. കൂട്ടുകാരെ വളരെവേഗം തന്നെ പരിചയപ്പെടുത്തിത്തരാൻ ചേച്ചി എത്രമാത്രം ഉത്സാഹിക്കുന്നെന്നറിയാമോ? പക്ഷേ കൂട്ടുകാർക്കു് എഴുത്തയയ്ക്കാൻ മാത്രം ചിലപ്പോഴെല്ലാം ഒരു ഉത്സാഹക്കുറവു്. സാരമില്ല. മാറിക്കൊള്ളും. നിങ്ങൾക്കെല്ലാവർക്കും സുഖം തന്നെന്നു വിശ്വസിക്കുന്നു. നമസ്കാരം!

സ്നേഹം,

ഉഷാചേച്ചി

ലീഗിന്റെ വിജയംനേർന്നുകൊണ്ടും, വിജയപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളും നിർദ്ദേശിച്ചുകൊണ്ടുമുള്ള പല മാന്യസുഹൃത്തുക്കളുടെയും എഴുത്തുകളും ലഭിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം ഈ ഏട്ടിയസഹോദരിയുടെ കൂപ്പുകൈ.

സ്നേഹം ഉഷ.

ചേച്ചിയുടെ മറുപടി

എൻ. മഹേശ്വരി, തായിരുവില്ലിക്കോണം. സുഖക്കേടെല്ലാം ഭേദമായെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. അനുജത്തിയെ മറന്നുപോയെന്നാരു പറഞ്ഞു? അനുജത്തി എഴുത്തിൽ കണ്ണുനീർ കണങ്ങൾവീണ സ്ഥലങ്ങൾകൂടി ഒന്നു അടയാളപ്പെടുത്താഞ്ഞതെന്താണ്? കൂട്ടുകാരിയുടെ മേൽവിലാസം ഇതാണോക്കു. ജി. ഗൗരിക്കുട്ടിഅമ്മ, C/o മി. പി. ഗോവിന്ദപിള്ള ലക്ഷ്മിനിവാസ്, ജഗതി, തിരുവനന്തപുരം. ജയകുമാരിയേയും, ബാബുവിനേയും ഉഷാചേച്ചി ചോദിച്ചതായി പറയണം. കവർ വാങ്ങാൻ സന്തോഷത്തോടുകൂടി പണം തന്ന അമ്മയെ പ്രത്യേകം ചോദിച്ചതായി പറയണം. ഓണംവിശേഷാൽ പ്രതിയിലെ പേരില്ലാത്ത ആ 'കസ്തൂരി' 'നല്ലതങ്ക'യിലും 'വെള്ളിനക്ഷത്ര'ത്തിലും അഭിനയിച്ച ബേബി ഗിരിജയാണ്

കെ. എൻ. രാജപ്പൻ, കിടങ്ങറ. അഞ്ചെഴുത്തും ചേച്ചിയ്ക്കായിരുന്നോ എഴുതിയതു്? കൂട്ടുകാരനെ പരിചയപ്പെടുത്തിതന്നില്ലെങ്കിലും ഒരു കൂട്ടുകാരനു് പരിചയപ്പെടുത്തികൊടുത്തിട്ടുണ്ടായിരുന്നു.

ദ്ദേഷമെല്ലാം ഗംഗാധരനോടു് കാട്ടുന്നതു്."

സുകുമാരൻ ഒരു സിഗററ്റു് കത്തിച്ചു് വലിച്ചുതുടങ്ങി. പെട്ടെന്നു് അവൻ ഗംഗാധരന്റെ നേർക്കു് തിരിഞ്ഞു പറഞ്ഞു: — "അല്ല ഇതെന്താണു്? വയസ്സു് കുട്ടംതോറും എന്റെ കണ്ണിനു് കാഴ്ച കുട്ടുകയും എന്റെ സ്നേഹിതനു് കാഴ്ച കുറയുകയും ചെയ്യുന്നുവല്ലൊ. അല്ലാത്തപക്ഷം എത്രയോ മുൻപേ ഇതു് ഗംഗാധരൻ കാണേണ്ടതായിരുന്നു."

ഗംഗാധന്റെ കണ്ണുകളുടെ പ്രകാശം വർദ്ധിച്ചതുപോലെ തോന്നി. അത്യാകാംക്ഷയോടെ അയാൾ ചോദിച്ചു: "പറയൂ എന്താണു് ഞാൻ കാണാതെപോയതു്?"

സുകുമാരൻ പൊട്ടിച്ചിരിച്ചു. "ഗംഗാധരന്റെ ദേവകുമാരി ധൃതിയിൽ അതാവരുന്നു എന്നും, അവളെ സ്വീകരിക്കുവാൻ ഗംഗാധരൻ ധൃതിക്കൂട്ടേണ്ടിയിരിക്കുന്നു എന്നും ഉള്ളതു തന്നെ."

അതു സത്യമായിരുന്നു. അല്പം അകലെ പത്രവായനയിൽ മുഴുകിയിരുന്ന ഗോവിന്ദൻ, പത്മാദേവിയും കുലശേഖരനും ദൂരെനിന്നു വരുന്നതു കണ്ടു് വായന നിർത്തി ഒരു മന്ദഹാസത്തോടെ എഴുന്നേറ്റു കഴിഞ്ഞിരുന്നു. ഗംഗാധരന്റെ മുഖത്തു് ഒരു നവതേജസ്സു് എങ്ങനെയോ വ്യാപിച്ചു. പരമാനന്ദത്തിന്റെയും, പരിഭ്രമത്തിന്റെയും സമ്മിശ്രത്താൽ അയാളുടെ ഹൃദയവേഗം വർദ്ധിച്ചു. സുകുമാരന്റെ സൂചനകൾക്കു് എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ, പത്മാദേവിയുടെ ഹൃദയത്തിന്റെ ഒരു കോണിലെങ്കിലും ഒരു സ്ഥാനം തനിക്കുണ്ടെങ്കിൽ എന്തുകൊണ്ടു് തന്റെ ശിരോലിഖിതം അന്തതന്നെ നിർണ്ണയിക്കാൻ സന്നദ്ധനായിക്കൂടായെന്നു ഗംഗാധരൻ ഒരു ആത്മപരിശോധന ആ നിമിഷത്തിൽ നടത്തുകയായിരുന്നു. അത്യാശ്ചര്യകരമായ ഒരു മനോഹരസ്വപ്നത്തിന്റെ നടുവിൽ താൻ പെട്ടെന്നു നിപതിച്ചതുപോലെ അയാൾക്കു തോന്നി. സന്ദർഭം അനുകൂലിക്കുകയാണെങ്കിൽ അന്നുതന്നെ തന്റെ പ്രണയവൃത്താന്തം പത്മാദേവിയെ ധരിപ്പിക്കുവാൻ അയാൾ തീരുമാനിച്ചു. ആ തീരുമാനത്തോടുകൂടി ഒരു ജേതാവിന്റെയോ, ഒരു ധീരചിത്തന്റെയോ ഭാവം അയാളുടെ മുഖത്തു നിഴലിച്ചു.

——

എഴുത്തു വന്നില്ലേ? ഏതായാലും ഒന്നെഴുതിനോക്കൂ. ജി. ഉദയകുമാർ പുന്നമൂട്ടുബംഗ്ലാവു്, കുന്നുകുഴി, തിരുവനന്തപുരം. ഇനി അച്ഛൻ കാത്തുനിൽക്കുമോ? പണത്തിനു കഴപ്പുള്ള കാലമാണെന്നു് ചേച്ചിക്കും അറിയാമെന്നു അച്ഛനോടു പറയണേ. എല്ലാ ആഴ്ചയും ആഴ്ചപ്പതിപ്പു കാണാറുണ്ടോ?

എൻ. രാധാദേവി, ചവറ. അനുജത്തിയ്ക്കെന്തായിരുന്നു സുഖക്കേടു്? നേരത്തേ ചേച്ചിയെ അറിയിക്കാത്തതെന്താണു്. ഫോട്ടോ അയച്ചതരൂ. പ്രസിദ്ധീകരിക്കാം. സൈനബായോടു തമ്പി സാറിനെ കളിയാക്കിയതു വലിയ കഷ്ടമായിപ്പോയെന്നു നേരിട്ടു തന്നെ പറഞ്ഞേക്കൂ. ഇതാ മേൽവിലാസം പി. എസ്. സൈനബാ ബീവി, പുതുപ്പറമ്പിൽ, ചങ്ങനാശേരി. ഇപ്പോൾ സുഖമാണല്ലോ?

സി. എൻ. സി. ചെല്ലപ്പൻ, ആലപ്പുഴ. "ഹൃദയമില്ലാത്ത സഹോദരി" എന്നു വിളിക്കാൻ എന്തുതെറ്റാണു് ചേച്ചി ചെയ്തിട്ടുള്ളതു്. ഒരു കാര്യം തീർച്ചതന്നെ. ചേച്ചിയുടെ ഹൃദയം ഇതുവരെയും ചേച്ചി കണ്ടിട്ടില്ല. പക്ഷേ, ഒരു ഹൃദയം ചേച്ചിയ്ക്കും ഉണ്ടെന്നു തന്നെ ബലമായി വിശ്വസിക്കുന്നു. അനുജൻ എങ്ങനെ അറിഞ്ഞു മനസ്സിലായി. മറുപടി എഴുതാൻ താമസിച്ചതിൽ ചേച്ചി വളരെ വ്യസനിക്കുന്നു. ക്ഷമിക്കുമോ? കൂട്ടുകാരന്റെ എഴുത്തുവന്നോ? സങ്കടത്തോടുകൂടിയാണു് ഈ മറുപടി എഴുതുന്നതെന്നു അനുജൻ അറിയുന്നോ?

വി. കെ. ഇന്ദിര ആലുവാ അനുജത്തിയുടെ നൃത്തം കാണാൻ വന്നാൽ കൊള്ളാമെന്നുണ്ടു്. എന്നാണു്? ചന്ദ്രിക ചേച്ചിയുടെ ഫോട്ടോ അത്ര ഇഷ്ടപ്പെട്ടോ? ഇതാ കൂട്ടുകാരി. എം. സി. ശാന്തമ്മ, മംഗലത്തുവീടു്, ഏറമാന്തൂർ. ഇപ്പോൾ പിണക്കം തീർന്നോ? കൊച്ചുമിടുക്കി റീത്തയെ ചോദിച്ചതായി പറയണേ.

പി. വേണുഗോപാലൻനായർ, ചങ്ങനാശേരി

ഇതാ മറുപടി. ഇനി ചേച്ചിയോടു പിണങ്ങല്ലേ? ചേച്ചിയാണോ കവറിനു വിലയും തരുന്നതു്? അതു ചേച്ചിയോടു പറയണം "ഉഷചേച്ചിയുടെ മറുപടിവന്നു. കവർ വാങ്ങാൻ ഇനി വകയും തരാതിരിക്കരുതെന്നു ചേച്ചിയോടു പറയണമെന്നു ഉഷചേച്ചി എഴുതിയിരിക്കുന്നു. ഉഷചേച്ചിക്കു എന്നോടു വളരെ ഇഷ്ടമാണു്." ആവശ്യപ്പെട്ട കൂട്ടുകാരന്റെ മേൽവിലാസം ഇതാണു് ഡി. ആർ. സി. നായർ, ശിവമന്ദിരം. ജഗതി. തിരുവനന്തപുരം. അസീസിനെ ചോദിച്ചതായി പറയണം.

സി. കെ. വത്സല, കൊല്ലം. തീപ്പെട്ടിപടം ശേഖരിക്കുന്ന കൂട്ടുകാരിയുടെ മേൽവിലാസം ഇതാണു്. രാജമ്മ അന്തുപ്പേർ. C/o മിസ്സിസ്സ് ജാൺ അന്തുപ്പേർ. T. C. 270 കുറവൻകോണം, കവിടിയാർ, തിരുവനന്തപുരം. എഴുത്തയയ്ക്കണേ. ഫോട്ടോ അയച്ചതരുമോ? ജയദേവനേയും ജയചന്ദ്രനേയും, ചേച്ചി അന്വേഷിച്ചതായി പറയണം.

കെ. എം. ബാബുജി, മാവേലിക്കര. കൂട്ടുകാരന്റെ എഴുത്തു കണ്ടും വന്നില്ല? ഒരു സ്റ്റാമ്പു ശേഖരണക്കാരൻ കൂട്ടുകാരനെത്തരാം. മേൽവിലാസം ഇതാണു്. സി. രാജൻബാബു, C/o മി: പി: നാണു, A. L. M. ആറാറ്റിങ്ങൽ. രാജൻബാബു ചേച്ചിയോടു പിണങ്ങിയിരിക്കുകയാണോ? എന്നു ചോദിക്കണം. കൂടുതൽ സ്റ്റാമ്പു ശേഖരിക്കുന്നവർക്കു തീർച്ചയായും സമ്മാനം തരുന്നതാണു്. ആഴ്ചപ്പതിപ്പിലെ മുഖചിത്രം ചേച്ചിയുടേതല്ലായിരുന്നു.

ആർ. കെ൩സല്യ, ആനത്തലവട്ടം താജന്നീസയുടെ മറുപടി വരാത്തതെന്നു അറിഞ്ഞുകൂടാ. ഈ കൂട്ടുകാരിയ്ക്കെഴുതിനോക്കൂ. ആർ. രാധാമണി, വയലിൽവീടു്, അരുവാളം, നെടുങ്ങണ്ട. ചേച്ചിയുടെ ഫോട്ടോ അയച്ചതരാം. അനുജത്തിയുടേതു് അയച്ചുതരൂ. പ്രസിദ്ധീകരിക്കാം 'പദപ്രശ്നം'കിട്ടി, പക്ഷേ ചേച്ചിക്കു മനസ്സിലായില്ല.

ജി. ശശിധരൻ നായർ, കിളിമാന്തൂർ ഇതാ കൂട്ടുകാരനെ "ഏപ്പാട്" ചെയ്തതരുന്നു. എഴുത്തയയ്ക്കുമോ കെ. ആർ. സുഗേൻ, C/o മി: കെ. കെ. രാഘവപ്പണിക്കർ, പേട്ട, തിരുവനന്തപുരം ഇതാണു് കൂട്ടുകാരന്റെ മേൽവിലാസം. അമ്മിണിയുടെ ചെറുകഥ വായിച്ചുണ്ടോ? ശശിയും എഴുതുമെന്നു ചേച്ചിയോടു പറയണം.

ജി. വസന്തകുമാരി, വിളഭാഗം മണി എന്തുവേഗം കള്ളം കണ്ടുപിടിച്ചുകളഞ്ഞു. വിശേഷാൽപ്രതി മുഴുവൻ വായിച്ചില്ലേ? ഓണത്തിനു അയച്ചുതന്ന പ്രഥമനും ജിലേബിയും അലുവായും കിട്ടി. പ്രഥമനെന്തൊരു രുചിയായിരുന്നെന്നോ? ഇപ്പോഴും നാക്കിൽ വെള്ളമൂറുന്നു. ക്ലാസ്സിൽ ഉപന്യാസം വായിച്ചാൻ ഒന്നും കിട്ടിയില്ലെങ്കിൽ 'കന്യാലിഗ്'നെപ്പറ്റി തന്നെ ആയിക്കൂടേ? ഇംഗ്ലീഷിനെ മാത്രം പോരാ എല്ലാ വിഷയത്തിനും ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങാൻ ശ്രമിക്കണം. അതാ, മണി ഒൻപതടിക്കുന്നു. അമ്മ ചേച്ചിയെ ചോറുണ്ണാൻ വിളിക്കുന്നു. പോകട്ടേ. എന്തെല്ലാം കൂട്ടാൻ ഉണ്ടായിരുന്നു എന്നു അടുത്ത എഴുത്തിൽ അറിയിയ്ക്കാം.

ഈ ആഴ്ചത്തെ അംഗങ്ങൾ

781 ആർ. സരളമ്മ, ഹരിപ്പാടു്. 782 വി. എസ്. മണി, കടയ്ക്കാവൂർ. 783 കെ. എസ്. മണിലാൽ, ഏറണാകുളം. 784 എൻ. ഗോവിന്ദൻതമ്പി, തമ്പാനൂർ. 785 പി. റാവി. സലീം, കായിക്കര. 786 കെ. ജയചന്ദ്രൻ, കായിക്കര. 787 കെ കേശവപിള്ള, കീഴ്കുളം. 788 വി ലോഹിദാസ്, ഒറവൂർ. 789 കെ. ബാലകൃഷ്ണൻനായർ, കീഴ്കുളം. 790 കെ. സുകുമാരൻനായർ, കുഴിത്തുറ. 791 കെ. ഗോപാലകൃഷ്ണൻ, നാഗർകോവിൽ. 792 കെ. പി. ലളിതാംബികാദേവി, തിരുവനന്തപുരം. 793 കെ. തങ്കപ്പൻ, കടയ്ക്കാവൂർ. 794 എസ്. മോഹൻദാസ്, പരവൂർ. 795 ജി. രാമചന്ദ്രമേനോൻ, പൂഞ്ഞാർ. 796 ബാബു പാറം, തിരുവനന്തപുരം. 767 ഏ. ലൈലാബീബി, പുനലൂർ. 798 ജെ. സി. സാരമതി, വെഞ്ഞാറമൂടു്. 799 ആർ. അപ്പുക്കുട്ടൻനായർ കടയ്ക്കാവൂർ. 800. വി. ജാർജ്ജു മാത്യു പള്ളം 801 കെ. ശ്രീനിവാസൻതമ്പി, പരവൂർ. 802 പി. കെ മണി, ആലപ്പുഴ. 803 എം. പൊന്നപ്പൻ, ആലപ്പുഴ 804 കെ. മാധവൻകുട്ടിനായർ, കരുനാഗപ്പള്ളി. 805. പി. എ. റസാക്ക, വെങ്ങല്ലൂർ. 806 കെ. രാമചന്ദ്രൻനായർ, ചിറയൻകീഴ്. 807 റാവി ഏ. രാജം, നീണ്ടകര. 808 പി. ബാലകൃഷ്ണൻനായർ, കൊല്ലം. 809 എസ്. ബി. ശാന്തമ്മ, ക്ലാപ്പന. 810 സി. എം. സുചീന്ദ്രൻ, മൂലങ്കുഴി. 811 റാവി. കെ. കമലാളൂൻ, കൊല്ലം. 812 വി. കെ. സദാനന്ദൻ, പേന്തമംഗലം 813 കെ. കെ. ഹസൻകുഞ്ഞു്, പെരുമ്പാവൂർ. 814 കെ. ഭാസ്കരൻനായർ, ഏറമാന്തൂർ. 815. എ. അബ്ദുൽ റഷീദ്, നെടുമങ്ങാടു്. 816 പി. സി. തങ്കമണി, ഒറശേഖരമംഗലം. 817 പി. കെ. ശാന്തകുമാരൻ. തിരുവനന്തപുരം. 818. എൽ. ആശാദേവി, ഇരണിയൽ. 819. കെ. ശിവാനന്ദരാജു. നെടുമങ്ങാടു്. 820. എൻ. പൊന്നപ്പൻ, തിരുവനന്തപുരം 821. ആർ. വെങ്കിട്ടരാമൻ ആലപ്പുഴ 822 പി. സതുപാലൻ, കുണ്ടറ, 823 എൽ. സി. ഈപ്പൻ, മുണ്ടക്കയം. 824 പൊന്നമ്മഈപ്പൻ, മുണ്ടക്കയം. 825 കെ. എസ് വിജയൻ, കൊല്ലം, 826 വി. കെ ശശിധരൻ, വട: പറവൂർ, 827 കെ. ഷംഷുദീൻ, കൊളമ്പു്. 828 ജെ. ശങ്കുണ്ണിനായർ, പിരപ്പൻകോടു്. 829 കെ. ആർ. പൊന്നാമരാക്ഷൻ, മുണ്ടക്കയം. 830 സി. വി. സരസ്വതി മങ്ങാടു്.

ഇനിയുള്ളവരെ തീർച്ചയായും അടുത്തയാഴ്ച അംഗമായി ചേർക്കുന്നതാണു്.

സ്നേഹം.
ഉഷചേച്ചി.

ചെറുകഥ

★ യാചകി ★

ബി. ജി. വിജയാനോവിന്ദ്,
കിളിമാനൂർ

No: 35

ജാനു. അതാണ് ആ യാചകിയുടെ പേരു്. ചിതറിയ തലമുടിയും, ഒട്ടിവിളറിയ വദനവും, അഴുക്കു പുരണ്ട തുണിക്കഷ്ണങ്ങളുമാണ് ആ ദേഹത്തെ മറച്ചിരുന്നതു്. ഒരു പിച്ചച്ചട്ടിയുമായി ബസ്സുകവലകളിലും, ചന്തകളുടെ മുക്കിലും, കടകളുടെ മുൻവശത്തും അവളെ കാണാം. നീണ്ടുമെലിഞ്ഞ കരങ്ങളുംനീട്ടി അവൾ ഭിക്ഷ യാചിക്കുമ്പോൾ ആരുടേയും മനസ്സ് അലിഞ്ഞുപോകും. ആ കാലുകൾക്ക് ആ ശരീരത്തെ താങ്ങാനുള്ള ശക്തി തീരെ കുറവാണു്.

ജാനുവും, അവളുടെ അമ്മയും അടുത്തുള്ള ഗ്രാമത്തിലെ ഒരു ജന്മിയുടെ പുരയിടത്തിലാണു താമസിച്ചിരുന്നതു്. അവളുടേയും, വൃദ്ധയായ അവളുടെ അമ്മയുടേയും നിത്യവൃത്തിക്കുവേണ്ടി അവൾ അടുത്തുള്ള അണ്ടിയാഫീസിൽ ജോലിക്കു പൊയ്ക്കൊണ്ടിരുന്നു. അവിടെനിന്നു കിട്ടുന്ന പ്രതിഫലംകൊണ്ട് ഒരുവിധം കഴിച്ചുകൂട്ടി. അങ്ങനെയിരിക്കവേയാണു് കുടിയിറക്കുനിരോധനം ഉയർന്നിത്തിൽ വരാൻപോകുന്നുവെന്നു കേട്ടതു്. കേട്ടതോടുകൂടി ജന്മിമാരുടെ ഉള്ളവും ഒന്നു നീറി. കുടിയിറക്കു തുടങ്ങി. അക്രൂട്ടത്തിൽ ജാനുവും അവളുടെ അമ്മയും മാറാനേകം ദരിദ്രരോടൊപ്പം തെരുവിലായി. തുടർന്നുള്ള അലച്ചിലും മനോവേദനയും ആ വൃദ്ധമാതാവിനെ രോഗശയ്യയിലാക്കി. അതോടുകൂടി ജാനു ജോലിക്കുപോകാതെ മാതാവിനെ ശുശ്രൂഷിച്ചുകൊണ്ട് ഒരു ദയാലുവായ മനുഷ്യന്റെ കുടിലിൽ കഴിഞ്ഞുകൂടി. അവരുടെ കയ്യിലുണ്ടായിരുന്ന അല്പം പണവും അതോടുകൂടി തീർന്നു. ജാനുവിന്റെ നിരന്തരശുശ്രൂഷകളൊന്നും ആ മാതാവിനെ മൃത്യുവക്ത്രത്തിൽനിന്നും മോചിപ്പിക്കുവാൻ പര്യാപ്തമായില്ല. കഷ്ടം! ആ മാതാവു് അവരുടെ ഏകപുത്രിയെ നിർദ്ദയമായ ഈ ലോകത്തിൽ തള്ളിയിട്ട് പരലോകത്തേക്കു യാത്രയായി.

ജാനു ഏകയായി. രോഗിയായ മാതാവിന്റെ ശുശ്രൂഷയും, പട്ടിണിയും നിമിത്തം അവളും ക്രമേണ രോഗിയായി. ജാനു അവിടെനിന്നും നഗരത്തിലെ ധർമ്മാശുപത്രിയിൽ അഭയം പ്രാപിച്ചു. രണ്ടുമാസത്തോളം അവിടെ കിടന്നിട്ട രോഗവിമുക്തയായി വെളിയിലിറങ്ങിയ അവൾ ജീവിക്കുവാൻ മാർഗ്ഗംകാണാതെ പിച്ചപ്പാള എടുക്കേണ്ടിവന്നു. അങ്ങനെ ആ യാചകി അവളുടെ ആ ജീവനും വഹിച്ചുകൊണ്ട് ഇപ്പോഴും അലഞ്ഞുതിരിയുകയാണു്.

—

കുറച്ചുപ്രതികൾ മാത്രം

സുപ്രസിദ്ധ റഷ്യൻ സാഹിത്യകാരനായ മാക്സിം **ഗോർക്കി**യുടെ

അമേരിക്കയിൽ

പരിഭാഷകൻ—നെടുമങ്ങാട്ട് ശിവശങ്കരൻ

ആവശ്യപ്പെടുക:— **ഗോർക്കി പബ്ലിഷേഴ്സ്, നെടുമങ്ങാട്.**

കൗമുദി ഓണം വിശേഷാൽ പ്രതിയെപ്പറ്റി

ജനശക്തി

ഇരുന്നൂറിൽപരം പേജുകളുള്ള ഒരു മികച്ച പ്രസിദ്ധീകരണമാണ് കൌമുദി ഓണം വിശേഷാൽപ്രതി. മൽക്കീരാജ് ആനന്ദ്, കെ. എ. അബ്ബാസ്, ഏ. ബാലകൃഷ്ണപിള്ള, പൊൻകുന്നം വക്കി, ഫ്രാൻസിസ് നായർ, ടി. എൻ. തകഴി, വയലാർ രാമവർമ്മ, കൃഷ്ണകുമാർ, ടാറാപുരം സുകുമാരൻ തുടങ്ങിയ ലേഖകന്മാരിൽ അണിനിരന്നിട്ടുണ്ട്. സ. കെ. ബാലകൃഷ്ണന്റെ പുരോഗമനപരമായ അഭിപ്രായത്തിനനുസരിച്ച ഒരു വമ്പിച്ച വിജയമാണിപ്രസിദ്ധീകരണം. മലയാളത്തിലെ ഓണക്കാലത്തെ മറ്റൊല്ലാ വിശേഷാൽപ്രതികളേയും പിന്നിലാക്കിക്കൊണ്ടു കൌമുദിക്കു വിജയിക്കാൻ സാധിച്ചിട്ടുണ്ട്. വക്കിയുടെ "മത്തങ്ങയും" തകഴിയുടെ 'രാജിക്കുശേഷവും' 'സമകാലിക സംഭവങ്ങളുടെ കലശംഗിനിറഞ്ഞ ചിത്രങ്ങളാണ് എം. കെ കുമാരനെന്നൊരാൾ സോവ്യറ്റ് ജർണലിന്റെ ഒരു നിണപരിഭാഷയുമായി സാഹിത്യത്തിലെ ബൂർഷ്വാ അധഃപതനത്തെക്കുറിച്ച പലതും പറഞ്ഞിട്ടുണ്ട്. മലയാളവായനക്കാർക്ക് അപരിചിതനായ കുമാരൻ ബൂർഷ്വാ അധഃപതനത്തെ വീറോടുകൂടിയെതിർക്കുന്നതോടൊപ്പം, അദ്ദേഹത്തിനു സ്വന്തമായൊരഭിപ്രായവും പറയുവാനില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലം പു സാ. സമ്മേളനത്തിനു ശേഷം കേസരി ബാലകൃഷ്ണപിള്ളയുടെ നേരെ കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാർ എടുത്തിരുന്നനയം പാർട്ടി പ്രചരണമെന്ന നിലയ്ക്കു കുമാരൻ ഇപ്പോൾ ഏറെറടുത്തിരിക്കയാണെന്നു തോന്നുന്നു. ഈ വിമർശനലേഖനം വളർച്ച പ്രാപിക്കുന്ന പുതിയ ജനതയെ ആശയക്കുഴപ്പത്തിലാക്കുകയാണ്. സോഷ്യലിസ്റ്റ് റിയലിസത്തിന്റെ പേരിൽ കുമാരൻ സോവ്യറ്റ് റിയലിസത്തെയാണ് അവതരിപ്പിക്കുന്നതു്. മോസ്കോ പബ്ലിക്കേഷനായ സോവ്യറ്റ് ലീറ്റേച്ചറിന്റെ നേരിട്ട പരിഭാഷയായതുകൊണ്ടു അങ്ങിനെ സംഭവിച്ചതിൽ അത്ഭുതമില്ല.

ഒരുറുപ്പിക വിലക്കു വളരെയധികം വിഭവങ്ങൾ കൌമുദിയിൽ നിരത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും എണ്ണപ്പെട്ട പലരേയും വായനക്കാരിൽ കണ്ടെന്നു വരില്ല. "കേരളത്തിലെ എല്ലാ വലിയ എഴുത്തുകാരുടെയും...." എന്നു പറഞ്ഞ നിലക്കു കുറിപ്പുഴ, സി. ജെ, പി. സി. ദേവ്, എം ഗോവിന്ദൻ, എൻ. വി. മുതലായ വരെക്കൂടി ഉൾപ്പെടുത്തേണ്ടതായിരുന്നു. പുതിയ എഴുത്തുകാരിൽ പലരും ഇതിൽ സ്ഥലം പിടിച്ചിട്ടുണ്ട്. കുമ്പും കഴമ്പുമുള്ള കവിതകളും ലേഖനങ്ങളും ധാരാളമുണ്ട് കൌമുദിയുടെ വിജയകരമായ പ്രവർത്തനത്തിനു ഈ വിശേഷാൽപ്രതി സുകരമായ ഒരു പന്ഥാവു് ഉറന്നിരിക്കുന്നു.

—

ഇരവിന്റെ മക്കൾ

(സി ജെ. മണ്ണമ്മൂട്)

i

ഇരവിന്റെ മക്കളെന്നവരെ വിളിക്കുവാൻ
തരിപോലും നിങ്ങൾക്ക നാണമില്ലേ,
ഇരവിന്റെ മക്കളായവരെല്ലാം തീരുവാ—
നിടയാക്കിത്തീർത്തതും നിങ്ങളല്ലേ?

അഴിമതിയും ചൂഷണവും കുലവൃത്തിയായ് നിങ്ങ—
ളുവലംബിച്ചിട്ടെത്രകാലംകളായ്
പരമാർത്ഥം പറയുകിലവരെല്ലാം നിങ്ങൾക്ക
പല പണികൾചെയ്യുന്ന പാവകളായ്

പകലെല്ലാം പൊരിവെയ്ലിൽ പണിയെടുത്തിടുമ—
മിരവിൽ വികാരങ്ങൾ കുളിരിടാനും
അണിയാനും കുണുങ്ങുമഴകിൻ കിനാക്കളെ.
യവരുമായ് തേടിക്കടക്കുവാനും
ഉപയോഗം തീരുമ്പോഴാട്ടിത്തുരത്താനു—
മുഴിയുകയായ് നിങ്ങളവരെയെല്ലാം.

അവിടെ മണിമേടയിൽ കാഞ്ചനക്കുന്നുക—
ളുയരണമെങ്കിലോ ഹൃയരക്തം
ഒഴുകണം കൂത്തിയൊഴുക്കണമല്ലെങ്കി—
ലവിടെ മണിമന്ദിരം കേൾക്കുകില്ല.

ii

വഴിവക്കിലുള്ളൊരച്ചിരുതതൻ മാടത്തിൽ
വഴിപോകം നിങ്ങളൊരു കണ്ണായ്ക്കു.
പകുതിയും മേഞ്ഞോല പാഴിലായ്പോയ്മഴ
വെയിലിവക്കൊരു കൊച്ചുകുത്തരങ്ങായ്
വടികുത്തിക്കുനിയ പാട്ടവൃദ്ധയെപ്പോലാ
വഴിവക്കിലാമാടം നിന്നിടുന്നു.
ഇരുപതാം നൂറാണ്ടിൽ മുതലുടയോർവാഴുന്ന
നരകിച്ച നാടിതെന്നറിയിക്കുവാൻ.
അടിമത്തമുടലെടുത്തിന്നുമീ മലനാട്ടി—
ലുയിരോടെ നിൽപുണ്ടെന്നറിയിക്കുവാൻ
യുഗമിനിയുമെത്തണമിതിനവതീയെത്തുവാൻ
ജനയുഗമതുകാക്കുന്നിക്കടിലും.

അതിനുടെ കോലായിലെല്ലും തൊലിയുമായ്
വിരചിച്ചനാലഞ്ചു മനുഷ്യരൂപം
അകലത്താമേടയിലലതല്ലും സുഖത്തിൻ
കളകളംകേട്ടുകൊതിച്ചിരിപ്പൂ
മണിമേടവിട്ടതിലൊരുകൊച്ചുപാലങ്ങോ—
ട്ടൊഴുകുവാനായിട്ട കാത്തിരിപ്പൂ.

അവരിത്രകാലവുമതുപാർത്തു നിന്നിട്ട—
മതുമാത്രമങ്ങുചെന്നെത്തിയില്ല.
സുരലോകസീമയിൽതൊട്ടുകളിച്ചിട്ടും
സുഖസന്ധൽപ്രൗഢിചെന്നെത്തിയില്ല.

മടിരാത്സവമാടുന്ന മണിമേടയ്ക്കുഴിമൊരു
കരിനിഴലുപോലവർ മരുവിക്കൊട്ടെ.

iii

കുറെനാളുമമ്പില'ച്ചിരുത'യിൽ താരുണ്യ—
മലരിട്ടണത്തൊരമന്ത്രികാലം
അവളുടെയംഗങ്ങളോരോന്നുമെത്തിയ—
ത്തരുണിമ തിങ്ങിത്തുടുത്തകാലം
കവിളിലും മാറിലും മാറിമാറിത്തുടി—
പ്പണിയിട്ടണിയിട്ട വന്നകാലം.

പെരുകുന്നകാമാർത്തി തീർക്കുവാൻമേലാ—
ക്കൊരുസുമശയ്യയായ് വീണകാലം
അവളുടെയുടയോന്റെ തമ്പ്രാട്ടിപ്രസവിച്ച—
തഖിലവും പെൺകുട്ടികളായിപ്പോയീ.
കഥയിതുപലവട്ടവുമാസൂതികർമ്മിണി
കതമനയോടറിയിച്ചു ഗൃഹനാഥനെ.

അതു കേൾക്കുമ്പോഴൊക്കെ തമ്പ്രാന്റെ വദനത്തിൽ
ചെറു രക്തരേഖകൾ തലയൊളിക്കും.
പലവട്ടമിതുമട്ട കണ്ടപ്പോഴവനുടെ
പരിഭ്രമ ചിന്തകളണിയൽ നിത്തി.

പരിഭവിച്ചവനന്നു പറകയായ് പലരോടും
'പുരനിറംയ സ്ത്രീകൾ വളർന്നുനിന്നാൽ
പണമേറെ വാരിക്കൊടുക്കണമച്ഛൻ—
ക്കിവിടെ നിന്നൊൻപറഞ്ഞയയ്ക്കാൻ.'

പണമേറെപ്പോമെന്നവനോത്തിപ്പോഴവനുള്ളിൽ
പരിഭ്രമ ചിന്തകളണിയൽ നിത്തി.

കുറെനാളു ചെന്നപ്പോഴതു വീണ്ടുംതലപൊക്കി
ചെറു പൊത്തുപോകിയ പാമ്പുപോലെ.

കനകത്തിൻ കഥയോർക്കെ കലുഷയാം നാഥയെ
കനകാധി നാഥ നവനോത്തുഞെട്ടി.

അവിടെങ്ങും നിന്നതില്ലവനുടെയാത്മീക—
ളുപദേശിനെ 'ച്ചിരുത'യിൽ ചെന്നലച്ചു.

അടിമകളുവളിലുഞ്ഞാറുവന്നപ്പോ—
ളവരെയാലോകർ പരിഹസിച്ചു.

ഇരവിന്റെ മക്കളെപ്പോററിപ്പുലർത്തുവാ—
നൊരുവഴിയും കാണാതവർ പകച്ചു.

അകലത്താമേടയിലപ്പോഴും സൗഖ്യത്തി—
നലകൾ തുളുമ്പിത്തുളുമ്പി നിന്നു.

iv

ഇരവും പകലും കടന്നുമൻപോട്ടപോ—
യിരവിന്റെ മക്കളിൽ ഒരീതിമേറി
ഉലകിന്റെ വദനത്തിൽ കരിതേച്ച പലപഴം—
കഥകളും മറവിയിലാണ്ടുപോയി.

'ച്ചിരുത'യെയിനിനിൻ നിലത്തുകിടത്തുവ—
തപമാനകരമാണെന്നുടയോനോട്ട
പലരുംപറഞ്ഞതുടങ്ങവേയാണവ—
നതിനുടെകഥകളെയോർത്തുള്ള.

ഒരുദിനം 'ച്ചിരുത'യോടവനേവമോതിനാൻ
പരിസരംപോലും കരയുംവണ്ണം
'ഇവിടെനിനക്കൊരുതരത്തിനാൽ ഞാ—
നപമാനംപേലുമനുഭവിച്ചു.
പരിഹസിച്ചീടുന്ന ചുറ്റിലുമാളുകൾ
പഴികേട്ടെൻകാതുനിറഞ്ഞുപോയി
ഉയിർവേണോൽ നീയും നിന്നിരവിൻമക്കളെ—
മുടനെപൊയ്ക്കോള്ളണമിവിടെനിന്നും"

അതുകേൾക്കെ നാലഞ്ചുപൂവിട്ട നിന്നൊരു
ചെറുകാട്ടവല്ലരിപിരിപിരിച്ചു.
അതുകേൾക്കെയരികിലെ ചെറുതെങ്ങിൽ ഗൗളികൾ
ശരിയെന്നോ തെറ്റെന്നോചൊലചൊലച്ചു.

v

"ഇരവിന്റെമക്കളെന്നവരെ വിളിക്കുവാൻ
തരിപോലും നിങ്ങൾക്ക നാണമില്ലേ?
ഇരവിന്റെ മക്കളായവരെല്ലാംതീരുവാ—
നിടയാക്കിത്തീർത്തതും നിങ്ങളല്ലേ?"

—കൗമുദി ആഴ്ചപ്പതിപ്പ്—

ചെറുകഥ

പിതാക്കളും പുത്രന്മാരും

കവാജാ അഹമ്മദ് അബ്ബാസ്

I

"ശരി! അങ്ങയുടെ അഭിമതംപോലെ നടക്കട്ടെ! എന്റെ മുഖം അങ്ങ് ഇനിയൊരിക്കലും കാണുകയില്ല.....അങ്ങ് ഇനിയൊരിക്കലും എന്നെ കാണുകയില്ല ഒരിക്കലും! ഒരിക്കലും!! ഒരിക്കലും!!!

നിറുത്തില്ലാത്ത ഇടിമുഴക്കംപോലെ ആ വാക്കുകൾ താമ്രൂർ കൃഷ്ണസിംഘന്റെ കർണ്ണപുടികളിൽ മുഴങ്ങിക്കേട്ടുകൊണ്ടിരുന്നു. ആ ശബ്ദത്തിന്റെ പ്രതിധ്വനി അദ്ദേഹത്തെ പരിഹസിക്കുകയാണ്, ആക്ഷേപിക്കുകയാണ്, വിഷമിപ്പിക്കുകയാണ്. ജീവിതത്തിൽ അന്നാദ്യമായി, അടക്കാനാവാത്ത കോപംകൊണ്ട് അദ്ദേഹം പരവശനായിപ്പോയി. ഒന്നും ചെയ്യാൻ കഴിവില്ലാതെ, അവിശ്വസനീയമായ ആ സംഭവവികാസത്തിന്റെ പ്രത്യാഘാതമേറ്റ മോഹമൂർച്ഛിതനെപ്പോലെ അദ്ദേഹം. ഇതികർത്തവ്യതാമൂഢനായി, നിന്നുപോയി. അദ്ദേഹത്തിനു വിശ്വസിക്കുവാൻ കഴിഞ്ഞില്ല; പക്ഷേ അതൊരു പരമാർത്ഥമായിരുന്നു. ചുറ്റുമുള്ള കൃഷിക്കാർ പോലും ഭയംകൊണ്ടു അദ്ദേഹത്തിന്റെ മുമ്പിൽ ചൂളിപ്പോകുമായിരുന്ന എന്നാൽ സ്വന്തം പുത്രൻ അദ്ദേഹത്തെ ധിക്കരിച്ചു—പരാജയപ്പെടുത്തി.

"എന്റെ മകൻ! ഹും എന്റെ മകൻ!!" അദ്ദേഹത്തിന്റെ കണ്ണും ഇടറിപ്പോയി.

പിതാവിനെ ധിക്കരിക്കുക, അനുസരിക്കാതിരിക്കുക! അവൻ എങ്ങനെ ധൈര്യപ്പെട്ടു, അവൻ ജനിച്ച വീട്ട്, അവന്റെ കുടുംബത്തിനുള്ള കുടുംബം വിട്ടിറങ്ങിപ്പോകുവാൻ! ഹും! അവൻ എങ്ങനെ?.....

എങ്കിലും അവൻ പൊയ്ക്കഴിഞ്ഞു—എന്നെ നോക്കുമായി, തിരിച്ചു വരികയില്ലെന്നു ശപഥം ചെയ്തുകൊണ്ട്. അവന്റെ വാക്കുകൾ—അവസാനമായി—എന്നെന്നേക്കുമായി. ആ വാക്കുകൾക്കു ഇളക്കമില്ല; അവന്റെ ശബ്ദം വിളിച്ചുപറയുന്നു. ചെരിപ്പിന്റെ ശബ്ദംപോലും ആ ദൃഢനിശ്ചയം വിളിച്ചു പറയുന്നു. തുടച്ചു വെടിപ്പാക്കാത്ത, ഉപ്പുരസമേറിയ ആ വരാന്തയിൽകൂടി ഉരസിപ്പോകുമ്പോൾ—അവസാനമായി—ആ പരുപരുത്തശബ്ദം—ആ ശബ്ദം വിളിച്ചറിയിക്കുന്നു, അവന്റെ നിശ്ചയത്തിനു ഇളക്കമില്ലെന്നു! പതറാത്ത ആ കാൽവയ്പ്പിൽപോലും ദൃഢനിശ്ചയത്തിന്റെയും അവസാനതീരുമാനത്തിന്റെയും, ഒരു വെല്ലുവിളിയുടെയും, സമരപ്രഖ്യാപനത്തിന്റെയും കാഹളം കേൾക്കാം. ആ പാദപതനം ഉൽഘോഷിക്കുകയാണ് "ഒരിക്കലും ഞാൻ തിരിച്ചു വരികയില്ല ഒരിക്കലും! ഒരിക്കലും!! ഒരിക്കലും!!!

നര ബാധിച്ചതെങ്കിലും ഗൌരവം വിട്ടിട്ടില്ലാത്ത കൊമ്പൻമീശ പിരിച്ചുകൊണ്ട് (വിരലുകൾ രഹസ്യമായി ചെയ്യാറുള്ള ഒരു സല്പ്രവർത്തനമാണത്) അദ്ദേഹം ചിന്തിച്ചു:—"എടാ; ലോകം എവിടെ പോകുകയാണ്? കൃഷിക്കാർ ജന്മിയോട് മല്ലിടുന്നു. പുത്രന്മാർ പിതാക്കളോട് ശണ്ഠയിട്ടുകൊണ്ടു വീട് വിടുന്നു. പാരമ്പര്യാഗതമായ വ്യക്തിബന്ധങ്ങൾ തകരുകയാണ്. വിശ്വാസങ്ങളായ സാമൂഹ്യാചാരങ്ങളും വിശ്വാസങ്ങളും ചവിട്ടിത്തെറിക്കപ്പെടുകയാണ്. ഭാരതമാതാവിനെ പങ്കിട്ട്. പോരാ ഓരോവീടും, ഓരോ കുടുംബവും, ചിന്നഭിന്നമാകുകയാണ്. ശണ്ഠയും വഴക്കും വടംവലിയുമാണ് എവിടെ, ഏതു വലിയ കുടുംബത്തിൽ, നോക്കിയാലും എന്തു? എന്താണിതു്?"

ഉത്തരമില്ലാത്ത നിരവധി ചോദ്യങ്ങളെ അദ്ദേഹം തുറിച്ചുനോക്കി.

എന്തു? എന്തുകൊണ്ടു? അദ്ദേഹം ചോദിച്ചു—രാജാചിതമായ ആ സൽക്കാരമുറിയോട് അദ്ദേഹം ചോദിച്ചു—

മതിലിലിരുന്നു മങ്ങിയ കണ്ണുകൊണ്ടു തന്നെ നോക്കുന്ന പിതാമഹന്മാരോട് അദ്ദേഹം ചോദിച്ചു—

മനുഷ്യന്റെ വൃഥയും വിപത്തും കാണുവാൻ കണ്ണില്ലാതെ, ആനന്ദത്തിന്റെ പകുതിയടഞ്ഞ കണ്ണുകളോടെ രാധയുടെ സൌന്ദര്യസുധനുകരുന്ന ശ്രീകൃഷ്ണഭഗവാന്റെ ദന്തപ്രതിമയോട് അദ്ദേഹം ചോദിച്ചു—

പൊരുഞ്ഞിരിയേടെ ലോകത്തിനു ഭാവുകം നേരുന്ന ശ്രീ ബുദ്ധന്റെയും മഹാത്മജിയുടെയും പ്രതിമകളോട് അദ്ദേഹം ചോദിച്ചു—

മതിലിനെ അലങ്കരിച്ച ഖദർ ത്രിവർണ്ണ പതാകയോട് അദ്ദേഹം ചോദിച്ചു—

സുവർണ്ണഫ്രെയിമിൽനിന്നു പുഞ്ചിരിതൂകുന്ന ഭാരതമാതാവിനോട് അദ്ദേഹം ചോദിച്ചു—

മനോഹരമായി കൊത്തുപണിചെയ്ത ഉന്നത സ്തൂപങ്ങളോട് അദ്ദേഹം ചോദിച്ചു—

കണ്ണാടി അലമാരയിൽ അടുക്കിവച്ചിരുന്ന തോൽബയൻവള്ളിയിയമപുസ്തകങ്ങളോട് അദ്ദേഹം ചോദിച്ചു—

'കലത്തിന്റെ കളി'പോലെ കാറിൽ ചാഞ്ചാടിക്കൊണ്ടിരുന്ന കലണ്ടറിനോട് അദ്ദേഹം ചോദിച്ചു—

മതിലിലിരുന്നു് ഏതോ മൂകഭാഷയിൽ ഏനഗാം ഭീഷ്മത്തോടെ എന്തോ സന്ദേശം ഉരുവിട്ടുകൊണ്ടിരുന്ന ഘടികാരത്തോട് അദ്ദേഹം ചോദിച്ചു—

ആ മുറിയുടെ കോണിൽ കോടിക്കണക്കിനു് രൂപാ വിലപിടിപ്പുള്ള രത്നങ്ങളും, നോട്ടുകളും, പ്രമാണങ്ങളും ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുള്ള ഉരുക്ക് സേഫിനോട് അദ്ദേഹം ചോദിച്ചു—

അവസാനമായി, പതിവുപോലെ ആ സേഫിന്റെ മുകളിൽ—സിംഹാസനത്തിലിരിക്കുന്ന കാരീടംപോലെ—ഞെളിഞ്ഞിരിക്കുന്ന തൂവെള്ള ഖദർ ഗാന്ധിത്തൊപ്പിയോടും അദ്ദേഹം ആ ചോദ്യം ആവർത്തിച്ചു!

ഈ അസംതൃപ്തി, കഴപ്പം, അനുസരണക്കേട്, വിശ്വാസമില്ലായ്മ,—ഇതിന്റെയെല്ലാം മൂലകാരണമെന്തു്? സമുദായത്തിന്റെ സച്ചിദാനന്ദമായ ജലപ്പരപ്പിൽ, ബാഹ്യസഹസ്രസംവത്സരക്കാലത്തെ ശാന്തത, എങ്ങനെ ചിന്നഭിന്നമായി? എങ്ങനെ?

എങ്ങനെ? മൂകമായ ആ ചുണ്ടുകളിൽ നിന്നും ഈ ചോദ്യം ഒരു രണ്ടുർ പന്തുപോലെ ആ മുറിയുള്ളിൽ കിടന്നു കുതിച്ചുകൊണ്ടിരുന്നു. ചിത്രാങ്കിതമായ സീലിങ്ങിൽ നിന്നും മതിലിലുള്ള ഫോട്ടോകളിൽ തട്ടി, അവിടെ നിന്നും മാർബിൾപാകിയ തറയിൽ തട്ടി കുതിച്ചു് വീണ്ടും സീലിങ്ങിൻ വൈരാഗ്യത്തോടെ പെന്നിടിച്ചുകൊണ്ടു്—അങ്ങോട്ടുമിങ്ങോട്ടും—തട്ടിയും മുട്ടിയും ആ ചോദ്യം, രക്ഷാമാർഗ്ഗമില്ലാത്ത ഒരു ഇരട്ടറയിലെപ്പോലെ, കുതിച്ചു പാഞ്ഞുകൊണ്ടിരുന്നു. പക്ഷേ ആ ചോദ്യത്തിനു് ഒരു പ്രത്യുത്തരം കണ്ടെത്തുവാൻ കഴിഞ്ഞില്ല. മതിലും, ചിത്രങ്ങളും പ്രതിമകളും—എല്ലാം മൌനം ഭജിച്ചു. ഒരു പക്ഷേ അവയും അദ്ദേഹത്തെപ്പോലെ അത്ഭുതസ്തബ്ധമായിപ്പോയിരിക്കണം. സൽക്കാരമുറി മാത്രമല്ല, ഉത്തുംഗമായ ആ മണിമാളികമുഴുവൻ വിജനവും ശൂന്യവുമായി തോന്നി. അദ്ദേഹത്തിന്റെ പുത്രൻ—മര്യാദയില്ലാത്ത, വിവേകമില്ലാത്ത, അനുസരണയില്ലാത്ത, കലഹപ്രിയനായ പുത്രൻ—ആ വീട്ടിന്റെ ആത്മാവുപോലും അപഹരിച്ചുകൊണ്ടുപോയപോലെ! അഥവാ അവൻ ആ വീട്ടിന്റെ ജീവനും ആത്മാവുമായിരുന്നിരിക്കണം. അവൻ പൊയ്ക്കഴിയുകയാൽ, വിസ്തൃതവും സകല സൌഭാഗ്യങ്ങളും സമ്മേളിച്ചിട്ടുള്ളതുമായ ആ ഗൃഹവും ഫറോവാമാരുടെ ശവകുടീരങ്ങൾപോലെ, വിജനവുമായ സകല സൌഭാഗ്യങ്ങളും, സുഖസൌകര്യങ്ങളും കഴിഞ്ഞുമുട്ടുന്ന കുടീരംപോലെ—മരിച്ചുപോയിരിക്കണം,

II

ആനന്ദൻ—അവൻ അദ്ദേഹത്തിന്റെ പുത്രനാണ്!

ഇരുപത്തഞ്ചു വർഷങ്ങൾക്കുമുമ്പു് തന്റെ പ്രഥമ സന്താനത്തിനു് ആനന്ദൻ എന്നു് അദ്ദേഹം പേരിട്ടു. അതേ, അവൻ അദ്ദേഹത്തിന്റെ

—കൗമുദി ആഴ്ചപ്പതിപ്പ്—

ജീവിതത്തിൽ ആനന്ദവും വിജയശ്രീയും വാരിവിതറിക്കൊണ്ടാണ് അവതരിച്ചത്. അവൻ സൂര്യപ്രകാശം കണ്ടതിനുത്തിലാണ് കൃഷ്ണസിംഹൻ ഡിസ്ട്രിക്റ്റ് കോടതിയിൽ ആദ്യമായി ഒരു പ്രമാദമായ കേസിൽ ജയിച്ചത്. അതിനെപ്പറ്റി നിയമ വലയങ്ങളിൽ വലിയ ഒച്ചപ്പാടുണ്ടായി. അതിനുശേഷം നിരവധി സുപ്രധാന കേസുകളിൽ അദ്ദേഹം വിജയശ്രീലാളിതനായിത്തീർന്നിട്ടുണ്ട്. പക്ഷേ ആ കേസിലെ വിജയം കൃഷ്ണസിംഹന് യഥാർത്ഥമായ ആനന്ദമാണ് അനുഭൂതമാക്കിയത്. എന്തെന്നാൽ നിരപരാധിയും നിർഭാഗ്യവാനുമായ ഒരു സാധുമനുഷ്യനെ കൊലമരത്തിൽ നിന്ന് രക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പരിതഃസ്ഥിതികളുടെ ഗൂഢാലോചന ആ സാധുവിനെ ഒരു കൊലക്കേസിൽ പ്രതിയാക്കിത്തീർക്കുകയാണുണ്ടായത്. ആ പാവപ്പെട്ടവനിൽനിന്നും കൃഷ്ണസിംഹനു ലഭിച്ച ഫീസു വളരെ തുച്ഛമായിരുന്നു. പക്ഷേ നിഷ്കളങ്കനായ ആ സാധു കൃഷീവലന്റെ കണ്ണുകളിൽ നിഴലിട്ട കൃതജ്ഞതാവായ്പ് കൃഷ്ണസിംഹനെ സംബന്ധിച്ചിടത്തോളം മതിയാവോളം പ്രതിഫലം നൽകി. "നീതിയും മനുഷ്യത്വവും"—ഈ ആദർശങ്ങളുടെ ബലിപീഠത്തിൽ ജീവിതം ഉഴിഞ്ഞുവയ്ക്കുവാൻ യുവാവായ ആ അഭിഭാഷകൻ തീരുമാനിച്ചു.

നീതി, മനുഷ്യത്വം, സ്വാതന്ത്ര്യം! മഹാനായ ഒരു കോൺഗ്രസ്സ് നേതാവ് ഈ വിശിഷ്ടാദർശങ്ങളെപ്പറ്റി പ്രസംഗിക്കുന്നതു ശ്രവിച്ചപ്പോൾ കൃഷ്ണസിംഹനുതോന്നി അതു തന്റെയും ഹൃദയത്തുടിപ്പിന്റെ ആഹ്വാനമാണെന്ന്; തിളയ്ക്കുന്ന യുവരക്തത്തിന്റെ സമരകാഹളമാണെന്ന്.

കൃഷ്ണസിംഹൻ ജയിലിലേക്കു ആദ്യമായി 'തീർത്ഥാടനം' നടത്തിയപ്പോൾ, ആനന്ദനു നാലു വയസ്സു പ്രായമുണ്ടായിരുന്നു. "രാജ്യദ്രോഹപരമായ" ഒരു പ്രസംഗം പെയ്തതിന് കൃഷ്ണസിംഹൻ മൂന്നു വർഷത്തെ കഠിനതടവിനു വിധിക്കപ്പെട്ടു. അങ്ങനെ അദ്ദേഹം സേവിച്ചുകൊണ്ടിരുന്ന നിയമത്തിന്റെ ഇരയായി കൃഷ്ണസിംഹൻപോലും ജയിലിലടയ്ക്കപ്പെട്ടു! ജയിലിൽ കഴിച്ചുകൂട്ടിയ കാലത്തു വിധിയുടെ ഈ വിക്രീഡിതത്തെപ്പറ്റി എപ്പോഴും അദ്ദേഹം ചിന്തിക്കാറുണ്ടായിരുന്നു. പ്രായേണ പ്രസിദ്ധനല്ലാത്ത ഒരു യുവപ്രാഡ്വിപാകനു് വൻതോക്കുകഥകൾക്കു നൽകുന്ന സുഖസൌകര്യങ്ങളും ജയിലിൽ ലഭിക്കുകയുണ്ടായില്ല സാധാരണ ക്രിമിനൽ പുള്ളികളുമായി തോളുരസി, ആട്ടംപാറത്തെപ്പോലെ കരുതപ്പെടുന്നതു്, ഒരു വിനോദമല്ല. പക്ഷേ ജയിൽ ജീവിതത്തിന്റെ കഠിനതകളും ഒരു രാജപുത്രന്റെ മനോദാർഢ്യത്തോടുകൂടി കൃഷ്ണസിംഹൻ സഹിച്ചു. ഭാര്യയിലും സഹപുത്രനിലും നിന്നുള്ള വേർപാടു് ഹൃദയഭേദകമായിരുന്നു. പക്ഷേ താരുശങ്കരായ വേർപാടുകളും സഹിക്കുന്ന രാജ്യസ്നേഹികളും തന്നെപ്പോലെ ബഹുസഹസ്രമുണ്ടെന്നു് അദ്ദേഹം സമാധാനിച്ചു. ഒന്നുമില്ലെങ്കിലും തന്റെ കുടുംബം ദാരിദ്ര്യപീഡിതരല്ലെന്നു് അദ്ദേഹം ആശ്വസിച്ചു. അവർക്കു് നിലവും പുരയിടങ്ങളുമുണ്ടു്. പോരെങ്കിൽ, അച്ഛൻ സ്നേഹയേയും, പൈതൃനേയും രക്ഷിച്ചുകൊള്ളുകയും ചെയ്യും—തന്റെ രാഷ്ട്രീയാഭിപ്രായങ്ങളോടു അദ്ദേഹം യോജിച്ചില്ലെങ്കിലും!—

ഒരു ദിവസം—ജയിൽ വിമോചിതനാകേണ്ടതിനു് കുറച്ചു മാസങ്ങൾക്കുമുമ്പു്—ഒരു കുഞ്ഞിന്റെ അവ്യക്തമായ അക്ഷരങ്ങൾ നിറഞ്ഞ ഒരു കത്തു അദ്ദേഹത്തിനു കിട്ടി. "എന്റെ പ്രിയപ്പെട്ട അച്ഛനു വന്ദനം" കരിങ്കൽ മതിലുകളെ കബളിപ്പിച്ചുകൊണ്ടു്. സുപുത്രനെപ്പറ്റിയുള്ള സുന്ദരസ്മരണകൾ ആ ഇരുട്ടറയുടെ കഠിനഹൃദയത്തെ, മഞ്ഞിൽ പിണറുകളാലെന്നപോലെ, പിളർന്നു സപുത്രൻ—അവന്റെ അച്ഛന്റെ പ്രതിച്ഛായ—രാധയോടുള്ള നിഷ്കളങ്ക പ്രേമത്തിന്റെ സ്പന്ദിക്കുന്ന മൂർത്തീകരണം! ആ എഴുത്തിലെ വടിവില്ലാത്ത അക്ഷരങ്ങളും മഷിവീണ അടയാളങ്ങളിലും തന്റെ ഓമനപ്പുത്രന്റെ പഞ്ചിരിക്കൊഞ്ചൽ തത്തിക്കളിക്കുന്ന സുന്ദരവദനം തന്നെ മാടിവിളിക്കുന്നതു്, അനന്തമായ വേർപാടിൽ വേപഥുക്കൊള്ളുന്നതും കൃഷ്ണസിംഹൻ കണ്ടു. ഒരു നിമിഷനേരം കൃഷ്ണസിംഹന്റെ ആദർശങ്ങളെല്ലാം കാറ്റിൽ പറന്നുപോയപോലെ തോന്നി പ്രിയപത്നിയേയും പുത്രനേയും കാണുവാനുള്ള ആഗ്രഹം അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു. ഇരുമ്പഴികളകം വലിച്ചെടുത്തു് വീട്ടിലേക്കോടുവാൻ അദ്ദേഹം കൊതിച്ചു. പക്ഷേ അടുത്ത നിമിഷത്തിൽ, എഴുത്തു മുഴുവൻ വായിച്ചുകഴിഞ്ഞപ്പോൾ, താൽകാലികമായ ഈ ദൌർബ്ബല്യബാധ അദ്ദേഹത്തെ ലജ്ജാവനമുഖനാക്കി മകൻ എഴുതുകയാണു്. "അച്ഛാ, അച്ഛൻ അമ്മയെ വിചാരിച്ചു വൈഷമിക്കരുതു്. അമ്മയെ നോക്കിക്കൊള്ളാൻ ഞാനുണ്ടു്. അമ്മ പറയുന്നു ഞാൻ വളരുമ്പോൾ ഞാനും അച്ഛനെപ്പോലെ നേതാവു് ആകണമെന്നു്" രാജ്യസ്നേഹമുള്ള ഏതൊരു പിതാവിന്റെയും ഹൃദയം അഭിമാനംകൊണ്ടു് വിജൃംഭിപ്പിക്കുന്ന ഒരു കത്തു്!

ഒന്നരണ്ടാഴ്ച കഴിഞ്ഞതു് അദ്ദേഹത്തിനു് അറിയുവാനിടയായി, സഹധർമ്മിണി രോഗശയ്യയിലാണെന്നു്. ആനന്ദൻ എഴുതുകയാണു്:—"അമ്മ വളരെ മോശമായി, ക്ഷീണിച്ചു. എപ്പോഴും അച്ഛനെ വിചാരിക്കുന്നു" ഭാര്യയുടെ സുഖക്കേടു പ്രമാണിച്ചു പരോളിനു് അപേക്ഷിക്കുവാൻ ചില സ്നേഹിതന്മാർ കൃഷ്ണസിംഹനെ ഉപദേശിച്ചു പക്ഷേ വിറയ്ക്കുന്ന കൈകൾകൊണ്ടു രാധ എഴുതിയ കത്തു അദ്ദേഹം ഇങ്ങനെ വായിച്ചു.—"എനിക്കുവേണ്ടി അങ്ങു് അങ്ങയുടെ ആദർശങ്ങളെ ബലികഴിക്കരുതു്. അങ്ങനെ സംഭവിച്ചാൽ എനിക്കു് ഒരിക്കലും മനഃശാന്തിയുണ്ടാവുകയില്ല. ഈ ഗവൺമെന്റിനോടു് അങ്ങു് എന്തെങ്കിലും യാചിക്കുന്നതു് എനിക്കു ഇഷ്ടമില്ല. എനിക്കു ഭാഗ്യമുണ്ടെങ്കിൽ, ജയിലിൽ നിന്നും ഇറങ്ങുമ്പോൾ അങ്ങയുടെ ദർശനസൌഖ്യം എനിക്കുണ്ടാകും"

പരോളിനുള്ള ഹർജി കൃഷ്ണസിംഹൻ വലിച്ചു കീറി ദൂരെയെറിഞ്ഞു.

ഗാന്ധി—ഇർവ്വിൻ ഉടമ്പടി ഒപ്പുവയ്ക്കപ്പെടുകയും, മറ്റു സത്യാഗ്രഹികളോടൊപ്പം കൃഷ്ണസിംഹനും ജയിൽ വിമുക്തനാവുകയും ചെയ്തു. സ്വന്തം നഗരം ഘോഷയാത്രകളും അഹ്ലാദപ്രകടനങ്ങളും നടത്തി അദ്ദേഹത്തിനു സ്വാഗതമരുളി. പക്ഷേ സ്വന്തം വീട്ടിന്റെ ഗേറ്റിൽ അദ്ദേഹം രാധയെ കണ്ടില്ല. ആനന്ദൻ മാത്രം—മൂന്നുവർഷംകൊണ്ടു് അവൻ കുറച്ചു വളർന്നു, ശോഷിച്ചിരുന്നു—അവിടെ നിലകൊള്ളുന്നുണ്ടായിരുന്നു. പിതാവിനെ കണ്ടപ്പോൾ പുഞ്ചിരിയുടെ ഒരു നിഴലാട്ടമെങ്കിലും അവന്റെ മുഖത്തു ദൃശ്യമായില്ല—കണ്ണീർ നിറഞ്ഞ കലങ്ങിയ കണ്ണുകളാണു് പിതാവിന്റെ മുഖത്തു് പതിഞ്ഞതു്. വിങ്ങിവിങ്ങി അവൻ പറഞ്ഞു "അച്ഛൻ താമസിച്ചുപോയി. അമ്മ.....അവൻ വാവിട്ടു കരഞ്ഞു.

അങ്ങനെ കൃഷ്ണസിംഹൻ ആനന്ദന്റെ അച്ഛനും അമ്മയുമായിത്തീർന്നു. എന്നും വൈകിട്ടു്, കോടതിയിൽ നിന്നു വന്നാലുടൻ ഒരു ചാരുകസാലയിൽ കിടന്നുകൊണ്ടു്, കൃഷ്ണസിംഹൻ പുത്രനോടു ചോദിക്കും, "ആനന്ദാ, ഇന്നു സ്കൂളിൽ എന്തു വിശേഷമുണ്ടായിരുന്നു?" ആനന്ദൻ കഥകൾ പറഞ്ഞു തുടങ്ങും;— "ഇന്നു സാറിന്റെ ആട് ചെറുതു. രണ്ടു കുട്ടികളുണ്ടു്.... ഇന്നു ആ പേരമരത്തിൽ നിന്നു ഞാൻ മറിഞ്ഞുവീണു. കണ്ടോ, കാല് മുറിഞ്ഞിരിക്കുന്നതു്....ഇന്നു സ്കൂളിന്റെ മുമ്പിൽക്കൂടി വെള്ളപ്പട്ടാളം മാർച്ചുചെയ്തുപോയി അമ്മാതെല്ലാം കരുങ്ങന്മാരെപ്പോലെ മുഖം ചുവന്നിരിക്കുന്നു. ഞങ്ങളെ കടിച്ചു തിന്നാൻ വരുന്നപോലെ തുറിച്ചു നോക്കിക്കൊണ്ടാണു് അവർ പോയതു്. ഒരുപാടു കുട്ടികൾ പേടിച്ചു കരയാൻ തുടങ്ങി. എനിക്കു പേടി ഇല്ല."

കൃഷ്ണസിംഹൻ പറയും "മിടുമിടുക്കൻ, മോൻ ധൈര്യശാലിയാണു്. അതു തന്നെയാണു് ഞാൻ പ്രതീക്ഷിച്ചതു്"

അന്നു് ആനന്ദനു് പത്തുവയസ്സു പ്രായമുണ്ടായിരുന്നു. ഒരു ദിവസം സ്കൂളിൽ നിന്നുവന്നപ്പോൾ അവൻ പറഞ്ഞു—അച്ഛാ എന്നെ സ്കൂളിൽ നിന്നു പുറത്താക്കി. ഗാന്ധിത്തൊപ്പി ധരിച്ചതിനു്, ഹെഡ്മാസ്റ്റർ മുമ്പേതന്നെ എനിക്കു് വാർണിങ്ങ് തന്നതാണു്. ഇന്നു ഇംഗ്ലീഷ്കാരനായ ഒരു സ്കൂൾ ഇൻസ്പെക്ടർ ക്ലാസ്സിൽ വന്നിരുന്നു. അയാളുടെ ചുവന്നമുഖം എന്റെ ഗാന്ധിത്തൊപ്പി കണ്ടപ്പോൾ കോപംകൊണ്ടു് രക്തവർണ്ണമായി, അയാൾ എന്നോടാജ്ഞാപിച്ച ബ്രിട്ടീഷുകാരൻ ഇൻഡ്യയ്ക്കു ചെയ്ത നന്മകൾ ഓരോന്നോരോന്നായി പറയുവാൻ. അ

മ്മാ, ഞാൻ എന്താണ പറയേണ്ടത്? ഞാൻ പ
റയണം, ഗവൺമെൻറ എൻറെ അച്ഛനെയും
ഗാന്ധിജിയെപ്പോലെയുള്ള മഹാന്മാരായ നേതാ
ക്കന്മാരെയും ജയിലിലടച്ചെന്ന്—ഇതിനെക്കാൾ
എന്താണഹങ്കാരമാണ് ഗവൺമെൻറ പെയ്തിട്ടുള്ള
ത്? ഇതുകേട്ടപ്പോൾ അയാൾ കലികൊണ്ടു
വള്ളി. എൻറെ ഓരോരോമകൂപങ്ങളിലും അരുണൻ അ
ടിവീതം തന്നു.... നോക്കിക്കോ, ഇതാ, എൻറെ
കൈ നോക്കിക്കോ....പക്ഷേ ഞാൻ കരഞ്ഞില്ലച്ഛാ.
ആ വെള്ളക്കാരൻറെ മുമ്പിൽ—ഞാൻ കരഞ്ഞി
ല്ല.....”അവൻറെ കണ്ണുകളിൽ നിന്നും ധാരമു
റിയാതെ ജലകണങ്ങളും അടർന്നു വീണു. പി
താവിൻറെ മടിയിൽ തല പൂതച്ചുകൊണ്ട് അ
വൻ വിങ്ങിവിങ്ങിക്കരഞ്ഞു.

പതിനഞ്ചു വർഷത്തിനുശേഷവും സ്വപുത്ര
ൻറെ കണ്ണീരൊലിച്ച കവിൾത്തടത്തിൻറെ ചൂ
ട് കൃഷ്ണസിംഹനു് ഓർമ്മയുണ്ട്.

ആനന്ദൻ ബനാറീസിൽ പഠിക്കാൻ പോ
യശേഷം, കൃഷ്ണസിംഹൻ ആ വലിയ ഗൃഹ
ത്തിൽ ഏകാകിയായി കഴിഞ്ഞുകൂടി. സമയ
ത്തിൽ ഭുരിഭാഗവും അഭിഭാഷകവൃത്തിക്കുവേ
ണ്ടി അദ്ദേഹം ചിലവഴിച്ചു. സ്ഥലത്തെ കാൺ
ഗ്രസ്സ് പ്രവർത്തനങ്ങളിൽ കായ്മയായി പങ്കെ
ടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. വളരെ
നാൾ കഴിയുംമുമ്പുതന്നെ കൃഷ്ണസിംഹൻ
ധാരാളം കേസുകളുള്ള ഒരു പ്രമുഖവക്കീലായി
ത്തീർന്നു. അദ്ദേഹത്തിൻറെ പ്രതിമാസ വരവു
ആയിരക്കണക്കിനായി. കക്ഷികളെ നിരപരാ
ധികളോ കുറ്റം ചെയ്തവരോ എന്നു് അദ്ദേഹം
അന്വേഷിക്കാറില്ല. വക്കീൽ ഫീസു കൊടുക്കാ
നുള്ള കഴിവുണ്ടോ ഇല്ലയോ എന്നു മാത്രമേ അ
ദ്ദേഹം ആരായാറുള്ളു.

എല്ലാവിധത്തിലും കൃഷ്ണസിംഹൻ പുരോഗ
മിച്ചുകൊണ്ടിരുന്നു—ഡിസ്ട്രിക്ട് കോടതിയിൽ
നിന്നും ഹൈക്കോടതിയിലേക്കും, അംഗത്വ
ത്തിൽ നിന്നും മുനിസിപ്പാലിറ്റിയുടെ അദ്ധ്യ
ക്ഷപദത്തിലേക്കും, ഡിസ്ട്രിക്ട കാൺഗ്രസ്സ
കമ്മിറ്റിയിൽ നിന്നും പ്രവർത്തകാൺഗ്രസ്സുക
മ്മിറ്റിയിലേക്കും—അങ്ങനെ കൃഷ്ണസിംഹൻറെ
യശസ്സും സ്ഥാനമാനങ്ങളും അനുദിനം വർദ്ധി
ച്ചുകൊണ്ടുതന്നെയിരുന്നു. അടുത്തു നടക്കുവാൻ
പോകുന്ന പ്രവിശ്യാനിയമസഭയുടെ തെര
ഞ്ഞെടുപ്പിൽ, അദ്ദേഹത്തെ ഒരു കാൺഗ്രസ്സ്
സ്ഥാനാർത്ഥിയായി നിറുത്തുമെന്നു് കിംവദന്തി
കളും പരന്നു. അദ്ദേഹം ആലോചിച്ചു “കഴിവി
ന വരുമ്പോൾ, ആനന്ദൻ ഇതെല്ലാം അറി
ഞ്ഞു എത്ര സന്തോഷമായിരിക്കും!”

പുത്രൻ അവധിക്കാലത്തു വന്നപ്പോൾ, അ
ച്ഛൻറെ പെട്ടികളും നിറയെ പുസ്തകങ്ങളും അട
ക്കിയടുക്കി വച്ചിരിക്കുന്നതുകണ്ടു് കൃഷ്ണസിംഹ
നു് സന്തോഷമായിരുന്നു. മാറാക്കുട്ടികളെ
പോലെ അവൻ സമയം വൃഥാ ചിലവാക്കുക
യല്ലെന്നു കണ്ടതിൽ അദ്ദേഹത്തിനു് കൃതാർത്ഥ
തതോന്നി. പക്ഷേ പുസ്തകങ്ങളെല്ലാം ക്ലാസ്സി
ലേക്കുവേണ്ട പാഠപുസ്തകങ്ങളായിരുന്നില്ല. ഫി
ലോസഫിയിലും, ഇംഗ്ലീഷിലുമുള്ള കവിതാ സമാഹാ
രങ്ങളും, ഫ്രാൻസ്, ജൈർമ്മനി, അമേരിക്ക,
റഷ്യ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെ വിപ്ല
വകാരികളുടെ ജീവചരിത്ര സംഗ്രഹങ്ങളും മു
തലായവയായിരുന്നു. അവയിൽ അധികവും
“നിനക്ക രാഷ്ട്രീയകാര്യങ്ങളിലും താല്പര്യമുള്ള
തുകൊള്ളാം. കൃഷ്ണസിംഹൻ അനുമോദിച്ചു.
നിൻറെ അച്ഛനെപ്പോലെ നീയും ഒരു രാഷ്ട്രീ
യനേതാവായിത്തീരുമെന്നുള്ളതിൽ സംശയമില്ല”

“അച്ഛാ ക്ഷമിക്കണം” ആനന്ദൻ പറഞ്ഞു.
“എനിക്ക് ഒരു നേതാവാകണമെന്നു് ആഗ്രഹ
മില്ല – ഞാൻ ഒരു വിപ്ലവകാരിയാകും.”

അല്പം വൈമുഖ്യത്തോടെ കൃഷ്ണസിംഹൻ ശരി
വച്ചു. “അതേ അതേ. ഞങ്ങളെല്ലാം വിപ്ലവ
ത്തിനുവേണ്ടി നിലകൊള്ളുന്നവരാണ്.” പക്ഷേ
അവൻ അതു വിശ്വസിച്ചില്ലെന്നു് അവൻറെ
മുഖം വിളിച്ചു പറഞ്ഞു. ആ മുഖഭാവം കൃഷ്ണ
സിംഹനെ വ്യാകുലനാക്കി.

ആനന്ദൻ വീട്ടിൽവന്നിട്ടു കുറച്ചു ദിവസങ്ങളെ
ആയിട്ടുള്ളു. അന്നൊരു ദിവസം ഒരു കേസ്സുമായി
ഒരു കർഷകൻ അവിടെ വന്നു. ജമീന്താർ ത
ന്നെയും തൻറെ കുടുംബത്തെയും കുടിയിറക്കിയെ
ന്നും, അയാളുടെ ഗുണ്ടാകൾ തങ്ങളെ മർദ്ദിച്ചുവെ
ന്നും, കൂടിൽ തീവെച്ച നശിപ്പിച്ചുവെന്നും ആ
കർഷകൻ പരാതിപ്പെട്ടു. കൃഷ്ണസിംഹൻറെ പാ
ത്തിൽ അടിച്ചിട്ടു വീണു് അയാൾ കേണപേ
ക്ഷിച്ചു തൻറെ കേസു വാദിക്കണമേ എന്നു്.
“വക്കീൽ സാറെ. ദയവുചെയ്തു എൻറെ വസ്തു
തിരിച്ചു വാങ്ങിച്ചുതരണേ.” അയാൾ ദീനമായി
യാചിച്ചു. “അങ്ങേയ്ക്കും അങ്ങയുടെ കുടുംബത്തി
നുംവേണ്ടി ഞാൻ എന്നും ദൈവത്തോടു പ്രാർത്ഥി
ക്കാം” പക്ഷേ വക്കീൽ ഗ്രമസ്ഥൻ ചോദിച്ചു,
കൃഷ്ണസിംഹനെപ്പോലെയുള്ള ഒരു വലിയ വക്കീ
ലിനു് ഫീസുകൊടുക്കുവാൻ അയാൾക്കു കഴിവു
ണ്ടോ എന്നു്. വിറയ്ക്കുന്ന കൈകളോടെ ഉടുത്തു
ണിയുടെ തലപ്പുയർത്തിച്ചു് ഒരു ഒടിഞ്ഞുമടങ്ങിയ അ
ഞ്ചുരൂപാനോട്ടു് എടുത്തു അയാൾ നീട്ടി. ആ
വൃദ്ധനെ വക്കീൽ ഗ്രമസ്ഥൻ ഗളഹസ്തം ചെയ്തു
പോഴാണ് ആനന്ദൻ വീട്ടിലേക്കു കയറിച്ചെ
ന്നതു്. ആ സംഭവം നടന്നിട്ടു വർഷങ്ങൾ ഏറെ
യായി. എങ്കിലും അന്നത്തെ ആ സംഭാഷണം
കൃഷ്ണസിംഹൻ ഇപ്പോഴും ഓർക്കുന്നു. ഒരുവേള
ഇന്നു വികാരമൂർച്ഛന്യതയെ പ്രാപ്തിച്ചിരിക്കുന്ന
ശോകസംകുലമായ ആ നാടകത്തിൻറെ പ്രഥമാ
ങ്കമായിരുന്നിരിക്കാം അതു്!

“അച്ഛാ, അച്ഛൻ ഈ പാവപ്പെട്ട കൃഷിക്കാ
രൻറെ കേസു വാദിക്കാത്തതെന്താണ്?”

ഗ്രമസ്ഥൻ, അയാളുടെ എല്ലിച്ചാത്ത നാക്കുമാ
യി ഇടയ്ക്കുവീണു.

“കൊച്ചുണ്ണൻ അങ്ങുന്നിനറിയാൻ വയ്യാ ഇ
വന്മാരെ—ഈ കള്ളിപ്പുരിശുകളെ. കയ്യിൽ നാ
ലുകാശില്ലെങ്കിലും കേസുകൊടുക്കാൻ വന്നിരി
ക്കയാണ്—നമ്മളെ ഉപദ്രവിക്കാൻ—....”

“അച്ഛൻ എന്തു പറയുന്നു!”

“അയാൾ പറഞ്ഞതു ശരിയാണ് കുഞ്ഞേ.
“മാഹോ അങ്ങനെയോ? ശരി, അച്ഛൻ അ
യാളുടെ കേസു വാദിക്കണ്ടാ. പണം ഞാൻ
തരാം.”

ഒരു മിനിട്ടുനേരം കൃഷ്ണസിംഹൻ മിഴിച്ചു നി
ന്നുപോയി. എന്നിട്ടു പറഞ്ഞു “നമുക്കും വസ്തു
ക്കളുണ്ട്. ഇന്നു ഞാൻ ഈ കേസു വാദിച്ചാൽ,
നാളെ എൻറെ പാട്ടുക്കാർ എനിക്കെതിരായി
കേസിനു പോകും. ഇപ്പോൾതന്നെ അവർ പ
റഞ്ഞാൽ കേൾക്കാതായിട്ടുണ്ട്. നാളെ അവർ
നമ്മുടെ വസ്തുക്കൾ സ്വന്തമാക്കാൻ ശ്രമിക്കും.
ജന്മികളെ ഇല്ലാതാക്കാൻ യത്നിക്കും.”

“ജന്മിത്വം അവസാനിപ്പിക്കുമ്പോൾ അതു
സംഭവിക്കാതെ തരമില്ലല്ലോ”

“നീ ഒരു വിഡ്ഢിയെപ്പോലെ സംസാരി
ക്കാതിരിക്കൂ”

“ഞാൻ ഒരു വിഡ്ഢിയെപ്പോലെ സംസാരി
ക്കുകയല്ലച്ഛാ. ഞാൻ അങ്ങയെപ്പോലെ സംസാ
രിക്കുന്നുവെന്നേയുള്ളൂ—അങ്ങു് ഒരിക്കൽ സം
സാരിച്ചിരുന്നതുപോലെ!”

അടുത്ത ദിവസം ആനന്ദൻ പറഞ്ഞു:—“എ
നിക്ക പരീക്ഷയ്ക്കു പഠിക്കുവാനുണ്ട്. ബാക്കി
ഒഴിവുകാലം മുഴുവൻ ബനാറീസിൽ പോയിരു
ന്നു പഠിക്കുമെന്നു് ഞാൻ വിചാരിക്കുന്നു.”

പോകേണ്ടെന്നുപോലും ആ പിതാവു പറ
ഞ്ഞില്ല.

iv

ആ ദിവസംമുതൽ പിതാവിൻറെയും പുത്ര
ൻറെയും ചിന്താഗതികളുടേയും വിടവു് വർ
ദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. അവധിക്കാലങ്ങ
ളിൽ ആനന്ദൻ വീട്ടിൽ വരുമ്പോഴും, പിതാ
വും പുത്രനും തമ്മിൽ എന്തിനെ എങ്കിലുംപറ്റി
സംസാരിച്ചാൽ, പുത്രനോടല്ല ഏതോ അപരി
ചിതനോടു സംസാരിക്കുന്നതുപോലെയാണ് കൃ
ഷ്ണസിംഹനു് തോന്നാറുള്ളതു്.

താക്കൂർ കൃഷ്ണസിംഹൻ കാൺഗ്രസ്സ ടിക്ക
റ്റിൽ അസംബ്ലിയിലേയ്ക്കു തിരഞ്ഞെടുക്ക
പ്പെട്ടു. ബാഹുസഹസ്രം അനുമോദനങ്ങളും അ
ദ്ദേഹത്തിനു ലഭിച്ചു. പക്ഷേ മകൻ മാത്രം അനു
മോദിച്ചില്ല.

അഖിലേൻഡ്യാ പ്രസംഗമത്സരത്തിൽ ആന
ന്ദനു് ഒന്നാം സമ്മാനംകിട്ടി. പക്ഷേ പിതാവി
നു് അതു സന്തോഷകരമായ ഒരു വാർത്തയ
ല്ലായിരുന്നു. എന്തെന്നാൽ വാദപ്രതിവാദവിഷ
യം “ഇൻഡ്യയുടെമോക്ഷം സോഷ്യലിസത്തിൽ
മാത്രമാണ്” എന്നായിരുന്നു. അനുകൂലമായി തീ
പാറുന്ന ഒരു പ്രസംഗമാണ് ആനന്ദൻ ചെ
യ്തതു്.

താക്കൂർ കൃഷ്ണസിംഹൻ സെമിദാരന്മാരുടെ
സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. ആന
ന്ദൻ കാൺഗ്രസ്സുസോഷ്യലിസ്റ്റ പാർട്ടിയിൽ
അംഗമായിച്ചേർന്നു.

താക്കൂർ കൃഷ്ണസിംഹൻ രജപുത്രയുവജനസ

ഭ ഉൽഘാടനം ചെയ്തു. എല്ലാ വീധത്തിലുമുള്ള വർഗ്ഗവിഭാഗീയ സംഘടനകളെയും അപലപിച്ചുകൊണ്ട് ആനന്ദൻ ഒരു സോഷ്യലിസ്റ്റ പത്രത്തിൽ ലേഖനമെഴുതി.

ഒരു ജന്മിയുടെ കേസ് വാദിക്കാനായി തമിഴ്നാട് കൃഷ്ണസിംഹൻ ശ്രീമധുരയിൽ പോയി. അതിനു പ്രതിഫലമായി ഒരു ലക്ഷത്തിലധികം രൂപയാണ് ലഭിച്ചത്. ആയിടയ്ക്കാണ് വിപ്ലവപ്രസ്ഥാനവുമായുള്ള ബന്ധത്തിന്റെ പേരിൽ ആനന്ദനെ സർവ്വകലാശാലയിൽനിന്ന് ബഹിഷ്കരിച്ചത്.

യുദ്ധമാരംഭിച്ചപ്പോൾ, തമിഴ്നാട് കൃഷ്ണസിംഹൻ തിരഞ്ഞെടുക്കപ്പെട്ട മദ്രാസ് സത്യാഗ്രഹികളോടൊപ്പം, തങ്ങൾ ഇന്ന സമയത്തു സത്യാഗ്രഹം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, സൂപ്രണ്ട് വളരെ ബഹുമാനത്തോടുകൂടി അദ്ദേഹത്തെ അറസ്റ്റ് ചെയ്തു, സ്വന്തം കാറിൽതന്നെ ജയിലിലേക്ക് കൊണ്ടുപോയി, ഏ ക്ലാസ്സ് നൽകുകയും ചെയ്തു. മൂന്നു മാസത്തിനുശേഷം ജയിൽ വിമുക്തനായപ്പോൾ, ഖദർ പ്രചരിപ്പിക്കുകയെന്ന "സൃഷ്ടിപരിപാടി"യിൽ വ്യാപൃതനാവുകയും, (ഒരു സ്നേഹിതന്റെ പേരിൽ) പട്ടാളത്തിനു ബൂട്ട്സുകൾ സപ്ലൈ ചെയ്യുന്ന ഒരു കൺട്രാക്ട് എടുക്കുകയും അതിൽനിന്നും ഒരു കൊല്ലത്തിനുള്ളിൽ ഒരു ലക്ഷം രൂപാ ലാഭമെടുക്കുകയും ചെയ്തു.

ഇൻഡ്യയെ ബലാൽക്കാരമായി യുദ്ധത്തിൽ പങ്കാളിയാക്കിയതിൽ പ്രതിഷേധിക്കുന്നതിനായി ആനന്ദൻ ഒരു ഘോഷയാത്രയെ നയിക്കുകയും, ലാത്തിച്ചാർജ്ജിൽ നിരവധി പ്രഹരങ്ങൾ വാങ്ങിയശേഷം, ഇരുമുപാളിവച്ച ബൂട്ട്സ്–ഒരു പക്ഷേ അവന്റെ പിതാവു നിർമ്മിച്ച ബൂട്ട്സുകളിൽ ഒന്നായിരിക്കും—കൊണ്ട് ഭംഗിയായി തൊഴിക്കപ്പെടുകയും ചെയ്തു.

1942 ആഗസ്റ്റ് 9-ാം തീയതി തമിഴ്നാട് കൃഷ്ണസിംഹനേയും, മറ്റു പ്രമുഖനേതാക്കന്മാരേയും, സ്പെഷ്യൽ ട്രയിൻമാർഗ്ഗം കൊണ്ടുപോകപ്പെടുകയും "രാജകീയാതിഥികളായി" പഴയതെങ്കിലും സുഖസൌകര്യങ്ങൾ നിറഞ്ഞ ഒരു കോട്ടയിൽ താമസിപ്പിക്കുകയും ചെയ്തു.

1942 ആഗസ്റ്റ് 9—ാംനു- ആനന്ദനു് ലാത്തിയടികൊള്ളുകയും കണ്ണീർ വാതകം കൊണ്ടു പകൃതി മരിക്കുകയും, ദേശീയപതാക ഉയർത്തുവാൻ ശ്രമിച്ചതിനു് അറസ്റ്റു ചെയ്യപ്പെടുകയും ചെയ്തു.

ഡിറ്റൻഷൻ കാലത്തു് കൃഷ്ണസിംഹൻ ഭഗവത്ഗീതാപാരായണം ചെയ്യുകയും യോഗമുറകൾ അഭ്യസിക്കുകയും ചെയ്തു.

ജയിൽവാസക്കാലത്തു് ആനന്ദൻ "ക്യാപ്പിറ്റലും" മറ്റു മാർക്സിയൻ ഗ്രന്ഥങ്ങളും വായിച്ചു.

വീട്ടിലെപ്പോലെ സ്വന്തം പാചകക്കാരനെക്കൊണ്ടു ജയിലിലും ഭക്ഷണം പാകംചെയ്യിക്കുവാൻ കൃഷ്ണസിംഹനു ഗവൺമെന്റു് അനുവദിച്ചു.

ആനന്ദൻ മറ്റു സ്റ്റാഫ്സ് തടവുകാരോടൊപ്പം 17 ദിവസം നീണ്ടുനിന്ന ഒരു പട്ടിണി സമരം നടത്തി.

ഡിറ്റൻഷൻകാലത്തു്, നല്ല ഭക്ഷണത്തിന്റേയും വിശ്രമത്തിന്റേയും ഫലമായി കൃഷ്ണസിംഹന്റെ ഭാരം പത്തുറാത്തൽ വർദ്ധിച്ചു.

ആനന്ദന്റെ തൂക്കം പതിനഞ്ചുപൌണ്ടു കുറഞ്ഞു.

ഇതിനിടയിൽ ആനന്ദൻ തടവുചാടി "ഭൂഗർഭ"ത്തിൽ ഒളിച്ചു. രഹസ്യമായി വിപ്ലവപ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരിക്കൽ പോലീസ് അവനെ പിടികൂടിയതായിരുന്നു. ഭാഗ്യവശാൽ അവൻ രക്ഷപ്പെട്ടു—കാലിൽ ഒരു വെടിയുണ്ടയും വഹിച്ചുകൊണ്ട്.

കുറച്ചു ദിവസത്തേയ്ക്ക് ആ മുറിവു കെട്ടുവാൻകൂടി അവനു സാധിച്ചില്ല. അങ്ങനെ അതു പഴുത്തു. രണ്ടുമാസം ഒരു സ്നേഹിതന്റെ വീട്ടിൽ അവൻ കിടക്കേണ്ടിവന്നു നടക്കുവാൻകൂടി കഴിവില്ലാതെ സ്നേഹിതന്റെ വീട്ടിൽ കിടക്കുമ്പോഴാണ്, പിതാവിന്റെ സുദീർഘമായ പ്രസ്താവന അവൻ വായിച്ചതു്. അതിൽ ഒരു ഭാഗത്തു് ഇങ്ങനെ പറഞ്ഞിരുന്നു." എന്റെ മകന്റെ ഭീകരപ്രവർത്തനങ്ങളെ ഞാൻ ശക്തിയായി അധിക്ഷേപിക്കുന്നു"

കോൺഗ്രസ്സും ഗവൺമെന്റും തമ്മിലുള്ള കൂടിയാലോചനകൾ പുനരാരംഭിച്ചു. മറ്റു നേതാക്കന്മാരോടൊപ്പം കൃഷ്ണസിംഹനും വിമോചിതനായി. കുറച്ചുമാസങ്ങൾ കഴിഞ്ഞു തനിക്കെതിരായുള്ള വാറണ്ടു പിൻവലിക്കപ്പെട്ടപ്പോൾ പിതാവിനെ കാണുവാനും രാഷ്ട്രീയപ്രവർത്തനങ്ങൾ പുനരാരംഭിക്കുമുമ്പു കുറച്ചു വിശ്രമമെടുക്കുന്നതിനുമായി ആനന്ദൻ വീട്ടിൽ തിരിച്ചെത്തി. മകൻ രണ്ടും ഒരു അസ്ഥിപഞ്ജരമായിത്തീർന്നതുകണ്ടു് കൃഷ്ണസിംഹൻ അന്ധാളിച്ചു പോയി. അവർ രഹസ്യമായ അഭിപ്രായ വ്യത്യാസങ്ങൾ വിസ്മരിച്ചു് പിതാവു് ആനന്ദനെ ആശ്ലേഷിച്ചപ്പോൾ, രണ്ടുപേരുടേയും നയനങ്ങൾ അശ്രുകലുഷിതങ്ങളായിരുന്നു.

1947 ജൂൺ 3-തീയതിയാണ് മൌണ്ടുബാറ്റന്റെ അവാർഡുണ്ടായതു്.

സ്വാതന്ത്ര്യത്തോടൊപ്പം ഇൻഡ്യാ വിഭജിക്കപ്പെടുകയും ചെയ്തു. വർഗ്ഗീയവിദ്വേഷം ആളിക്കത്തുവാൻ തുടങ്ങി പാക്കിസ്ഥാനിലും ഇൻഡ്യയിലും ന്യൂനപക്ഷം ഭൂരിപക്ഷത്തിനാൽ ഉന്മൂലനാശം ചെയ്യപ്പെട്ടുകൊണ്ടിരുന്നു. വിദ്വേഷത്തിന്റെയും അക്രമത്തിന്റെയും ക്രൂരമായ തിരമാലകളെ തടഞ്ഞുനിറുത്തുകയെന്ന ഭഗീരഥയത്നത്തിൽ ആനന്ദനും, സഖാക്കളും വ്യാപൃതരായി. മുസ്ലീം സഹോദരന്മാരുടെ ജീവനും മാനവും രക്ഷിക്കുവാൻ അവർ പണിപ്പെട്ടു. തന്റെ സ്നേഹിതനും, "കറിറ് ഇൻഡ്യാ"ക്കാലത്തു തന്റെ സഹപ്രവർത്തകനുമായിരുന്ന സലീമിന്റെ ജീവൻ അപകടത്തിലാണെന്നറിഞ്ഞു, ആനന്ദൻ ബീഹാറിലുള്ള അവന്റെ ഗ്രാമത്തിൽ പാഞ്ഞെത്തി അവനേയും അവന്റെ കുടുംബത്തെയും സ്വാഗതത്തിന്റെ സുരക്ഷിതവലയത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു. ഒരു കോൺഗ്രസ്സുകാരനായ സ്വപിതാവു്, നാഷണലിസ്റ്റ് മുസ്ലീംകളായ ഇവരെ സ്വാഗതം ചെയ്യുമെന്നു് ആനന്ദനു വിശ്വാസമുണ്ടായിരുന്നു. മതാന്ധരായ സ്വജാതീയരെ എതിർക്കുകമൂലം വളരെ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നിട്ടുള്ള ഒരു മുസ്ലീം കുടുംബമാണതു്.

പക്ഷേ കൃഷ്ണസിംഹൻ പുത്രനോടു പറഞ്ഞു:– "നിന്റെ മുസ്ലീംസ്നേഹിതന്മാരെ മറ്റെവിടെയെങ്കിലും താമസിപ്പിക്കുകയാണു നല്ലതു്. ജനങ്ങൾ നമ്മെ ചൂണ്ടിക്കാട്ടി, മുസ്ലീംകൾക്ക് അഭയം നൽകുന്നുവെന്നു കുറ്റപ്പെടുത്തുന്നു."

ആനന്ദൻ പ്രതിവചിച്ചു:–"പക്ഷേ, അവർ വെറും മുസ്ലീംകളല്ല—അവർ ദേശീയവാദികളാണ് എന്നും അവർ കോൺഗ്രസ്സിന്റെ പിന്നിൽ നിന്നിട്ടുള്ളവരാണ്; മുസ്ലീംലീഗിനെതിരായി."

"ശരിയായിരിക്കാം. പക്ഷേ പാക്കിസ്ഥാനിൽ എന്താണു നടക്കുന്നതെന്നു നിനക്കറിയാമോ?"

"ഇവിടെ നടക്കുന്നതുതന്നെ അവിടെയും–അങ്ങയുടെ ഹൃദയത്തിൽ നടന്നുകൊണ്ടിരിക്കുന്നതുതന്നെ" ആനന്ദൻ വീരോടെ മറുപടി നൽകി. അന്നു രാത്രിതന്നെ സ്നേഹിതരോടുകൂടി അവൻ പോയെവിടെയോ പോയി.

വെള്ളത്തിരയിലെന്നപോലെ, ഈ സംഭവപരമ്പരകൾ കൃഷ്ണസിംഹന്റെ മനോദർപ്പണത്തിൽ പ്രതിബിംബിച്ചുകൊണ്ടിരുന്നു

അദ്ദേഹത്തിന്റെ സ്നേഹിതന്മാർ പറയും:— "താക്കൂർ സാഹിബ്, അങ്ങു മകനു വളരെ സ്വാതന്ത്ര്യം കൊടുത്തുകളഞ്ഞു. അവൻ എല്ലാ വിധത്തിലും ഒരു നിഷേധിയായിത്തീർന്നിരിക്കയാണ്" അദ്ദേഹം പ്രതിവചിയ്ക്കും—"കാര്യമാക്കാനില്ല. അവൻ പെരുപ്പമാണ്. പെരുപ്പകാലത്തു് നാമെല്ലാം സ്വപ്നം കാണാറുണ്ട്, വിപ്ലവകാരികളും നേതാക്കന്മാരുമാകണമെന്നു്. ഞാൻ എന്തെല്ലാം സ്വപ്നം കണ്ടു." കാലക്രമേണ പോരാത്തിളപ്പുള്ള ആയുവാവു് ശാരീരികമായും മാനസികമായും തണുത്തുറഞ്ഞ ശാന്തനാകുമെന്നും വീട്ടിൽ തിരിച്ചു വരുമെന്നും ആ പിതാവിനു വിശ്വാസമുണ്ടായിരുന്നു.

പക്ഷേ ആനന്ദൻ തിരിച്ചു വന്നില്ല. വന്നിട്ടുള്ളപ്പോഴെല്ലാം സ്നേഹശീലനായ ഒരു പുത്രനായിട്ടല്ല, ശത്രുവിന്റെ ഒരു പ്രതിനിധിയായിട്ടാണു്—

മന്ത്രിപദത്തിനുവേണ്ടിയുള്ള ചരടുവലിത്തങ്ങളിൽ നിന്നും താക്കൂർ കൃഷ്ണസിംഹൻ ഒഴിഞ്ഞുനിന്നു. പ്രാദേശ്യകോൺഗ്രസ്സ് കമ്മിറ്റിയിൽ നിന്നുപോലും അദ്ദേഹം ഏറക്കുറെ പിന്മാറിയ മട്ടിലായിരുന്നു. വീണ്ടും അഭിഭാഷകവൃത്തിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച അദ്ദേഹം ധാരാളം പണമുണ്ടാക്കിക്കൊണ്ടിരുന്നു. എന്നാൽ, ദേശീയ ഗ

—കഴമ്പുമി അടുത്തലക്കത്തിൽ—

വൺമെൻറ സ്ഥാപിതമായിക്കഴിഞ്ഞശേഷം, ഇൻഡ്യയിലെ വ്യവസായങ്ങളും വികസിപ്പിക്കേണ്ടതു് രാജ്യത്തോടുള്ള തൻറെ കടമയാണെന്നു് കൃഷ്ണസിംഹനു ബോദ്ധ്യപ്പെട്ടു. സെമിന്ദാരികളും ഉടനടി നിറുത്തലാക്കുമെന്നുള്ളതുകൊണ്ടു്—തന്മൂലം ലഭ്യമാകുന്ന ഭാരിച്ച നഷ്ടപരിഹാരം വ്യവസായത്തിൽ മുടക്കുവാൻ സാദ്ധ്യമാണെങ്കിലും—അതു് പ്രത്യേകിച്ചും അഭിലഷണീയമായിത്തീർന്നു. അങ്ങിനെ, ഇൻഡ്യാ ഉപേക്ഷിച്ചുപോയ ചില യൂറോപ്യൻമാരിൽനിന്നും കാൺപൂരിലുള്ള ചില തുണിമില്ലുകളും അദ്ദേഹവും ചില സ്നേഹിതന്മാരുംകൂടി വിലയ്ക്കു വാങ്ങി. അദ്ദേഹത്തിൻറെ പ്രേരണാശക്തിയുപയോഗിച്ചു് ഗവൺമെൻറ കോൺട്രാക്ടുകളും മറ്റു സൗകര്യങ്ങളും ലഭിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല. അങ്ങനെയാണു് താക്കൂർ കൃഷ്ണസിംഹൻ അഡ്വക്കേറ്റ്, സേട്ടു് കൃഷ്ണസിംഹൻ മില്ലുടമസ്ഥൻ, ആയിത്തീർന്നതു്!

പക്ഷെ നിർഭാഗ്യവശാൽ ദേശീയവ്യവസായത്തിലുള്ള പുരോഗതിയുടെ പ്രവാഹത്തെ സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് മണൽത്തിട്ടകളും തടഞ്ഞുനിറുത്തി. തൊഴിലാളികളും പണിമുടക്കി മില്ലുകളും അടച്ചുപൂട്ടി. പുകക്കുഴലുകളും ശൂന്യമായി.

പണിമുടക്കു പൊളിക്കുന്നതിൽ ദീർഘകാലത്തെ പരിചയമുള്ള കൃഷ്ണസിംഹൻറെ മാനേജർ, തൊഴിലാളി ഐക്യം ശിഥിലമാക്കുവാൻ എന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കണമെന്നുപദേശിച്ചു. "യജമാനഭക്തി"യുള്ള തൊഴിലാളികൾക്കു് എക്സ്ട്രാ കൂലികൊടുത്തു പ്രേരണ നൽകണമെന്നും വാടകയ്ക്കെടുത്ത ഗുണ്ടകളെക്കൊണ്ടു പിക്കറിംഗു ചെയ്യുന്നവരെ ഭീഷണിപ്പെടുത്തണമെന്നും, സമാധാനഭഞ്ജകരെന്ന നിലയിൽ തൊഴിലാളി നേതാക്കന്മാരെ അറസ്റ്റ് ചെയ്യുവാൻ ഗവൺമെൻറിനെ പ്രേരിപ്പിക്കണമെന്നും, അയാൾ ഉപദേശിച്ചു. പക്ഷേ മുതലാളിത്തത്തിൻറെ മാർഗ്ഗങ്ങളിൽ വെച്ചും ഒരു ബാലപാഠക്കാരനായ സേട്ടു് കൃഷ്ണസിംഹൻ ആ മാർഗ്ഗങ്ങളും അവലംബിക്കുവാൻ ഇഷ്ടപ്പെട്ടില്ല. ടെയിഡ് യൂണിയൻ പ്രവർത്തകരുമായി തൻറെ നിയമപാണ്ഡിത്യംകൊണ്ടു് ഒന്നുപയറാമെന്നതന്നെ അദ്ദേഹം ഉറച്ചു. അതുകൊണ്ടു്, തൊഴിലാളിനേതാവുമായി കൂടിയാലോചന നടത്തുവാൻ തൻറെ ആഗ്രഹമുണ്ടെന്നു തൊഴിലാളികളെ അറിയിക്കുവാൻ അദ്ദേഹം മാനേജരോടു് ആജ്ഞാപിച്ചു.

V

പണിമുടക്കുകാരുടെ നേതാവിനെ കണ്ടപ്പോൾ കൃഷ്ണസിംഹൻ ഞെട്ടിപ്പോയി; ആനന്ദൻ! അപ്പോൾ, അവനാണു് അവരുടെ നേതാവു്!....കഴിഞ്ഞ കുറച്ചു മാസങ്ങൾക്കുള്ളിൽ അവൻ വളരെ പ്രകൃതരൂപിയായിത്തീർന്നിരുന്നു. ഷേവു ചെയ്യാത്ത മുഖം; നാറിക്കീറിയ വസ്ത്രങ്ങളും; ക്ഷീണംകൊണ്ടു കണ്ണുകൾ കുഴിഞ്ഞുതാണുപോയിരുന്നു. പക്ഷേ അലൗകികമായ ഒരു തേജസ്സു് ആ കണ്ണുകളിൽ തെളിഞ്ഞുകാണാം. മാതൃഭൂമി ശബ്ദത്തിൽപോലും കാഠിന്യവും ദുഷ്ടതയും ധ്വനിക്കുന്നുണ്ടായിരുന്ന ഇന്നു "ശത്രു" വിനെയേങ്കിലും വാദിക്കുവാനാണു് അവൻ ആഗതനായിട്ടുള്ളതു് എങ്കിലും അവൻ സ്വന്തം പുത്രനല്ലെ? അടക്കാനാവാത്ത വികാരത്തള്ളൽകൊണ്ടു് അദ്ദേഹത്തിൻറെ ഹൃദയസ്പന്ദനം ഒരു നിമേഷത്തേക്കു നിലച്ചുപോയി

"ഞാൻ എന്തെങ്കിലും പാരിതോഷികം പറവാനല്ല ഇന്നിവിടെ വന്നിരിക്കുന്നതു്" ആനന്ദൻറെ മുഖഭാവം ഇങ്ങനെയായിരുന്നു. "അങ്ങു എൻറെ പിതാവാണു്. അതുകൊണ്ടു്, ഒരു പുത്രനെന്ന നിലയിൽ അങ്ങയ്ക്കു്, അങ്ങു് അകപ്പെട്ടിരിക്കുന്ന അപായവലയത്തെപ്പറ്റി, മുന്നറിയിപ്പു നൽകുവാനാണു് ഞാൻ വന്നിട്ടുള്ളതു്"

"അപായമോ?"

"അതേ—ഉടനടിയുണ്ടാകുന്ന അപായം"

ഒരുപക്ഷേ തന്നെ വധിക്കുവാൻ തൊഴിലാളികളും ബുദ്ധാലോചന നടത്തുന്നുണ്ടായിരിക്കുമെന്നും അതിൻറെ മുന്നറിയിപ്പു നൽകുവാനാണു് ആനന്ദൻ വന്നിട്ടുള്ളതെന്നും കൃഷ്ണസിംഹൻ ഊഹിച്ചു. ആ ഊഹം തെറ്റിപ്പോയി എന്നു് ആനന്ദൻ വേഗംതന്നെ ഗ്രഹിക്കുകയും ചെയ്തു.

"അല്ലല്ല, അങ്ങയുടെ ജീവനു് ആപത്തൊന്നുമില്ല. ഞാൻ മുന്നറിയിപ്പു നൽകുന്ന അപായം അങ്ങയുടെ സമുദായത്തിനാണു്, സാമ്പത്തിക ക്രമത്തിനാണു്, അങ്ങയുടെ ഗവൺമെൻറിനാണു്".

മുതലാളിത്തത്തെയും സോഷ്യലിസത്തെയും പറ്റിയുള്ള പഴക്കമേറിയ ആ വാഗ്വിവാദം വീണ്ടും വർദ്ധിച്ച വാശിയോടെ നടന്നു. പക്ഷേ ഈ പ്രാവശ്യം കൃഷ്ണസിംഹൻ ഒരു പുതിയ ആയുധം പ്രയോഗിച്ചു.

"ആനന്ദാ, നീയും നിൻറെ പണിമുടക്കുകാരുംകൂടി നശിപ്പിക്കുവാൻ ശ്രമിക്കുന്ന ഈ മില്ലു് നിൻറെ സ്വത്താണെന്നകാര്യം നീ ഓർക്കുന്നുണ്ടോ?" ശവക്കുഴിയുടെ ആസന്നമായ സ്വാഗതം പറച്ചിലിൻറെ പ്രതിധ്വനിയെന്നപോലെ ഒന്നു ചുമച്ചുകൊണ്ടു് വിഷാദമഗ്നതയോടെ "ഹാ! എൻറെ ദിനങ്ങളും എണ്ണപ്പെട്ടുകഴിഞ്ഞുവെന്നു നിനക്കറിഞ്ഞുകൂടെ."

ചെറുപുഞ്ചിരിയോടുകൂടി ആനന്ദൻ പ്രതിവചിച്ചു. "അങ്ങയുടെ സാമൂഹ്യക്രമവും അധികകാലം നിലനിൽക്കുവാൻ പോകുന്നില്ല. മുതലാളിത്തം മരിച്ചുകഴിഞ്ഞ കെട്ടുനാറുന്ന ആ ശവത്തിൻറെ ഒരു കഷണം മാംസംകൊണ്ടു് എന്നെ പ്രലോഭിപ്പിക്കുവാൻ ശ്രമിക്കരുതെ!"

പിതാവിൻറെ ക്ഷമയുടെ അളപ്പൊട്ടിത്തകർന്നുപോയി "ആനന്ദാ നീ ഓർമ്മിച്ചോ. നിനക്കു ഞാൻ നാലുകാശു തരികയില്ല നിന്നെ ഞാൻ എൻറെ അവകാശിയല്ലാതാക്കിത്തീർക്കും"

"അച്ഛൻ അതിനായി സമയം പാഴാക്കേണ്ട. അങ്ങയുടെ സ്വത്തു് ഞാൻ എന്നേ വലിച്ചെറിഞ്ഞുകഴിഞ്ഞു. അങ്ങയുടെ സമൂഹം പോലും"

കൃഷ്ണസിംഹൻ കോപം അടക്കിക്കൊണ്ടു വീണ്ടും പുത്രനെ ഉപദേശിക്കുവാൻ തയ്യാറായി. "ആനന്ദ, ഞാൻ പറയുന്നതു കേൾക്കൂ. ഈ വഡ്ഢിത്തരങ്ങൾ—കമ്മ്യൂണിസവും സോഷ്യലിസവും—വലിച്ചെറിയൂ. എന്തൊക്കെ പറഞ്ഞാലും ഞാൻ നിൻറെ അച്ഛനല്ലെ. ഞാൻ പ്രവർത്തിക്കുന്നതെല്ലാം നിൻറെ നന്മയ്ക്കുവേണ്ടിയാണു്. ഞാൻ പറയുന്നതുപോലെ പ്രവർത്തിക്കുകയല്ലെ നിൻറെ കടമ?"

"അച്ഛാ, അച്ഛൻ എന്നും മുത്തച്ഛൻറെ പിതാവിൻറെ അഭിമതമനുസരിച്ചു തന്നെയാണോ പ്രവർത്തിച്ചിട്ടുള്ളതു്?" വളരെ സൗമ്യതയോടെ ആനന്ദൻ ചോദിച്ചു. "പുത്രന്മാർ പിതാക്കന്മാരെ അനുസരിച്ചുതുടങ്ങിയാൽ അതു തികച്ചും യുക്തിഹീനമായ ഒരു പരിതഃസ്ഥിതിയാണു സൃഷ്ടിക്കുക. പുത്രന്മാർ—'അനശ്വരരായ പുത്രന്മാർ' എന്നാണു പ്ലേറ്റോ അവരെപ്പറ്റി പറയുന്നതു—എന്നും അവരുടെ പിതാക്കന്മാരെ അനുസരിച്ചിരുന്നെങ്കിൽ ഇന്നും നാം ഗുഹാന്തർഭാഗങ്ങളിലായിരിക്കും ജീവിച്ചുവരുന്നതു്. മരവുരികളും, മൃഗചർമ്മങ്ങളും ധരിച്ചു്, കല്ലുരച്ചു തീയുണ്ടാക്കി, ഭൂമി പരന്നിരിക്കുന്നുവെന്നു വിശ്വസിച്ചു്, സൂര്യനേയും, പാമ്പിനേയും, വൃക്ഷങ്ങളേയും ആരാധിച്ചു്, നാം കഴിയുമായിരുന്നു." ആനന്ദൻ, അവൻറെ പ്രത്യേകതയായ ആ പുഞ്ചിരിയോടെ തുടർന്നു:—"അച്ഛാ, ഞാൻ പറയുന്നതു വിശ്വസിക്കൂ പുരോഗതിയുടെ രഹസ്യം പുത്രന്മാർ പിതാക്കന്മാരുമായി വിയോജിക്കുന്നതും അവരുടെ അഭിലാഷങ്ങളെ അനുസരിക്കാതിരിക്കുന്നതുമാണു്."

താത്വികമായ ഒരു വാഗ്വിവാദത്തിൽ പങ്കുകൊള്ളുവാൻ കൃഷ്ണസിംഹൻ തയ്യാറില്ലായിരുന്നു, പണിമുടക്കുമൂലമുണ്ടായിക്കൊണ്ടിരുന്ന ഭീമമായ നഷ്ടത്തെപ്പറ്റി ഓർത്തു അദ്ദേഹത്തിൻറെ മനസ്സു് എരിഞ്ഞുകൊണ്ടിരുന്നു. ആ നഷ്ടത്തിനു് ഉത്തരവാദി സ്വന്തം പുത്രനാണെന്നുള്ളതു തികച്ചും ജുഗുപ്സാവഹമായ ഒരു പരമാർത്ഥമായി അദ്ദേഹം കരുതി.

ക്രമേണ അദ്ദേഹത്തിൻറെ ശബ്ദം പരുഷത പകർന്നു. "നിനക്കറിയാമോ, നിന്നെ പണിമുടക്കു പ്രമാണിച്ചു, ഇതുവരെ അസ്സറെയ്യാതിരുന്നതു് എന്തുകൊണ്ടാണെന്നു്? ഞാൻ മൂലമാണെന്നു നിനക്കറിയാമോ? തൊഴിലാളികളുടെ തലമണ്ടയ്ക്കു തെളിച്ചമുണ്ടാകുന്നതിനു് ആ മാർഗ്ഗങ്ങളും പ്രയോഗിക്കുവാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. ഈ അസന്തോഷകരമായ അവസ്ഥ രമ്യമായി പരിഞ്ഞാകണമെന്നു് എനിക്കു ആഗ്രഹമുണ്ടായിരുന്നു. പക്ഷേ ഇനി ഞാൻ നിർബന്ധിതനാകും....."

"എന്നെ അസ്സറെയ്യുവാൻ ആവശ്യപ്പെട്ടതിനു്, അല്ലേ?" ആനന്ദൻ ആശയം പൂർത്തിയാക്കി. "പോരെ, ഞങ്ങളെ ലാത്തിച്ചാർജ്ജു നടത്താനും, വെടിവയ്ക്കാനും അങ്ങു വേഗം

തന്നെ നിർബന്ധിതനായിത്തീരും. എന്തെല്ലാം മുഗീയതകളാ കാട്ടിക്കൂട്ടുവാനാണ് മുതലാളിത്തം അങ്ങയെ പ്രേരിപ്പിക്കുവാൻ പോകുന്നതെന്നു് അങ്ങയ്ക്കു അറിഞ്ഞുകൂടാ"

മാർദ്ദവമില്ലാത്ത, ധിക്കാരിയായ, തീപാറുന്ന കണ്ണുകളുള്ള, മയ്യാഴിയില്ലാത്ത ഈ പ്രജ്ഞാശാരി, തന്റെ പുത്രനോ? അല്ല. അല്ല. ഒരിക്കലുമല്ല?

"ഇറങ്ങിപ്പോകൂ" കൃഷ്ണസിംഹൻ അട്ടഹസിച്ചു "ഇന്നു മുതൽ നീ എന്റെ പുത്രനല്ല. ഞാൻ നിന്റെ അച്ഛനുമല്ല. ഇനി നീയുമായി എനിക്കു ഒരു കാര്യവുമില്ല."

"അതെനിക്കു പണ്ടേ അറിയാം. അന്നു ആ കർഷകന്റെ കേസ് വാദിക്കാതിരുന്നില്ലേ, അന്നുമുതൽ ഗവണ്മെന്റിനെ പ്രീതിപ്പെടുത്താൻ വേണ്ടി എനിക്കെതിരായി ആ പ്രസ്താവന പുറപ്പെടുവിച്ചില്ലേ, അന്നു മുതൽ; എന്റെ സുഹൃത്തുക്കൾക്കു് മുസ്ലീംകളായതുകൊണ്ടു അഭയം കൊടുക്കാതിരുന്നില്ലേ, അന്നു മുതൽ.

"എറങ്ങെടാ. എനിക്കു നിന്റെ വേദാന്തമൊന്നും കേൾക്കണ്ട നീന്നെ എനിക്കു കാണുകയെ വേണ്ടാ" കൃഷ്ണസിംഹന്റെ ഉഗ്രശബ്ദം സീലിങ്ങിൽ തട്ടി പ്രതിധ്വനിച്ചു.

ആനന്ദൻ മിതത്വമെങ്കിലും, ദൃഢനിശ്ചയവും, മൂർച്ചയും കലർന്ന സ്വരത്തിൽ, വികാരാധീനനാകാതെ പറഞ്ഞു—"ശരി അങ്ങയുടെ ഇഷ്ടം പോലെ ഇനി അങ്ങു എന്നെക്കാണുമെന്നു് ഭയപ്പെടേണ്ട"

എന്നിട്ടു അവൻ അവിടെ നിന്നു ഇറങ്ങിപ്പോയി" തുടച്ചു വെടിപ്പാക്കാത്ത, ഉപ്പൂറാതേഞ്ഞ ചെരിപ്പു് അവൻ നടന്നു മായുമ്പോൾ—എന്നെന്നേക്കുമായി—മാർബിൾ പാളികൾ പാകിയ ആ വരാന്തയിലുണ്ടാക്കിയ പരുഷമായ ശബ്ദത്തിൽ, ദൃഢനിശ്ചയത്തിന്റെയും അന്തുമായ തീരുമാനമെടുക്കലിന്റെയും മാറ്റൊലി മുഴങ്ങിക്കേൾക്കാമായിരുന്നു; ഒരു വെല്ലുവിളിയും സമരപ്രഖ്യാപനവും പോലെ "ഞാൻ ഒരിക്കലും വരികയില്ല. ഒരിക്കലും! ഒരിക്കലും!! ഒരിക്കലും!!!

VI

ഭയാനകമായ ശൂന്യത ആ വലിയ മാളികയെ—കൃഷ്ണസിംഹന്റെ ഹൃദയത്തെയും—വീഴുങ്ങിക്കഴിഞ്ഞിരുന്നു. ആ വലിയ മുറിയിലുള്ള എല്ലാം—ഓരോമേശയിലും, ഓരോ ഫോട്ടോയും, ഓരോ പ്രതിമയും—അദ്ദേഹത്തെ പരിഹസിക്കുന്നതുപോലെ തോന്നി. ഒരു ശത്രുവിനെയല്ല, ഏക പുത്രനെ "ഒരിക്കൽ ഞാനും അച്ഛനെപ്പോലെ ഒരു നേതാവാകും" എന്നു് പിഞ്ചുകൈകൊണ്ടു തനിക്കു കത്തെഴുതിയ ചുരുണ്ട മുടിയുള്ള, പുഞ്ചിരിക്കൊള്ളുന്ന പീഞ്ചുപൈതലിനെ, അടിയുടെ പാടുകൾ കിടന്ന കൈത്തലം കാണിച്ചുകൊണ്ടു "അച്ഛാ ഞാൻ കരഞ്ഞില്ല, ആ ഇംഗ്ലീഷുകാരന്റെ മുമ്പിൽ വച്ചു്, ഞാൻ കരഞ്ഞില്ല" എന്നു് സാഭിമാനം പറഞ്ഞിട്ടു പൊട്ടിക്കരഞ്ഞ ക്ഷണവും ഉൾത്തുടിപ്പും സചലതയും ഉടലെടുത്ത കൊച്ചു വിദ്യാർത്ഥിയെ ആണു് താൻ പടിക്കു പുറത്താക്കിയതെന്നു് അന്തരംഗം അദ്ദേഹത്തോടു ക്രൂരമായി മന്ത്രിച്ചുകൊണ്ടിരുന്നു. ഇന്നു ഗോരക്കടത്തിവിട്ടതു്, ഏക പുത്രനെ മാത്രമല്ല, ആ ഏക പുത്രന്റെ അമ്മയെയും,—സഭയ്ക്കു രാധയെയും ജയിലിലേക്കു ആ പാവനചരിത എഴുതുകയാണു് "എനിക്കു ഭഗവാനെങ്കിൽ ജയിലിൽ നിന്നുവരുമ്പോൾ, ദർശനസൗഭ്യം ലഭിക്കുമാറാകും"—അവർ മരിച്ചുപോയി. എങ്കിലും ഗവൺമെന്റിനോടു് ഒരു ആനുകൂല്യത്തിനിരന്നു് ആദർശങ്ങൾക്കു വിലപേശുവാൻ ആ സുചരിത അനുവദിക്കുമായിരുന്നില്ല.

ഭാര്യയേയും പുത്രനേയും അടിച്ചു പുറത്താക്കിയ കൃഷ്ണസിംഹൻ് ആ വീട്ടിലെ—ലോകത്തിലെ, മനുഷ്യജീവിതത്തിന്റെ—ഏകാന്തത അസഹനീയമായിത്തോന്നി. പക്ഷേ, ഒരാൾ, ഇനിയും ശേഷിപ്പുണ്ടു്; അദ്ദേഹം ഏകാകിയല്ല, വൃദ്ധനായ സ്വപിതാവു് ഇന്നും ജീവിച്ചിരിപ്പുണ്ടു്. താക്കൂർ ഹരണസിംഹൻ ഏകാകിയായി ഗ്രാമത്തിലുള്ള അവരുടെ തറവാട്ടിൽ താമസിക്കുകയായിരുന്നു. എഴുപതിനോടടുപ്പം പ്രായമുള്ള അദ്ദേഹത്തിനു് ഓർമ്മകെട്ടു തുടങ്ങിയിരുന്നു കൃഷ്ണസിംഹൻ വളരെ അപൂർവമായെ അദ്ദേഹത്തെ കണ്ടിരുന്നുള്ളു. പക്ഷേ ഇന്നു അദ്ദേഹത്തെക്കണ്ടു ആനന്ദനെപ്പറ്റി സംസാരിക്കുവാൻ കൃഷ്ണസിംഹൻ ഉറച്ചു കൃഷ്ണസിംഹന്റെ ഹൃദയവ്യഥ മനസ്സിലാക്കുവാൻ ഒരു പിതാവിനുമാത്രമെ സാദ്ധ്യമാവുകയുള്ളു.

കാറുകൊണ്ടുവരുവാൻ അദ്ദേഹം ആജ്ഞാപിച്ചു. ഗ്രാമത്തിലെ പൊടിപുരണ്ട തെരുവുകൾ താണ്ടി അദ്ദേഹം ആ പഴയ ഗൃഹസന്നിധിയിലെത്തി.

കൃഷ്ണസിംഹന്റെ കാർ വന്നുനിന്നപ്പോൾ വൃദ്ധനായ ഹരണസിംഹൻ സന്ധ്യാപൂജയിൽ വ്യാപൃതനായിരിക്കുകയായിരുന്നു. പൂജയുടെ പരിപാവനതയെ ഭഞ്ജിച്ച ആ വൈദ്യുതഹോണിന്റെ ശബ്ദംകേട്ടു് വൃദ്ധൻ ക്രുദ്ധനായി പരിചാരകരെ പുലഭ്യം പറയുകയായി "വിഡ്ഢികൾ! ഞാൻ ആയിരംതവണ പറഞ്ഞിട്ടില്ലെ രാക്ഷസന്മാരുടെ രഥം എന്റെ നാലുവേലിക്കകത്തു് കയറാറി വിടരുതെന്നു്. എന്റെ ഒരു ശാപംകൊണ്ടു് അതിനെ ഭസ്മമാക്കുന്നതുകാണുവാൻ നിങ്ങൾക്കു കൊതിയുണ്ടോ?"

പല്ലകൾ കൊഴിഞ്ഞു്, രോമമെല്ലാം നരച്ച ആ പടുവൃദ്ധന്റെ ശബ്ദം അര മൈലകലെ നിന്നാൽപോലും കേൾക്കത്തക്കവണ്ണം അത്ര ഗംഭീരമായിരുന്നു. കണ്ണിന്റെ കാഴ്ചനശിച്ചിട്ടും കണ്ണടവയ്ക്കുവാൻ ആ ശാഠ്യക്കാരൻ തയ്യാറില്ല. അതുപോലെ കൃത്രിമപ്പല്ലും അദ്ദേഹം വേണ്ടെന്നുവച്ചു. വൃദ്ധന്റെ നേരെ മുമ്പിലാണു് കൃഷ്ണസിംഹൻ നിന്നതെങ്കിലും വൃദ്ധനു് ആളിനെ മനസ്സിലായില്ല.

"ആരതു്?"

"ഞാനാണു്—കൃഷ്ണൻ"

"ഓടിക്കോ, രാജകള്ളാ—കൃഷ്ണഭഗവാൻ ഒരിക്കലും രാക്ഷസന്റെ രഥത്തിൽ കയറിവരികയില്ല" ഇങ്ങനെ പറഞ്ഞുകൊണ്ടു് അദ്ദേഹം രുദ്രാക്ഷമെണ്ണി മന്ത്രോച്ചാരണംചെയ്തുകൊണ്ടിരുന്നു.

"അച്ഛാ ഞാൻ കൃഷ്ണഭഗവാനല്ല അങ്ങയുടെ പുത്രൻ—കൃഷ്ണൻ"

"എനിക്കു മകനില്ല ഞാൻ ആരുടെയും അച്ഛനുമല്ല"

വളരെ കൊല്ലങ്ങൾക്കുമുമ്പു് കൃഷ്ണസിംഹൻ നിസ്സഹകരണപ്രസ്ഥാനത്തിൽ പങ്കെടുത്തതിനു അദ്ദേഹത്തെ പിതാവു് പടിപ്പുരകടത്തി വിട്ടകയുണ്ടായി; അന്നു് താക്കൂർ ഹരണസിംഹൻ ഇതേ വാക്കുകൊണ്ടുതന്നെയാണു് പറഞ്ഞതു്, വയസ്സായപ്പോൾ കാലദോഷാവസ്ഥകളെല്ലാം വന്നുചേർന്ന പാവം വയസ്സൻ എന്തൊക്കെയോ പറയുന്നുണ്ടു് എന്നു തലയുമില്ലാതെ ഉരുവിടുക പതിവായിരുന്ന വൃദ്ധനു് കൃഷ്ണഭഗവാനും കൃഷ്ണനും എല്ലാം ഒന്നുതന്നെ. ഭൂതവും വർത്തമാനവും എല്ലാം ഏകമയം.

"അച്ഛാ, ഞാൻ പറയുന്നതു ഒന്നു കേട്ടാലും. ഞാൻ അങ്ങയുടെ പുത്രനായ കൃഷ്ണസിംഹനാണു്. അങ്ങയോടു ചിലതെല്ലാം എനിക്കു പറയുവാനുണ്ടു്. എന്റെ മകൻ ആനന്ദൻ വീട്ടിൽനിന്നും എന്നെന്നേക്കുമായി പൊയ്ക്കഴിഞ്ഞു"

"അതേ! അതേ!" പഴയകാര്യങ്ങളിൽ വ്യാപരിച്ചുകൊണ്ടിരുന്ന ആ വൃദ്ധഹൃദയം പ്രതിവചിക്കുകയായി "കൃഷ്ണൻ വീട്ടിൽനിന്നുപോയി. ഞാൻ തന്നെയാണു് അവനെ പടിക്കു പുറത്താക്കിയതു്."

"അവൻ ഒരു സോഷ്യലിസ്റ്റാണു്. എന്റെ മില്ലിൽ അവൻ പണിമുടക്കിനു നേതൃത്വംകൊടുക്കുന്നു." കാര്യങ്ങൾ വിശദമായി പറഞ്ഞുകേൾപ്പിച്ച പിതാവിന്റെ സഹായത്തിനായ്ക്കൂടി കൃഷ്ണസിംഹൻ വ്യഗ്രതയായി.

"അതേ, എനിക്കറിയാം, അതെല്ലാം ആ ഗാന്ധിയുടെ വേലയാണു്. അയാളാണു് ചെറുപ്പക്കാരെ വഷളാക്കി ദുഷ്പ്രേരണ നൽകുന്നതു്. കള്ളക്കടത്തുകാരനും തന്നെയാണു് എന്നോടു പറഞ്ഞതു്."

"ഞാൻ ആനന്ദനെപ്പറ്റി പറയുകയാണച്ഛാ" കൃഷ്ണസിംഹൻ ക്ഷമകെട്ടു് ആക്രോശിച്ചു് വൃദ്ധന്റെ പദമയിൽ കൂടിയുള്ള മാനസിക പര്യടനം കൃഷ്ണസിംഹനെ ഇതികർത്തവ്യതാമൂഢനാക്കിത്തീർത്തു.

"കള്ളക്കടത്തുകാരൻ സാർ, ഞാൻ അവനെ വീട്ടിനു പുറത്താക്കുമെന്നു് ഭീഷണിപ്പെടുത്തും. അപ്പോൾ അവൻ മദ്ധ്യേ പഠിക്കും. 17 തലമുറകളായി താക്കൂർകുടുംബം ചക്രവർത്തി തിരുമനസ്സിലെ വിശ്വസ്തരായ പ്രജകളാണു്. താക്കൂർ കുടുംബത്തിലെ ഒരംഗം എങ്ങനെ രാജദ്രോഹിയാകും?"

പ്രജ്ഞ നശിച്ച വൃദ്ധന്റെ തലയ്ക്കു അല്പം വെളിച്ചം നൽകുവാൻ കൃഷ്ണസിംഹൻ വീണ്ടും

ഒരു ശ്രമം നടത്തി. "അച്ഛാ, ഭയവുപെയ്ത ഒർമ്മിക്കണെ, ഇതു ആയിരത്തി തൊള്ളായിരത്തി ഇരുപത്തിരണ്ടല്ല, തൊള്ളായിരത്തി അമ്പതാണ്. അങ്ങയുടെ പൌത്രൻ വീടുവിട്ടിറങ്ങിപ്പോയി; സോഷ്യലിസ്റ്റ് കക്ഷിയിൽ ചേർന്നിരിക്കുന്നു. നമ്മെയെല്ലാം—ജന്മിമാർ, പ്രഭുക്കന്മാർ വ്യാപാരപ്രമുഖന്മാർ—എല്ലാരെയും നശിപ്പിക്കുവാൻവേണ്ടി"

പക്ഷേ പഴമയുടെ പ്രതിധ്വനികളായ നിരർത്ഥക വാക്യങ്ങളും വൃദ്ധൻ ഉരുവിട്ടുകൊണ്ടിരുന്നു "രാജാവു് ദൈവത്തിന്റെ പ്രതിപുരുഷനാണ്. രാജാവിനു് എതിരായി ആയുധമെടുക്കുന്നവൻ ഇഹലോകത്തും പരലോകത്തും പാപിയായിരിക്കും."

സ്വന്തം ജീവിതത്തിലെ ഈ അടിസ്ഥിതിഘട്ടത്തിൽ ഒരൊറ്റ സാന്ത്വന വാക്കെങ്കിലും കേൾക്കുവാൻ കൃഷ്ണസിംഹന്റെ ഹൃദയം ഉൽക്കടമായി കൊതിച്ചുകൊണ്ടിരുന്നു. "അച്ഛാ" അദ്ദേഹം യാചിച്ചു, നിരാശ നിറഞ്ഞ സ്വരത്തിൽ, "അവൻ അവന്റെ വർഗ്ഗത്തിന്റെ, സ്വന്തം കുടുംബത്തിന്റെ, അവന്റെ പിതാവിന്റെ—അവനെ താലോലിച്ചു് ഓമനിച്ചു വളർത്തിയ പിതാവിന്റെ—ഒരു ശത്രുവായിത്തീർന്നതു പരിതാപകരമല്ലേ?"

"അതു ഭയങ്കരമായ ഒരു സംഭവമാണ്" വൃദ്ധൻ വെടിപൊട്ടുംപോലെ വിളിച്ചു പറഞ്ഞു. പിതാവിന്റെ മൃതമായ മുഖയിൽ അല്പം വെളിച്ചം കയറിയെന്നു കൃഷ്ണസിംഹൻ സമാശ്വസിച്ചു. പക്ഷേ അടുത്തനിമിഷം, കൃഷ്ണസിംഹൻ നിരാശനാകേണ്ടിവന്നു. ഹരണസിംഹൻ പറയുകയാണ്:—"നിശ്ചയമായും അതു ഭയങ്കരംതന്നെയാണ്. ഇംഗ്ലീഷ് ഗവൺമെന്റു നമ്മുടെ അച്ഛനും അമ്മയുമാണ് ഗവൺമെന്റില്ലായിരുന്നുവെങ്കിൽ ടെമിന്ദാരന്മാരായ നാം എന്നേ മുടിഞ്ഞുള്ളവാരുമായിരുന്നു. —ഒരു സെമിന്ദാരുടെ പുത്രൻ എങ്ങനെ ഗവൺമെന്റിനു് എതിരായി നിൽക്കും? ഇല്ലില്ല: അതൊരിക്കലും സാദ്ധ്യമല്ല!!"

വളരെ വർഷങ്ങൾക്കുമുമ്പു് കൃഷ്ണസിംഹൻ കോൺഗ്രസ്സിൽ ചേർന്നപ്പോൾ പിതാവു പറഞ്ഞ അതേ വാക്കുകൾ സുരണയുടെ സ്വനഗ്രാഹി ആ പഴയ റിക്കാർഡുകൾ പാടിക്കൊണ്ടിരുന്നു.

"അച്ഛാ, അങ്ങെന്താണീ പറയുന്നതു്? ഇതു് 1950—നാണു് നാം ഇപ്പോൾ സ്വതന്ത്രരാണ്. ഇംഗ്ലീഷ് ഗവൺമെന്റു് നമുക്കു സ്വമനസ്സാലെ സ്വാതന്ത്ര്യം തന്നു ഇന്നു കാലമെല്ലാം മാറിപ്പോയി. ഈ ആനന്ദനും സഖാക്കളും ഈ സോഷ്യലിസ്റ്റുകളും കമ്മ്യൂണിസ്റ്റുകളും"

"ഇതെല്ലാം ആ ഗാന്ധിയുടെ കുത്തിത്തിരിപ്പുകളാണ്. ഇന്നു് അയാളും ഗവണ്മെന്റിനെതിരായി ജനങ്ങളെ അക്രമത്തിനു പ്രേരിപ്പിക്കുന്നു. നാളെ ജന്മികൾക്കെതിരായി കർഷകരെ ഇളക്കിവിടും. ഈ വിപ്ലവാഗ്നി പടർന്നുപിടിച്ചു കഴിഞ്ഞാൽ, കെടുത്തുക എളുപ്പമല്ല....."

"അച്ഛാ, അവർ വർഗ്ഗസമരത്തെപ്പറ്റി പ്രസംഗിച്ച നാടിനു തീവയ്ക്കുകയാണ്."

"അവർക്കു സ്വാതന്ത്ര്യം വേണം" വല്ലിച്ചാത്ത ആ കിഴവൻ പരിഹാസത്തോടെ പറഞ്ഞു. "അവന്മാർ കൂവിവിളിക്കുകയാണ് "ഇൻക്വിലാബ് സിന്ദാബാദ്"!.....ഒരു താക്കൂറിന്റെ മകൻ പോലും ഈ ദ്രോഹികളുടെ കൂടെ....."

"അച്ഛാ അച്ഛാ," ക്ഷമ നശിച്ച കൃഷ്ണസിംഹൻ വിളിക്കുകയാണ്. ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നാൽ, തനിക്കു ഭ്രാന്തുപിടിക്കുമെന്നു കൃഷ്ണസിംഹൻ ഭയന്നു.

"കാമ്മിച്ചോള കൃഷ്ണാ" വയസ്സൻ വീറ്റുള്ള തെങ്കിലും ഉഗ്രമായ സ്വരത്തിൽ തുടർന്നു. "ഞാൻ നിനക്കു് ഒരു കാര്യത്തിലും തരില്ല. നിന്നെ സ്വത്തിന്റെ അവകാശിയല്ലാതാക്കിത്തീർക്കും....."

ആരാണ് ഈ വാക്കുകൾ ഉച്ചരിച്ചതു്? എപ്പോൾ? തന്റെ അച്ഛൻ 25 വർഷങ്ങൾക്കു മുമ്പു തന്നോടു പറഞ്ഞതോ—അഥവാ ആനന്ദനോടു് താൻ തന്നെ മുന്നാലു മണിക്കൂറുകൾക്കു മുമ്പു് പറഞ്ഞതോ? കൃഷ്ണസിംഹന്റെ തല കറങ്ങി; ബുദ്ധിഭ്രമം ചെയ്തു തുടങ്ങി. ഭൂതവും വർത്തമാനവും കൂടുങ്ങിക്കുഴഞ്ഞു അദ്ദേഹം അന്ധാളിച്ചു് മോഹമൂർച്ഛിതനെപ്പോലെ നിലകൊണ്ടു.

ഇടറിയ കണ്ണുത്തിൽ വികാരാധീനനായി വൃദ്ധനായ ഹരണസിംഹൻ സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ മങ്ങിയ കണ്ണുകളിൽ കണ്ണീർ കണങ്ങൾ തിളങ്ങുന്നുണ്ടായിരുന്നു." "കൃഷ്ണാ ഞാൻ പറയുന്നതു കേൾക്കൂ ഈ വിസ്തീർണ്ണം—കോൺഗ്രസ്സും ഗാന്ധിയും വലിച്ച ദുരയൊഴിയുക. എന്തൊക്കെ പറഞ്ഞാലും ഞാൻ നിന്റെ അച്ഛനാണ്. നിന്റെ നന്മയെ ഉദ്ദേശിച്ചു മാത്രമാണ് ഞാൻ പറയുന്നതു്? ഞാൻ പറയുന്നതു പോലെ കേൾക്കേണ്ടതു് നിന്റെ കടമയല്ലേ?"

"പുത്രന്മാർ പിതാക്കന്മാരെ അനുസരിക്കുവാൻ തുടങ്ങിയാൽ അതു ഭയങ്കരമായ യുക്തിഹീനതയായിത്തീരും. പുത്രന്മാർ പിതാക്കന്മാരെ അനുസരിക്കാതിരുന്നില്ലെങ്കിൽ, അങ്ങയ്ക്കുറിയാമോ നാമിന്നും ഗ്രഹാന്തർഭാഗങ്ങളിൽ ജീവിക്കുമായിരുന്ന മരവുരിയും മൃഗചർമ്മവും ധരിച്ചു്, കല്ലുകൊണ്ടു ഉരസി തീയുണ്ടാക്കി ഭ്രമിപരന്നിരിക്കുന്നുവെന്നു് വിശ്വസിച്ചു്, സൂര്യനെയും, പാമ്പിനെയും വൃക്ഷത്തെയും ആരാധിച്ചു, ജീവിക്കുമായിരുന്ന അച്ഛാ. ഞാൻ പറയുന്നതു വിശ്വസിച്ചാലും, പുരോഗതിയുടെ രഹസ്യം പുത്രന്മാർ പിതാക്കന്മാരുമായി വിയോജിക്കുന്നതും അവരെ അനുസരിക്കാതിരിക്കുന്നതുമാണ്"

തന്റെ നാക്കുകൾ ഈ വാക്യങ്ങൾ ഉച്ചരിയ്ക്കുന്നതുകണ്ടു് കൃഷ്ണസിംഹൻ അന്ധാളിച്ചുപോയി. പിതാവു് ആക്രോശിക്കുകയാണ് "ഇറങ്ങുപുറത്തു്. എനിക്കു നിന്റെ മുഖവും കാണേണ്ട; നിന്റെ ശബ്ദവും കേൾക്കേണ്ട"

'ശരി. അങ്ങയുടെ അഭിമതംപോലെ ഇനിയൊരിക്കലും അങ്ങു് എന്റെ മുഖം കാണുകയില്ല" കൃഷ്ണസിംഹൻ പറഞ്ഞു. പക്ഷേ മുമ്പു് എവിടെയോവച്ചു് ഈ വാക്കുകൾ കേട്ടിട്ടുണ്ടു്, ഈ നാടകം കണ്ടിട്ടുണ്ടു് എന്നു കൃഷ്ണസിംഹനു് ഒരു തോന്നൽ. തന്റെയും വിവേചനാശക്തി നശിക്കുകയാണോ?

പിതാവിനെ വെടിഞ്ഞു, കൃഷ്ണസിംഹൻ സ്വഗേഹത്തിലേക്കു തിരിച്ചുപോന്നു.

vii


വീട്ടിൽ തിരിച്ചുവന്നപ്പോൾ, വൈദ്യുതദീപങ്ങൾകൊണ്ടു സമുജ്ജ്വലമായ സല്ലാപമുറിയുടെ വാതിലുകൾ, ആരുടേയോ ആഗമനം പ്രതീക്ഷിച്ചെന്നപോലെ തുറന്നു വിശാലമായി കിടക്കുന്നതാണു കൃഷ്ണസിംഹൻ കണ്ടതു്. എല്ലാം അദ്ദേഹം പോയപ്പോഴുണ്ടായിരുന്നതുപോലെതന്നെ. മതിലിലിരുന്നുകൊണ്ടു പിതാമഹന്മാർ തുറിച്ചുനോക്കുന്നു. കൃഷ്ണഗോവണം അദ്ദേഹത്തിന്റെ രാധയും അനശ്വരവും സ്വർഗ്ഗീയവുമായ കാമലീലയിൽ വിലയംകൊണ്ടു പുഞ്ചിരിക്കൊള്ളുന്നു. ശ്രീബുദ്ധന്റെയും ഗാന്ധിജിയുടേയും പ്രതിമകൾ താല്പര്യത്തോടെ ഉറ്റുനോക്കുന്നു. വെള്ളനിറമുള്ള ഗാന്ധിത്തൊപ്പി സേഫിന്റെ മുകളിൽ ഇരിക്കുന്നുണ്ടു് എവിടെയും നിശ്ശബ്ദത, നിശ്ചലത, മൃതത്വം; ആ കലണ്ടറൊഴികെ കാലത്തിന്റെ പിറാവുപോലെ അതു് കാറ്റിൽ പറന്നുകൊണ്ടിരുന്നു. അതുപോലെ ആ പഴക്കംചെന്ന ഘടികാരം അവ്യക്തമെങ്കിലും അർത്ഥഗർഭമായ എന്തോ സന്ദേശം ലോകത്തിനു സംപ്രേഷണംചെയ്തുകൊണ്ടിരിക്കുന്നു.!

വിളക്കുകൾ ഒരേസമയം കൃഷ്ണസിംഹൻ അണച്ചു. ഫാരാവായുടെ ശവകുടീരംപോലെയുള്ള ഗംഭീരമായ ആ മണിമാളിക കൂരിരുട്ടിന്റെ പാതാളക്കുണ്ടിലേക്കു നിപതിച്ചു.

(പകർപ്പവകാശം: സർദ്ദാർ സിൻഡിക്കേറ്റ്)

ഓണം വിശേഷാൽ പ്രതിയിലെ ലേഖനം

ശ്രീ. എം കെ കുമാരൻ ഇപ്രകാരമെഴുതുന്നു:—കുമുദി ഓണംവിശേഷാൽ പ്രതിയിൽ ഞാൻ എഴുതിയിരുന്ന ലേഖനം, "സോഷ്യലിസ്റ്റ്" എന്നൊരു പത്രത്തിന്റെ അധിപരായ മൂർക്കാളയ്യൻ ഒരു വ്യവപ്പുണ്ടായിയായി വ്യാഖ്യാനിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നു. എന്റെ ലേഖനം, ഏതോ ഒരു ഇംഗ്ലീഷ് ലേഖനത്തിന്റെ തർജ്ജമയാണെന്നാണ് അയാൾ നാണമില്ലാതെ തട്ടിമൂളിക്കുന്നതു്. ഈ പത്രാധിപരത്തലയൻ മലയാളത്തിലെ അധഃപതനസാഹിത്യകാരന്മാരുടെ മകനോ മരുമകനോ ആരാണെന്നെനിക്കു നിശ്ചയമില്ല. ആ ലേഖനം അയാളെ ഇത്ര പൊടിപ്പിച്ചതിന്റെ കാരണവും എനിക്കു മനസ്സിലാകുന്നില്ല. ഏതായാലും, ഏതു് 'ഇങ്കുരീസി'ന്റെ തർജ്ജമയാണു് എന്റെ ലേഖനമെന്നു പറയുവാൻ ഞാൻ അയാളെ വെല്ലുവിളിച്ചുകൊള്ളുന്നു.



[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്ക് ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപക്ക് എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കുറിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അഞ്ചുരൂപാ സമ്മാനം ലഭിക്കും. പത്രാധിപർ]

ജി. നിർമ്മലാസനൻ, എസ്. എൻ കാളേജ്.

എനിക്ക് വിശക്കുന്നു. പക്ഷെ ആ വിശപ്പിൽ കൂടി പരശതം പട്ടിണിപ്പാവങ്ങളെ എനിക്ക് കാണുവാൻ കഴിയുന്നു. അധികനേരം അങ്ങനെ കണ്ടുകൊണ്ടു നിൽക്കുവാൻ എനിക്ക് സാദ്ധ്യമല്ല. എന്താണിതിനൊരു നിവൃത്തി. വേഗം പറയൂ.

അതു യുക്തിയിൽ പരിഹാരം കണ്ടുപിടിക്കാവുന്ന ഒരു പ്രശ്നമല്ല നിങ്ങൾ ചോദിച്ചിരിക്കുന്നതു്. വിശക്കുന്ന അനേകലക്ഷം ഒന്നുചേർന്നു സംഘടിതമായി വിശന്നു മരിക്കാൻ തയ്യാറില്ലെന്നു പറയണം. മറ്റൊരു പോംവഴിയുമില്ല.

ററി. എം. ഭാസ്കരൻ, തൃശ്ശൂർ

മുതലാളിത്തം ഉന്മൂലനം ചെയ്യാൻ കൊവാപ്പറേറ്റീവ് സൊസൈറ്റിക്കു സാദ്ധ്യമാണോ?

അല്ല.

യു. കെ. ന്യായക്കോട്ട്, എം. ജി. കാളേജ്

താങ്കൾ സ്വീകാര്യയോഗ്യമായിട്ടുള്ള ചോദ്യങ്ങൾ തുണവൽഗണിക്കുകയും അനാവശ്യമായ ചില ചോദ്യങ്ങൾക്കു ഉത്തരംകൊടുക്കുകയും ചെയ്യുന്നു എന്നു പൊതുജനങ്ങളുടെയിടയിൽ പറഞ്ഞു തുടങ്ങിയിരിക്കുന്നതു ശരിയാണോ?

ആദ്യത്തേതു തെറ്റാണു്. രണ്ടാമത്തേതു ശരിയല്ലേ എന്നു എനിക്കും സംശയമുണ്ടു്.

വി. രാമസ്വാമി, അമ്പലപ്പുഴ

മാർക്സ് ജീവിച്ചിരുപ്പുണ്ടായിരുന്നുവെങ്കിൽ ഗാന്ധിയൻ ആദർശങ്ങൾക്കു അനുസൃതമായി തന്റെ പരിപാടികൾ ഭേദഗതി ചെയ്യുമായിരുന്നോ?

ഭേദഗതി ചെയ്താൽ അദ്ദേഹം മാർക്സിസ്റ്റല്ലാതായിത്തീരുമായിരുന്നു എന്നു കാര്യം തീർച്ചയാണു്.

പി. ഗോപാലൻ, ബോംബേ

അങ്ങു ആർ. എസ്. പി. യുടെ ഒരു നേതാവാണോ?

അല്ല. ഞാൻ ആർ. എസ്. പി. യുടെ രാഷ്ട്രീയ പരിപാടിയിൽ വിശ്വസിക്കുന്നുണ്ടു്.

എ. സഖറിയാ, നന്തൻകോട്ട്

പൊരിയുന്ന വയറുകൾ – അവ ആറുംബാംബിനേക്കാൾ ഭയങ്കരമാണോ?

ഒന്നുചേർന്നു സംഘടിച്ചാൽ ആറുംബാംബിനു അവരെ പരാജയപ്പെടുത്താൻ സാദ്ധ്യമല്ല.

ഭൗതിക പുരോഗതിയിൽ മനുഷ്യൻ മാനസികമായി അധ:പതിക്കുന്നതെന്തുകൊണ്ടു്?

യഥാർത്ഥമായ ഭൗതിക പുരോഗതി മാനസിക പുരോഗതി ഉൾക്കൊള്ളുന്നുണ്ടു്.

നയനങ്ങളിൽ കണ്ണുനീർ ഇല്ലായിരുന്നുവെങ്കിൽ സ്ത്രീയുടെ ഏറ്റവും വലിയ ആയുധം എന്താകുമായിരുന്നു.

കണ്ണീരിന്റെ ഇഷ്ടതോഴിയായ ജിഹ്വ.

ജീവിത സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും ഒരിലയുടെ രണ്ടു വശങ്ങളല്ലേ?

ഒന്നു മറ്റൊന്നിനോടു ഉരസാത്തകാലത്തോളം "അതെ"

ലോകത്തെ ഇന്നു ഭരിക്കുന്ന ഏറ്റവും വലിയ രാഷ്ട്രീയചിന്താഗതി എന്തു്?

ഒന്നല്ല—രണ്ടുണ്ടു്. മുതലാളിത്തവും സോഷ്യലിസവും ചേർന്ന രണ്ടു ഭാഗങ്ങളിലായി മാറിനിന്നു ലോകം ഭരിക്കുകയാണു്.

വിവേകമുള്ള മനുഷ്യൻ ആത്മഹത്യയുടെ വശംവദനാകുമ്പോൾ വിവേകമില്ലാത്ത മൃഗങ്ങൾ അതിനു മടിക്കുന്നു. എന്തുകൊണ്ടു്?

മനുഷ്യന്റെ വിവേകം ആത്മഹത്യാപരിഹാരമായി നിർദ്ദേശിക്കുന്ന സമൂഹചുറ്റുപാടിൽ മനുഷ്യൻ മൃഗത്തെക്കാൾ കഷ്ട

—കുമുദി ആഴ്ചപതിപ്പ്—

മാണ്. മൂഗങ്ങളും പ്രാകൃതകമ്യൂണിസ്റ്റ് സമൂഹത്തിലാണ് ജീവിക്കുന്നത്.

ഭാരതം ഏഷ്യയുടെ നേതൃത്വം വഹിക്കുന്നതിനോട് നിങ്ങൾക്കുള്ള അഭിപ്രായമെന്താണ്?

ഒരു രാഷ്ട്രവും രാഷ്ട്രസമുച്ചയങ്ങളുടെയെങ്കിലും നേതൃത്വത്തിനാഗ്രഹിക്കാത്ത ഒരു ലോകവ്യവസ്ഥിതിയാണ് ഞാൻ ഭാവനചെയ്യുന്നത്.

ഒരു തൊഴിലാളിയുടെ സ്വപ്നം എന്തായിരിക്കും?

യാഥാർത്ഥ്യങ്ങളുടെ പൂണ്ടുപിലക.

ജി. സത്യഭാമ, വെട്ടിക്കവല

ഒരു വിദ്യാർത്ഥിക്കു മർദ്ദിതജനതയുടെ ഉന്നതിക്കുവേണ്ടി എന്തു പ്രവർത്തിക്കാൻ കഴിയും?

ജനസമുദായത്തിലെ മറ്റു വിഭാഗങ്ങളെപ്പോലെ വിദ്യാർത്ഥികൾക്കും വളരെയേറെ പ്രവർത്തിക്കാൻ കഴിയും

ജി. സി. ആശാൻ, കന്നത്തൂർ.

നിങ്ങൾ വിമാനത്തിലും ക്രോംപെറ്റു കന്നിലും കയറി ഉയരുന്നതോടൊപ്പം എന്നെപ്പോലുള്ള കഷ്ടതയനുഭവിക്കുന്ന സാമാന്യജനങ്ങളിൽ നിന്നും അകന്നുപോകുന്നതായും എനിക്കു തോന്നുന്നു. അതിൽ എന്താണഭിപ്രായം.

നിങ്ങൾ ചവിട്ടി പുറത്താക്കുന്ന ഘട്ടംവരെ ഞാൻ നിങ്ങളോടൊപ്പം കാണും.

ഇവിടത്തെ "ഗവമ്മെൻറ് പ്രസ്നോട്ട്" എന്നാൽ എന്താണ്.

കായ്യം എല്ലാവരും അറിഞ്ഞശേഷം താമസിച്ചു വന്നുപേടുന്ന കഥയില്ലായ്മകം എന്നു പറയാം.

പി. എസ് രാമചന്ദ്രൻപിള്ള, ചെങ്ങന്നൂർ

വിപ്ലവാദർശങ്ങളിൽ വിശ്വസിക്കുന്ന ഒരു യഥാർത്ഥ സോഷ്യലിസ്റ്റ് ഗവമ്മെൻറ് ഭരണമേറെടുത്താൽ ഇൻഡ്യയിലെ ഭക്ഷ്യപ്രശ്നം പരിഹരിക്കാൻ സാദ്ധ്യമാണോ?

തീർച്ചയായും സാദ്ധ്യമാണ്.

വി. ജനാർദ്ദനൻ, ചേർത്തല.

ബൂർഷ്വാ ജനാധിപത്യവിപ്ലവംപോലും നടക്കാത്ത ഇന്നത്തെ ഇൻഡ്യയിൽ സോഷ്യലിസ്റ്റ് റീയലിസ്റ്റിക് കൃതികൾക്കുള്ള പശ്ചാത്തലവും പ്രചോദനവും ലഭ്യമാകുമോ?

ബൂർഷ്വാ ജനാധിപത്യവിപ്ലവം നടന്നിട്ടേയില്ല എന്ന വാദം ശരിയാണെന്നു തോന്നുന്നില്ല. നടന്നു. പക്ഷെ പൂർണ്ണമായിട്ടില്ല. ഈ പശ്ചാത്തലത്തിൽ സോഷ്യലിസ്റ്റ് റീയലിസം സാദ്ധ്യമാണോ എന്ന സാങ്കേതികവാദത്തെപ്പറ്റി അഭിപ്രായം പറയാൻ തല്ക്കാലം ഞാൻ മുതിരുന്നില്ല. സോഷ്യലിസ്റ്റ് റീയലിസം എന്ന സാഹിത്യശാഖയിൽപ്പെട്ട സോവിയറ്റുകൃതികളേക്കാൾ ഉപരിമിക്കാവുന്ന സാഹിത്യസൃഷ്ടി മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

കെ. ധർമ്മൻ, മുണ്ടം

താങ്കൾ വിഭാവനചെയ്യുന്ന പുതിയ വ്യവസ്ഥിതിയിൽ തൊഴിലാളികൾക്കർഹിക്കുന്ന അവകാശങ്ങളും താങ്കളുടെ തൊഴിലാളികൾക്കു ലഭിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

ലഭിക്കുന്നില്ല. ഞാൻ അവകാശങ്ങൾ നൽകിയാൽ അവർ തൊഴിലാളിവർഗ്ഗത്തിൽനിന്നും മറ്റു മുതലാളിവർഗ്ഗത്തിലേക്കു കടക്കേണ്ടിവരും. അവരും മാത്സര്യത്തിനതീതരായിയില സ്വീകരിക്കും. അവർ മുതലാളിമാരാകും—ഇല്ലെങ്കിൽ മുതലാളിത്തപരാജയങ്ങളാകും.

ആർ. എസ്. പണിക്കർ, കവിടിയാർ

കിറുക്കില്ലാത്ത കൗമുദി ചന്ദ്രികയില്ലാത്ത രാത്രിപോലെയല്ലേ. ഇതിൽ താങ്കളുടെ അഭിപ്രായമെന്തു?

ചന്ദ്രിക കിറുക്കു പിടിപ്പിക്കുമെന്നു ഞാൻ ഇപ്പോഴാണറിയുന്നതു്. എന്തായാലും മി. കാത്തികേയൻ ഈ ചോദ്യം ശ്രദ്ധിക്കണം.

വി. ഗോപിനാഥൻ നായർ, പുഴവാതു്

നിങ്ങൾ സ്വപ്നം കാണുന്ന കേരളം കെട്ടിപ്പടുക്കുവാൻ കമ്യൂണിസ്റ്റുകാരുൾപ്പെടെയുള്ള ഇടതുപക്ഷകക്ഷികളുടെ ഒരു ഐക്യമുന്നണി സൃഷ്ടിച്ചുവിപ്ലവത്തിനു നേതൃത്വം നൽകുവാൻ നിങ്ങൾ തയ്യാറാകുമോ?

ആ നല്ല കാര്യം ചെയ്യുവാൻ ഈ രാജ്യത്തു എന്നെക്കാൾ യോഗ്യന്മാരായ ആണുങ്ങൾ വേറെയുണ്ട്.


ലക്ഷ്മിക്കുട്ടി, പിരപ്പൻകോട്

ദാമ്പത്യം മനുഷ്യജീവിതത്തിൽ പുരോഗമനപരമായ ഫലം പ്രദാനം ചെയ്യുന്നുണ്ടോ?

ദാമ്പത്യമില്ലാതെ പുരോഗതി സാദ്ധ്യമല്ലെന്നകാര്യം തീർച്ചയാണ്. അതിൻറെ രൂപവും ഭാവവും ചിലപ്പോൾ മാറിയെന്നു വന്നേക്കാം.

പ്രകൃതിയിലെ ഏറ്റവും ഹൃദ്യമായ സൗന്ദര്യം എന്താണ്?

പ്രകൃതിസൃഷ്ടികൾക്കെല്ലാം തന്നെ ബാഹ്യമോ ആന്തരികമോ ആയ ഒരു സൗന്ദര്യമുണ്ട്. ഏതാണ് കൂടുതൽ ഹൃദ്യമെ



ജേക്കബ്ബ് ജോൺ, കൈരളീമഠം

നമ്പർ 78

'കൗമുദിലീഗിനും' നമ്മുടെ ചേച്ചിയ്ക്കും
മംഗളമെന്നും കൈവന്നിടേണം
ബാലർനാം എല്ലാരുമൊന്നുചേർന്നിടണം,
ലീഗിൻ പ്രവർത്തനം ഭംഗിയാക്കാൻ.
ജാതിമതഭേദ ചിന്തകൾക്കുടാതെ
തോളോടുതോൾ ചേർന്നുപോയിടേണം.

ഇന്നു നാമെല്ലാരുമൊന്നുചേർന്നീടുകിൽ
നമ്മാൽ കഴിയാത്തകാര്യമുണ്ടോ?
ബാലകർ, നമ്മുടെ വൻകഴിവൊക്കെയും
ലോകർകണ്ടാനന്ദം പൂണ്ടിടേണം.
'കൗമുദിലീഗിനും' നമ്മുടെ ചേച്ചിയ്ക്കും
മംഗളമെന്നും കൈവന്നിടട്ടെ.

ന്നകാര്യം മാരോരുത്തരുടെയും അഭിരുചിയെ ആശ്രയിച്ചിരിക്കും.

കെ. ജി. സുശീലൻ, കോട്ടയം

ഒരു മുതലാളിയും ഒരു സമർത്ഥനായ തൊഴിലാളിയും ക്രൂടിവന്നാൽ നിങ്ങളുടെ സഹോദരിയെ ആർക്കു വിവാഹം ചെയ്തുകൊടുക്കും?

അതു തീരുമാനിക്കേണ്ടതു അവളാണു്.

കെ. ജെ. ഏബ്രഹാം, പിറവം.

ധനവാനും ദരിദ്രനുമില്ലെങ്കിൽ ലോകം മുൻപോട്ടു പോകുമോ?

ധനവാനും ദരിദ്രനുമുണ്ടെങ്കിൽ ലോകം "മുൻപോട്ടു" പോകുകയില്ല.

കുടുംബഭരണത്തിൽ സ്ത്രീക്കോ പുരുഷനോ പ്രാധാന്യം കൂടുതൽ?

ഒരു നേരമ്പോക്കു പറയാം. മദ്രാസിലെ ഒരു ഗവണ്മെന്റർ പറഞ്ഞതാണു്. അദ്ദേഹം വിവാഹിതനായപ്പോൾ ഭാര്യയും ഭർത്താവുമായി ഒരു കരാർചെയ്തു. എല്ലാ പ്രധാനകാര്യങ്ങളിലും അവസാന തീരുമാനം ഭർത്താവിനും അപ്രധാനകാര്യങ്ങളിൽ ഭാര്യയ്ക്കുമായിരിക്കുമെന്നു്. മുപ്പതുവർഷത്തെ ദാമ്പത്യജീവിതത്തിനു ശേഷം അദ്ദേഹം പറഞ്ഞു "എന്റെ ജീവിതത്തിൽ പ്രധാനപ്പെട്ട ഒരു കാര്യവും ഇന്നുവരെ ഉണ്ടായിട്ടില്ല"

കെ. കൗസല്യ, കോട്ടയം.

ഇതേവരെയുള്ള മത്സരങ്ങളിൽ ഒന്നിനും താങ്കൾ സ്വീകൃ സമ്മാനം നൽകാതിരുന്നതു് എന്തുകൊണ്ടാണു്?

ഇത്തവണ കൗസല്യയ്ക്കും തരാൻ മനസ്സുതോന്നിയില്ല. ഇക്കാരണത്താലാണു മറവുള്ളവർക്കും കിട്ടാത്തതു്.

ചോദ്യം ഗവർമ്മെന്റു നടപടിക്കു വിധേയമാകുമോ?

ആവോ!

രണ്ടണ ഏറ്റവും ബുദ്ധിപൂർവ്വം ചിലവഴിക്കുന്നതെങ്ങിനെ?

ഇപ്പോഴത്തെപ്പോലെ കൗമുദി ആഴ്ചപ്പതിപ്പുതന്നെ വാങ്ങുക.

പത്രാധിപർ 'മാമു'വിന്റെ ചിത്രം വായനക്കാർക്കു നല്കുമോ?

ചിത്രംവരപ്പിൽ ഞാൻ അത്ര വിദഗ്ദ്ധനല്ല. മാമുവിനോടുതന്നെ പറഞ്ഞുനോക്കാം ഒരു സ്വയം നിർമ്മാണം നടത്താൻ.

ഇപ്പോൾ താങ്കൾ വായിച്ചുകൊണ്ടിരിക്കുന്ന പുസ്തകം ഏതാണു്?

ബൈബിൾ.

കെ. പി. വിശ്വംഭരൻ നായർ, തിരുവനന്തപുരം.

സോഷ്യലിസ്റ്റു ചിന്താഗതിയുള്ള തൊഴിലാളിയായ എന്റെ ഒരു സ്നേഹിതൻ ഇന്നിതാ വർഗ്ഗീയതയുടെ വികൃത സന്താനങ്ങളായ ഹിന്ദുമണ്ഡലത്തിന്റെയും കാ. ഡെ. പാർട്ടിയുടെയും വലയിൽ അകപ്പെട്ടിരിക്കുന്നു. അയാളെ വീണ്ടെടുക്കാൻ എന്റെ നാക്കിനു കെല്പില്ല. എന്നെ സഹായിക്കുമോ?

നാക്കുകൊണ്ടല്ല. പ്രവൃത്തികൊണ്ടാണു് അവരെ വീണ്ടെടുക്കുകയോ അകറ്റുകയോ ചെയ്യേണ്ടതു്. ഇങ്ങനെ മുട്ടറ്റം കൊള്ളാവുന്ന പൊടിപ്പുക്കാർ നശിച്ചിട്ടുണ്ടു്. അവർ ഒരു നൂറ്റാണ്ടു താമസിച്ചാണു് ജനിച്ചതെന്നേ പറയേണ്ടതുള്ളൂ.

സമ്മാനം

ഈ ആഴ്ചയിൽ ഏറ്റവും നല്ല ചോദ്യത്തിനും അയച്ചതിനുള്ള 5 രൂപ സമ്മാനം ഏ. സഖറിയാ, നന്തൻകോടിനു നൽകുന്നു.

—പാട്ടിന്റെ സന്ദേശം

എൻ. എസ്. പി. പണിക്കർ

കൗമുദി ആഴ്ചപ്പതിപ്പിന്റെ 16-ാം ലക്കത്തിൽ ശ്രീ തകഴി ശിവശങ്കരപ്പിള്ള എഴുതിയ പാട്ടിന്റെ സന്ദേശം ഒരു "ശാസ്ത്രീയവിജയ" മാണെന്നു് ശ്രീ. കെ. ബാലകൃഷ്ണൻ പറഞ്ഞ കാണുന്നു. സംശയങ്ങളും തർക്കങ്ങളുമുള്ള ഒരു കാര്യമാണിതു്. സാമൂഹ്യജീവിയായ മനുഷ്യനു് ഒറപ്പെട്ട നിൽക്കുക സാദ്ധ്യമല്ലെന്നു് സമ്മതിക്കുമെങ്കിൽ എന്റെ സംശയങ്ങളും, തർക്കങ്ങളും വ്യക്തിപരമായിരിക്കുവാൻ ഇടയില്ലെന്നു് തീർച്ചയാണു്. അവ എന്നെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുകയും ചെയ്യുന്ന ഒരു വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്നതാണു്. ഈ അർത്ഥത്തിൽ ഞാൻ പ്രതിനിധീകരിക്കുന്ന ചിന്താഗതി ആരുടേതാണു്? അതിനു് ശാസ്ത്രീയമായ പിശകുവല്ലതുമുണ്ടെങ്കിൽ എന്തൊക്കെയാണു്? പാട്ടിന്റെ സന്ദേശത്തെ ഞാൻ നോക്കിക്കാണുവാൻ ശ്രമിച്ചതു് ഏതു നിലയിലാണു്? എന്റെ നോക്കിക്കാണലിൽ വന്ന ഏതുമാതിരിയുള്ള പിശകുകൊണ്ടാണു്, താങ്കൾ പറയുംപോലെ പാട്ടിന്റെ സന്ദേശം ഒരു ശാസ്ത്രീയവിജയമായി കൂട്ടാക്കാൻ ഞാൻ തയ്യാറാകാത്തതു്? പാട്ടിന്റെ സന്ദേശം ശാസ്ത്രീയവിജയമാണെന്നു് എന്നെക്കൊണ്ടു് സമ്മതിപ്പിച്ചില്ലെങ്കിലും തരക്കേടില്ലായെന്ന മനോഭാവം താങ്കൾക്കുണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നില്ല. അതിനും ഒരു കാര്യമുണ്ടു്, ഞങ്ങളെപ്പോലുള്ളവരേയുംകൂടെ പുതിയ ഉയർച്ചയുടെ പന്ഥാവിലേയ്ക്കു് നയിക്കുവാനുള്ള ബോധപൂർവകമായ ഒരു ശ്രമമാണല്ലോ തകഴിയുടെ ശാസ്ത്രീയവിജയത്തിനടിസ്ഥാനമായി നിൽക്കേണ്ടതു്.

അതുകൊണ്ടു് ഞങ്ങളിലുള്ള ഏതു ചിന്താഗതിയാണു് പാട്ടിന്റെ സന്ദേശം ശാസ്ത്രീയവിജയമായി കാണുന്നതിൽ നിന്നു് ഞങ്ങളെ വിലക്കുന്നതെന്നു് വ്യക്തമാക്കുവാൻ ഞാൻ കൗമുദി പത്രാധിപർ ശ്രീ: കെ. ബാലകൃഷ്ണനോടഭ്യർത്ഥിക്കുന്നു.

സമകാലീനവർഗ്ഗബന്ധങ്ങളെ അപഗ്രഥിക്കുന്ന ഒരു മാർക്സിസ്റ്റുകാരനു് ഒന്നാമതായി വേണ്ടതു് സാർവ്വലൗകികവീക്ഷണഗതിയല്ലേ? സാർവലൗകിക പശ്ചാത്തലത്തിൽ ഇൻഡ്യൻ പ്രശ്നങ്ങളെയും അവയുടെ അടിസ്ഥാനത്തിൽ നാം ജീവിക്കുന്ന ചുറ്റുപാടുകളേയും മാർക്സിസ്റ്റു് അടിസ്ഥാനത്തിൽ പരിശോധിക്കുകയെന്നുള്ളതാണു് ഒരു മാർക്സിസ്റ്റിന്റെ നിരീക്ഷണത്തിനടിസ്ഥാനമെന്നു് ഞാൻ മനസ്സിലാക്കുന്നു. ഈ നിലപാടിൽ നിന്നുകൊണ്ടായിരിക്കണമല്ലോ ഒരു പുരോഗമന സാഹിത്യകാരനും, തന്റെ കലാസൃഷ്ടി നടത്തേണ്ടതു്.

ലോകാരംഭം മുതൽ വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളുമുണ്ടു്. വർഗ്ഗസമരങ്ങളിലൂടെയല്ലാതെ പുരോഗതി സാധിച്ചിട്ടുമില്ല. മൻകാലങ്ങളിൽ നടന്നിട്ടുള്ള വർഗ്ഗസമരങ്ങളേക്കാൾ ബോധപൂർവ്വകവും വ്യക്തമായ പരിപാടികളോടുകൂടിയതുമായ വർഗ്ഗസമരങ്ങളാണല്ലോ ഇന്നു് നടക്കുന്നതു്. നാം ഇന്നു് എവിടെ നിൽക്കുന്നു? എങ്ങോട്ടു പോകണം? എങ്ങിനെ പോകണം? എന്തിനു് വേണ്ടി പോകണം? എന്നു് വ്യക്തമായ ബോധവും പരിപാടിയും നമുക്കുണ്ടു്. സാമൂഹികചലനങ്ങളെ സംബന്ധിച്ച ഈ ശാസ്ത്രീയബോധമാണു്, സമകാലീന വർഗ്ഗബന്ധങ്ങളെ അപഗ്രഥിക്കുന്നതിൽ നമ്മെ നയിക്കുന്നതു് എന്നു് ഞാൻ മനസ്സിലാക്കുന്നു. സമകാലീന വർഗ്ഗബന്ധങ്ങളെ അപഗ്രഥിക്കുന്നതിൽ, മാർക്സിയൻ തത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഒരു കലാകാരൻ എത്രകണ്ടു വിജയിച്ചു എന്നതിന്റെ ആശ്രയിച്ചാണല്ലോ ആ കലാസൃഷ്ടിയുടെ ശാസ്ത്രീയവിജയം തീരുമാനിക്കുക.

ലോകത്തിലെ മൂന്നിൽ രണ്ടു ഭാഗത്തിലധികം വരുന്ന ജനവിഭാഗം സ്വന്തം മണ്ണിൽനിന്നു് മുതലാളിത്വത്തെ കുടപുഴക്കിയെറിയുകയും, സോഷ്യലിസത്തിനേറുതായ പന്ഥാവിലൂടെ മുന്നേറുകയുമാണു്. കൊളോണിയൽ രാജ്യങ്ങളിലേ ജനങ്ങളുകെ നടത്തുന്ന വിമോചനപ്പോരാട്ടം ആയുധമേന്തിയ വിപ്ലവത്തിന്റെ പതനത്തിലേക്കയന്നിരിക്കുന്ന ഒരു വിപ്ലവകാലഘട്ടവുമാണിതു്.

ജനങ്ങളുടെതായ ഈ മുന്നേറ്റത്തെ ചോരയിൽ മുക്കിക്കൊല്ലണമെന്ന "ആഗ്രഹ"ത്തോടുകൂടി ലോകം ഇന്നുവരെ ദർശിച്ചിട്ടുപോലുമില്ലാത്ത മാരകായുധങ്ങളുമായി മുതലാളിത്വപടക്കളത്തിൽ ഇറങ്ങിയിരിക്കുകയാണു്. ആറ്റംബോംബും, ഹൈഡ്രജൻബോംബും, യദ്ധബഡ്ജറ്റുകളുമൊക്കെ മുതലാളിത്വത്തിന്റെ അന്തംവിട്ടനിലയേയാണു് സൂചിപ്പിക്കുന്നതു്. ഈ വിപ്ലവകാലഘട്ടത്തെ അപഗ്രഥിക്കുന്നതിൽ ശ്രീ. തകഴി എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു് നമുക്കു പരിശോധിക്കുക.

"ആ ഗായകൻ മർദ്ദിതന്റെ വിമോചനസമരത്തിലെ ഒരു ഭടനാണു്. ആ സമരരംഗത്തു് അത്രത്തോളം സാധിച്ചിട്ടുള്ള ഒരു ഗാനമാണിതു്. ആ ഗാനത്തിനു് താളമില്ല. ചിട്ടയില്ല. അഭ്യാസംകൊണ്ടു് തെളിഞ്ഞ ശ്രുതമായ കണ്ണത്തിൽ നിന്നല്ല അതു് പുറപ്പെടുന്നതും. ജയിൽപുള്ളികൾ മാത്രമല്ല, പാറാക്കാരും പാട്ടുശ്രദ്ധിക്കാറുണ്ടായിരുന്നു. തോക്കു തോളിൽവെച്ചു് പ്രതിമപോലെ അതിൽ ലയിച്ചവർ നിൽക്കും."

വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്ന ഒരു തടവുകാരനെക്കൊണ്ടു് ഒരു പാട്ടുപാടിച്ചാണു് തകഴി കഥ തുടങ്ങുന്നതു്. വിമോചന സമരം ആയുധമേന്തിയ സമരത്തിനേറുതായ രൂപം പ്രാപിച്ചിരിക്കുന്ന ഈ വിപ്ലവകാലഘട്ടത്തിലാണു് നാം തകഴിയും ജീവിക്കുന്നതു്. ഈ വിപ്ലവകാലഘട്ടത്തിൽ മർദ്ദിതന്റെ വിമോചനസമരത്തിലെ, തൂക്കാൻ വിധിക്കപ്പെട്ട തടങ്കൽമുറിയിൽ കിടക്കുന്ന ഒരു ഭടനെക്കൊണ്ടാണു് ശ്രീ. തകഴി പാടിക്കുന്നതെന്നും കാണേണ്ടതുണ്ടു്. ഈ ഭടൻ പാടുന്ന പാട്ടിനു വിപ്ലവകാലഘട്ടത്തിനേറുതായ ഉള്ളടക്കവും ഗാംഭീര്യവും ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ തർക്കമുണ്ടാകുമോ?

ബോംബേ, കല്ക്കട്ട, മലബാർ തുടങ്ങിയ ജയിലുകളിൽ, വേണ്ടാ തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർപോലും മരണത്തെ പുല്ലുപോലെ കൊണ്ടു് ആയുധമേന്തിയ സമരം നടത്തുന്ന ഒരു കാലഘട്ടത്തിലാണു് ശ്രീ. തകഴി ഭടനെക്കൊണ്ടു് ഒരു പാട്ടുപാടിക്കുന്നതു്. ജയിൽ അന്തരീക്ഷത്തിലെ മനംമടുപ്പിക്കുന്ന ജീവിതക്ലേശങ്ങളും, സായുധസമരത്തിനേറുതായ മാർഗ്ഗം സ്വീകരിക്കുവാൻ എത്രയോ വർഷങ്ങൾക്കുമുമ്പുതന്നെ വേണ്ടുവോളം ബോധപൂർവ്വകമായ പരിപാടികളോടുകൂടിയല്ലെങ്കിൽക്കൂടിയും തിരുവനന്തപുരം സെൻട്രൽ ജയിലിലെ സാധാരണ തടവുകാരെ പ്രേരിപ്പിക്കുകയുണ്ടായി എന്ന വസ്തുത നമുക്കറിയാത്തതല്ല. അതിനുശേഷവും എത്രയോ സമരങ്ങളും വ്യക്തമായ പരിപാടികളോടും സംഘടിതമായും നടന്നിരിക്കുന്നു. അധികാരിവർഗ്ഗത്തെ മുട്ടുകുത്തിച്ചു വെന്നിക്കൊടി പാറിച്ചിരിക്കുന്നു. സഖാക്കൾ വേലുവും അയ്യപ്പനുമൊക്കെ ജയിൽ സമരങ്ങളിലെ മായാത്ത രക്തസാക്ഷികളല്ലേ? ഇങ്ങനെയുള്ള ഒരു വിപ്ലവകാലഘട്ടത്തിലാണു് മോചനസമരത്തിലെ ഒരു ഭടൻ ജയിൽ മർദ്ദനമുറകളുടെ മുമ്പിൽ ജയിൽ ജീവികളെ സംഘടിപ്പിക്കുവാൻവേണ്ടി തന്റെ സമരായുധമായി ഒരു പാട്ടുമാത്രം സ്വീകരിക്കുന്നു! മാത്രമല്ല ആ പാട്ടിനു് താളമില്ല, ചിട്ടയില്ല, അഭ്യാസംകൊണ്ടു് തെളിഞ്ഞ ശ്രുതമായ കണ്ണത്തിൽ നിന്നുമല്ല, അതു പുറപ്പെടുന്നതെന്നുകൂടി ശ്രീ. തകഴി പറഞ്ഞുവെയ്ക്കുന്നു. കളം വരച്ചു് കവിത എഴുതുന്നവരുടേയും ഭാവത്തെക്കാൾ രൂപത്തിനു് പ്രാധാന്യം കൊടുക്കുന്നവരുടേയും മുമ്പിൽ മോചനസമരത്തിലെ ഒരു തൊഴിലാളി പാടുന്ന പാട്ടിനു് താളമോ, ചിട്ടയോ, ക്രമമോ ഒന്നും കാണുകയില്ല. മോചനസമരത്തിലെ ഒരു ഭടന്റെ പാട്ടിനു് താളമുണ്ടു്. ചിട്ടയുമുണ്ടു്. അതു് അഭ്യാസംകൊണ്ടു് തെളിഞ്ഞ കണ്ണത്തിൽ നിന്നു് പുറപ്പെടുന്നതുമായിരിക്കും. മോചനസമരത്തിനേറുതായ അഭ്യാസംകൊണ്ടു് തെളി

ഞ്ഞ ഒരു കണ്ണുമായിരിക്കുമത്. മോചനസമരത്തിന്റേതായ ക്രമവും ചിട്ടയും താളവും ആ ഗാനത്തിനു് ഉണ്ടാവുകയും ചെയ്യും പക്ഷേ, ആ ഗാനത്തിന്റെ ചിട്ടയും ക്രമവും, താളവും മനസ്സിലാക്കുവാൻ ശ്രീ: തകഴിക്കു് കഴിയാതെ പോകുന്നതിൽ അത്ഭുതത്തിനും അവകാശമില്ല. മറവ സമരമാർഗ്ഗങ്ങളൊന്നും കാണാത്ത ശ്രീ തകഴി ഭടനെക്കൊണ്ടങ്ങനെ പാടിക്കുകയാണു്. മറവ തരുകാരും ജയിലിലെ കീഴ്ജീവനക്കാരും ആ പാട്ടു് ഏറ്റുപാടുന്നു. തുടർന്നു് കീഴ് ജീവനക്കാർ മെത്തോറാണ്ടും കൊടുക്കുന്നു. സ്വന്തം യജമാനന്മാർക്കെതിരായി കീഴ്ജീവനക്കാരും അല്പശമ്പളക്കാരുമായ പോലീസുകാർ, പട്ടാളക്കാർ, ജയിൽ വാർഡറന്മാർ, ഗ്രാൻഡ്സ്റ്റാഫ് അദ്ധ്യാപകന്മാർ, അപ്പീൽശിപായിമാർ തുടങ്ങി ഉദ്യോഗസ്ഥലോകത്തിലെ "അടിമവേലക്കാർ" മെത്തോറാണ്ടത്തിന്റെ മാറ്റത്തിൽ നിന്നു് പണിമുടക്കുള്ളടേയും സായുധസമരങ്ങളുടെ തന്നെയും മറ്റുള്ളതും സ്വീകരിച്ചു് പോരാടുന്ന ഒരു കാലഘട്ടമാണിതെന്ന യാഥാർത്ഥ്യം സത്യസന്ധതയോടുകൂടി ചിത്രീകരിക്കുവാൻ ശ്രീ. തകഴിക്കു സാധ്യമല്ല. ഇൻഡ്യൻ സ്വാതന്ത്ര്യത്തിനു് വേണ്ടി ബ്രീ: സാമ്രാജ്യത്തിനു് മുമ്പിൽ മെത്തോറാണ്ടവുമായി കെഞ്ചിനടന്ന കാലഘട്ടത്തിൽ നിന്നു് ഇൻഡ്യൻ ജനത സായുധസമരത്തിന്റേതായ മാർഗ്ഗം സ്വീകരിച്ചതുപോലെ തന്നെ സക്കർക്കീഴ് ജീവനക്കാരുടെ സമരമാർഗ്ഗങ്ങളിലും വ്യതിയാനം സംഭവിച്ചിട്ടുണ്ടു്. മെത്തോറാണ്ട കാലഘട്ടത്തിൽ നിന്നു് ജനസമുദായം പുരോഗമിച്ചതു്, മെത്തോറാണ്ട കാലഘട്ടത്തിൽ നിന്നു പോലും വളരാൻ ഇഷ്ടപ്പെടാത്ത തകഴിക്കു ചിത്രീകരിക്കുവാൻ സാധ്യമേയുള്ളൂ. തകഴിയുടെ ആശയാഭിലാഷങ്ങളുടെ അക്കനിക്കുള്ളതുപോലെ രിച്ചു് സാമൂഹ്യചലനങ്ങളും നടക്കണമെന്നായിരിക്കും ഭാവം.

ലോകജനതയിലാകെ വന്ന മാറ്റങ്ങൾക്കനുസരണമായി ഇൻഡ്യൻജനതയിലും മാറ്റങ്ങളും സംഭവിക്കുന്നുണ്ടു്. ഈ മാറ്റം സാമൂഹ്യജീവിയായ ജയിലുദ്യോഗസ്ഥന്മാരിലും മാറ്റമുണ്ടാക്കുന്നുണ്ടു്. അതിനനുസരണമായ സമരമാർഗ്ഗങ്ങളും സക്കർ ഉദ്യോഗസ്ഥന്മാർ അംഗീകരിക്കുന്നുണ്ടു്.

നമുക്കിനി പാട്ടു തടയുവാൻ മുതലാളിത്വം സ്വീകരിക്കുന്ന മാർഗ്ഗങ്ങളെപ്പറ്റി ചിന്തിക്കുക. ടന്റെ പാട്ടു തടയുന്നതിനായി പെണ്ണുകൊടുത്തിലൊണ സമരായുധമായി മുതലാളിത്വം സ്വീകരിക്കുന്നതെന്നാണു തകഴി പറയുന്നതു്. ഹൈഡ്രജൻബോംബും, ആറ്റംബോബുമായി തന്റെ മോചനസമരത്തിനുനേരെ തിരിഞ്ഞിരിക്കുന്ന മുതലാളിത്വഗവൺമെന്റിന്റെ കീഴിലുള്ള ഒരു ജയിലിലാണു് ഈ സംഭവം നടക്കുന്നതെന്ന വസ്തുത "സമകാലിനവസ്ഥിതിബന്ധങ്ങളെ അപഗ്രഥിക്കുന്നതിൽ" ശാസ്ത്രീയവിജയം നേടിയ തകഴിക്കു നസ്സിലാകുന്നില്ലായിരിക്കും. "മുതലാളിത്വം പെണ്ണുകൊടുത്ത്" സമരായുധമായി സ്വീകരിക്കുന്ന കാലം ഒരുപക്ഷേ ഉണ്ടായിരുന്നിരിക്കാം ശരിയാണു്. മെത്തോറാണ്ടവും പാട്ടും സമരായുധമായി സ്വീകരിച്ചിരിക്കുന്ന "മോചനസമരത്തിലെ ഭടൻ" നേരെ പെണ്ണുമാർഗ്ഗം സ്വീകരിച്ചാൽ മതിയാകുമെന്നു് അധികാരിവർഗ്ഗത്തിനറിയാം. ജയിൽസമരങ്ങളും സായുധസമരത്തിന്റെ ഉജ്ജ്വലമായ ഘട്ടത്തിലേക്കുയർന്നിരിക്കുന്ന ഒരു വിപ്ലവകാലഘട്ടമാണിതെന്ന പച്ചപ്പരമാർത്ഥത്തെയാണു ഭരണാധിപന്മാർ നടക്കുന്ന ലോക്കപ്പുമർദ്ദനവും, ജയിൽ വെടിവെയ്പുകളും സൂചിപ്പിക്കുന്നതു്, പാട്ടും മെത്തോറാണ്ടവുമായി ജനസമുദായം കഴിഞ്ഞിരുന്ന ഒരു കാലഘട്ടത്തിൽ മുതലാളിത്വവും ചെണ്ടകൊട്ടലുമായി നടന്നിരിക്കാം.

തൂക്കാൻ വിധിക്കപ്പെട്ട ഒരു ഭടൻ, മുതലാളിത്വം ആഗ്രഹിച്ചതുപോലെ തൂക്കിക്കൊല്ലപ്പെടുന്നതായിട്ടാണു് തകഴി കാണുന്നതു്! മലയാറ്റിലെ കൊലമരത്തിൽനിന്നു് സാംബശിവനെയും, മദ്രാസിലെ കഴുമരച്ചുവട്ടിൽ നിന്നു് കെ. വി. ആറിനെയും മോചിപ്പിച്ച ജനകീയ ശക്തിയേയോ, തെലുങ്കാനായിലും, തിരുവനന്തപുരത്തും തൂക്കുമരത്തിനു് കാഴ്ചവെച്ചിരിക്കുന്ന തൊഴിലാളി-കർഷക നേതാക്കന്മാരെ ഒന്നടക്കം മോചിപ്പിക്കുന്നതിനു്, ജയിലിനകത്തും പുറത്തും രാജ്യവ്യാപകമായി അലയടിച്ചുയരുന്ന ജനകീയ സമരങ്ങളേയോ കാണുവാനുള്ള കണ്ണു തകഴിക്കില്ല. മുതലാളിത്വം ആഗ്രഹിക്കുന്നതുപോലെ കാര്യങ്ങൾ നടക്കുന്നതായിട്ടാണു് തകഴി കാണുന്നതു്. നേരെമറിച്ചു് മുതലാളിത്വത്തിന്റെ ആഗ്രഹങ്ങൾക്കും വിധികൾക്കുമെതിരായി ജനങ്ങളുടെ ആഗ്രഹങ്ങളും വിധികളുമാണു് നടക്കുന്നതെന്നതു് ചരിത്രസത്യങ്ങളാണു്. ഇന്നത്തെ വിപ്ലവകാലഘട്ടത്തിൽ ഒരു പാട്ടുമാത്രം സമരായുധമായി സ്വീകരിച്ചിരിക്കുന്ന, തകഴിയുടെ "മോചനസമരത്തിലെ ഭടനെ" തൂക്കിക്കൊല്ലുന്നതിനുള്ള മുതലാളിത്വത്തിന്റെ വിധി നടപ്പാക്കുന്ന സമയത്തു് ജയിലിലും വെളിയിലും യാതൊരു ചലനവും ഉണ്ടാകാത്തതിൽ അത്ഭുതത്തിനവകാശമില്ല. നേരെമറിച്ചു് ജനങ്ങളുടെ മോചനസമരത്തിലെ സായുധനായ ഒരു ഭടനെ തൂക്കിക്കൊല്ലുന്നതിനുള്ള വിധിനടപ്പാക്കുവാൻ മുതലാളിത്വത്തെ ജനങ്ങൾ അനുവദിക്കുകയില്ലെന്നതോ പോകട്ടെ, ആ കൊലക്കയർ, മുതലാളിത്വത്തിന്റെ കഴുത്തിൽ ജനങ്ങളിടുന്ന സംഭവങ്ങളാണു് ഇന്നു് നടക്കുന്നതു് മുതലാളിത്വത്തിന്റെ ആഗ്രഹാഭിലാഷങ്ങളോ വിധികളോ അല്ലാ, ജനങ്ങളുടെ ആഗ്രഹങ്ങളും വിധികളുമാണു് യാഥാർത്ഥ്യമായിത്തീരുന്നതെന്ന കാര്യത്തിനു് ചരിത്രം സാക്ഷിയാണു്. ജനങ്ങളാണു് ഇന്നത്തെ വിധികർത്താക്കൾ. അവക്കാണു് ഇന്നു മുൻതൂക്കമുള്ളതു്.

അങ്ങനെയാതൊരു ചലനവുമില്ലാതെ മുതലാളിത്വത്തിന്റെ വിധിക്കുവിധേയനായി തകഴിയുടെ "ഭടൻ" മരിക്കുന്നു. അതിനു് ശേഷവും ജയിലിൽ ആ പാട്ടു പാടുന്നുണ്ടു്. പിൻതുടർച്ചക്കാരനായ ആ പാട്ടുകാരനു് തന്റെ കഴിവിനെപ്പറ്റിയാതൊരു ബോധവുമില്ലാതെ—വിജയവിശ്വാസമില്ലാതെ— ലജ്ജാകരമായ പരാജയ മനോഭാവത്തോടെയാണു് തകഴിയുടെ പിൻതുടർച്ചക്കാരൻ പാടുന്നതു്. നോക്കുക:—തകഴിയുടെ പിൻതുടർച്ചക്കാരൻ പറയുന്നു "ആ ആവേശം ഞാൻ പാടിയാൽ ഉണ്ടായിരിക്കുകയില്ല. ആ ശക്തി വിശേഷത്തെ നിങ്ങളിലേയ്ക്കു അങ്ങിനെ തീവ്രതയോടെ പകരുവാൻ എന്റെ പാട്ടിനു് കഴിവു് കാണുകയില്ല. ഞാൻ ഘോഷയാത്രയുടെ മുമ്പിൽ നിന്നു് അതു പാടിയതാണു്. നേരക്കണം അതു് ആ രക്തസാക്ഷിയുടെ അവസാന നിമിഷങ്ങളിലെ വിപ്ലവശക്തിയുടെ ബഹിർപ്രകടനമായിരുന്നു. എന്റെ മുമ്പിൽ കാലം നീണ്ട നിവർന്കിടക്കുന്നു. എനിക്കു പ്രവർത്തിക്കുവാൻ കാലമുണ്ടു്. വഴികളുമുണ്ടു്. എത്ര ശ്രമിച്ചാലും ആ കരുത്തു് എന്റെ ഗാനത്തിനു് കാണുകയില്ല. എന്നാലും ഞാൻ പാടാം."

നോക്കണം എത്രയോ ലജ്ജാകരമായ പരാജയ മനോഭാവമാണു് പിൻതുടർച്ചക്കാരിൽ ശ്രീ. തകഴി ദർശിക്കുന്നതു്. സമരങ്ങളുടേയും, രക്തസാക്ഷികളുടേയും ജീവിതാനുഭവങ്ങളും ഉൾക്കൊണ്ടു് സകല ഗാംഭീര്യങ്ങളോടും വിജയവിശ്വാസത്തോടും കൂടിച്ചേരുകയുന്ന വിപ്ലവശക്തികളെ കാണുവാൻ ഇവിടെയും തകഴിക്കു കഴിയുന്നതല്ല.

മെത്തോറാണ്ടവുമായി ചെല്ലുന്ന ജയിലിലെ കീഴ്ജീവനക്കാർ അവകാശങ്ങളും അംഗീകരിക്കണമെന്നാവശ്യപ്പെടുന്നു. അധികാരത്തോടെ ചോദിക്കുന്നു. അംഗീകരിച്ചില്ലെങ്കിൽ എന്തുചെയ്യുമെന്നു പറയുന്നില്ലെങ്കിലും അവർ "എന്തോ" നിശ്ചയിച്ചുറച്ചിട്ടുണ്ടു്.

അവകാശങ്ങളും അംഗീകരിച്ചുതരുവാൻ കൂട്ടാക്കാത്ത ഒരു ഗവൺമെന്റിനോടു് അതു് എങ്ങനെ വാങ്ങണമെന്നു് ശ്രീ: തകഴിക്കു വ്യക്തമല്ലെങ്കിലും, അദ്ദേഹത്തു വ്യക്തമാക്കുന്നില്ലെങ്കിലും അല്പശമ്പളക്കാരായ ഗവൺമെൻറുദ്യോഗസ്ഥന്മാർക്കു് എന്തുചെയ്യണമെന്നറിയാം.

അവർ അതു ചെയ്യുന്നുമുണ്ടു്. ഇവിടെയും അശ്ലോകതയിൽ തകഴി വീരമിക്കുകയാണു്. ഒന്നുകൂടി മിതമായി പറഞ്ഞാൽ തകഴി തടിതപ്പുകയാണു്. മെത്തോറാണ്ടസമരകാലത്തുതന്നെ അവകാശവാങ്ങളും അംഗീകരിക്കാത്ത ഒരു സക്കാരിനോടു് അവകാശങ്ങളും അംഗീകരിക്കുവാൻ ഇൻഡ്യൻജനത എന്തുചെയ്യുവെന്നു ജനങ്ങളുടെ ശക്തിയിൽ വിശ്വാസമില്ലാത്ത ശ്രീ. തകഴിക്കു കാണാൻ പാടുകയില്ല. സ്വന്തം അവകാശവാങ്ങളും മെത്തോറാണ്ടത്തിന്റെ കൂട്ടുകൈയുമായി കെഞ്ചിയാൽ ലഭിക്കുകയില്ലെന്നു്. അനുഭവത്തിൽ ബോദ്ധ്യമായ ജനസമുദായം ലോകവ്യാപകമായിത്തന്നെ പരിഹാരമാർഗ്ഗങ്ങളിലൂടെ മു

ചെക്കോവും ഗോർക്കിയും



ഞങ്ങളുടെ സന്ദർശനം ഇന്നലെ നടന്നതുപോലെ ഇന്നും ഞാൻ സ്മരിയ്ക്കുന്നു. ആയിരത്തിത്തൊള്ളായിരത്തിലെ ഒരു മേയ്മാസത്തിലായിരുന്നു അതു്. അന്നു ഗോർക്കി എല്ലായിടത്തും സംസാരവിഷയമായിരുന്നു. എന്റെ ഒരു സ്നേഹിതൻ പറഞ്ഞിരുന്നു "നിങ്ങൾ ഗോർക്കിയുടെ "മെൽറെഗ്" എന്ന കഥയെ സർവ്വശ്രേഷ്ഠമായ ഒരു കലാമാതൃകയായി കണക്കാക്കുന്നില്ലേ?" എന്നു്. വാദപ്രതിവാദങ്ങളിൽ അന്നതന്നെ അജ്ഞനായിക്കഴിഞ്ഞിരുന്ന ഗോർക്കി തന്റെ എതിരാളികളെ വിട്ടുവീഴ്ചയില്ലാത്ത ഒരു പ്രതിയോഗിയാണെന്നു പ്രസിദ്ധികേട്ടു കഴിഞ്ഞിരുന്നു. തന്റെ വാദമുഖങ്ങളെ അവക്രമായി അവതരിപ്പിക്കുന്നതിലും എതിരാളിയുടെ മർമ്മം പിളർക്കുന്ന ഉപഹാസപടുതയിലും ക്രൂരി ഗോർക്കി തന്റെ ദൈത്രയാത്ര ആരംഭിച്ചു കഴിഞ്ഞിരുന്നു.

ഞങ്ങളുടെ നാടകസംഘം (മോസ്കോ ആർട്ടതിയേറ്റർ) നാടകപ്രദർശനവുമായി ക്രിമിയയിൽ എത്തിയിരുന്നു. അവിടെ ചെക്കോവ് ക്ഷയ രോഗപീഡിതനായി താമസിക്കുന്നുണ്ടായിരുന്നു. രോഗിയായിട്ടും അദ്ദേഹം തന്റെ നാടകം അഭിനയിയ്ക്കുന്നതു് കാണുവാൻ വന്നിരുന്നു.

(വാങ്ങിലോവ് റാസിലോവ്)

അവിടെ യുവസാഹിത്യകാരനായിരുന്ന ഗോർക്കിയും സന്നിഹിതനായിരുന്നു. അദ്ദേഹത്തിന്റെ അനേകം കഥകൾ അന്നു പ്രസിദ്ധീകരിച്ചു കഴിഞ്ഞിരുന്നു കാഴ്ചയിൽ അദ്ദേഹം ഒരു സാഹിത്യകാരനായി തോന്നിച്ചില്ല; സാഹിത്യകാരന്മാരെപ്പറ്റി നമുക്കുണ്ടാകാറുള്ള സചിത്ര പഞ്ജാനത്തെ അദ്ദേഹം തോല്പിച്ചുകളഞ്ഞു എന്നതാണ്. ഗോർക്കിയുടെ ആഗമനം നാടകസംഘത്തിലും പ്രേക്ഷകന്മാരിലും ഒരു ചെറിയ ചലനം ഉണ്ടാക്കിത്തീർത്തു.

ഗോർക്കി ഞങ്ങളുടെ നാടകം കണ്ടുകൊണ്ടിരിയ്ക്കുന്നതായിട്ടാണ് ഞാൻ കണ്ടതു്. ആ നാടകം ചെക്കോവിനെ അഭിനന്ദിക്കുവാൻ വേണ്ടിത്തന്നെ നടത്തുകയായിരുന്നു; അതും ചെക്കോവിന്റെ ഒരു നാടകം. നാടകം ആരംഭിയ്ക്കുന്നതിനു മുമ്പായി ഞങ്ങൾ (നാടകസംഘം) ചെക്കോവിനെ പ്രത്യേകപൂർവ്വം അഭിനന്ദിയ്ക്കുകയുണ്ടായി.

ആ കലാപ്രകടനം വളരെനേരം നീണ്ടുനിന്നു. കാണികൾ ഹർഷാരവങ്ങൾകൊണ്ടു ചെക്കോവിന്റെ നേരെയുള്ള അഭിനന്ദനങ്ങൾ അനസ്യൂതമായി തുടർന്നുകൊണ്ടിരുന്നു. ചെക്കോവ് ക്ഷയരോഗഗ്രസ്തനായിരുന്നതുകൊണ്ടു് ഈ നീണ്ടകലാപരിപാടി അദ്ദേഹത്തെ അപേക്ഷിണിപ്പിച്ചുകഴിഞ്ഞിരുന്നു. മൃത്യുവിന്റെ നിഴൽ വീശിയിട്ടെന്നതുപോലെ അദ്ദേഹത്തിന്റെ മുഖം വിളറിയിരുന്നു. എന്നാൽ അദ്ദേഹം എഴുന്നേറ്റയാണ്. വ്യക്തമായ ഒടിസ്ഥാനത്തിൽ ചിട്ടയും ക്രമവുമുള്ള ഒരു പരിപാടിയോടുകൂടി സാഹിത്യസൃഷ്ടിചെയ്യുവാൻ മുതിരാത്ത തകഴിക്കു് അതു ചിന്തീകരിക്കുവാൻ സാധിക്കാത്തതിൽ യാതൊരു പുതുമയുമില്ല പക്ഷേ അതു "ശാസ്ത്രീയവിജയത്തോടു കൂട്ടിനെടുക്കാൻ പോരാത്തു്."

ജനങ്ങളിൽ വിശ്വാസമില്ലാതെയും ജനങ്ങളുടെ മുന്നാറാവു, മുൻകൈയും കാണുവാൻ കഴിയാതെയും തികഞ്ഞ പരാജയമനോഭാവത്തോടെ ചമച്ചെടുത്ത ഒരു ചെറുകഥയാണു പാട്ടിന്റെ സന്ദേശമെന്നു പറയുവാൻ മേൽപ്പറഞ്ഞ കാരണങ്ങളും എന്നെ പ്രേരിപ്പിച്ചിരിക്കുന്നു.

യാഥാർത്ഥ്യങ്ങളെ സത്യസന്ധതയോടെ ചിത്രീകരിക്കണമെന്നു് ഒരു ശ്വാസത്തിൽ ആയിരം പ്രാവശ്യം പറയുന്ന തകഴി ഇന്നു് ജയിലിലും വെളിയിലും നടക്കുന്ന ജനങ്ങളുടെ മുന്നാറാത്തെയും സമരമാർഗ്ഗങ്ങളേയും ഇവിടെ മറച്ചുപിടിക്കുന്നു.

[ഈ ലേഖനത്തിന്റെ ഉള്ളടക്കം രണ്ടു വാചകങ്ങളിൽ ഞാൻ കാണുന്നു: "ജനങ്ങളാണു് ഇന്നത്തെ വിധികർത്താക്കൾ—അവർക്കാണു് ഇന്നു മുൻകൈയുള്ളതു്"—ഇതാണു് ഇന്നത്തെ സമൂഹപരിവർത്തനത്തിന്റെ നേരായ രൂപമെങ്കിൽ ഈ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ ഏറ്റക്കുറച്ചിൽ ശരിയാണു്. പക്ഷേ എന്റെ അഭിപ്രായത്തിൽ ഇന്നത്തെ വിധികർത്താക്കൾ ജനങ്ങളായിട്ടില്ല. നാളത്തെ വിധികർത്താക്കൾ ജനങ്ങളാണെന്ന കാര്യം തർക്കമറ്റതാണു്. 'നാളെ'യെ "ഇന്നായി" ക്കാണാൻ ഞാൻ തയ്യാറില്ല. ലേഖനത്തിലെ മറ്റു ഭാഗങ്ങൾക്കു ഈ പശ്ചാത്തലത്തിൽ മറുപടി പറയേണ്ട കാര്യമില്ല. സാമൂഹ്യചരിത്രസ്ഥിതികം അവഗ്രഹിക്കുന്നതിൽ ഞാൻ കാണുന്ന ഈ മൗലികമായതൊന്നും ലേഖനത്തിൽ ഉടനീളമുണ്ടു്.

കെ. ബാലകൃഷ്ണൻ]

ഴനേരമെനിന്നുകൊണ്ട് ഈ അഭിന
ന്ദനങ്ങളും ഹൃദയപൂർവ്വം അംഗീകരി
യ്ക്കുകയും പുഞ്ചിരിതൂകുകയും ചെയ്തു
കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്കു കർച്ചീ
ഫ് പൊത്തിച്ചുമയ്ക്കാതിരിയ്ക്കുവാനും
അദ്ദേഹത്തിനു കഴിഞ്ഞില്ല.

പ്രേക്ഷകർ അനേകം പ്രാവശ്യം
അദ്ദേഹത്തോട് ഇരിയ്ക്കുവാൻ അ
പേക്ഷിച്ചു. എന്നാൽ കൃതജ്ഞതാ
ബോധം അദ്ദേഹത്തെ അതിനു അ
നുവദിച്ചില്ല. എഴുനേറ്റുനിന്നുകൊ
ണ്ടുതന്നെ അദ്ദേഹം ആ അഭിനന്ദ
നങ്ങളെ അംഗീകരിച്ചു.

കലാപ്രകടനം മുഴുവൻ അവസാ
നിച്ചു കഴിഞ്ഞിരുന്നില്ല; ചെക്കോ
വ് ഗോക്കിയുടെ സഹായത്തോടുകൂടി
എന്റെ മുറിയിൽ കടന്നു വന്നു.
അപ്പോൾ യുവാവായ ഗോക്കി വള
രെ വികാരവാനായും വിവശനായും
കാണപ്പെട്ടിരുന്നു. അദ്ദേഹം ചെ
ക്കോവിനോടു പറഞ്ഞു "ഈ സം
രംഭങ്ങൾ തങ്കളെ എത്രമാത്രം പ
രിക്ഷീണനാക്കിയിരിയ്ക്കുന്നു." ആ തീ
പ്പൊരി എന്റെ നേരെ തിരിഞ്ഞു
"ഇതു കലാപ്രകടനമാണോ പ്രാണാ
പഹരണമാണോ. ഏതായാലും ഇ
തൊരു ഹൃദയമില്ലായ്മയാണ്. കൊള്ളാം മി. ആൻറൺചെഖ്വ്ലോ
വിച്ച്. നിങ്ങൾ സുഖമായി കിട
ക്കുക."

"എനിയ്ക്കു കിടക്കണമെന്നില്ല" ചെക്കോവ് പ്രതിവചിച്ചു. "ഇരു
ന്നാൽമതി."

ഗോക്കി തന്റെ സ്വാഭാവികമാ
യ സ്വഭാവതീക്ഷ്ണതയോടെ പറ
ഞ്ഞു. "ഇല്ല, ഇല്ല, തങ്കൾ കിടക്ക
കതന്നെ വേണം. തങ്കൾ ഇവിടെ
കാസ്പോവുമെന്നിച്ചു് അല്പനേരം
സുഖമായി വിശ്രമിയ്ക്കുക. ഇദ്ദേഹം
പുകവലിയ്ക്കുകയില്ലാത്തതു കൊണ്ട്
തങ്കൾക്കു ചുമയ്ക്കേണ്ടതായിവരുക
യുമില്ല."

പിന്നീട്ട ഗോക്കി നോവൽകർത്താ
വും നാടകനിർമ്മാതാവുമായ ആന്ദ്ര
യേവിനു നേരെ തിരിഞ്ഞു ആന്ദ്രയേ
വും മൂന്നുനാലു സ്നേഹിതന്മാരുമായി
ആ മുറിയിൽ കടന്നുക്കൂടിയിരുന്നു--
"നിങ്ങളുടെ പുകവലി പുകക്കുഴ
ലിൽനിന്നുള്ള പുകവിടലാണ്. എ
ല്ലാവരും പുറത്തുകടക്കണം."പിന്നീട്ട
ഗോക്കി വച്ചിനോവിസ്കിയുടെ
നേരെ തിരിഞ്ഞു "നിങ്ങളും പുറ
ത്തുപോകണം; നിങ്ങളും ശബ്ദമുണ്ടാ
ക്കുന്നതിൽ പ്രമാണിയാണ്." അവർ
വെളിയിലേയ്ക്കുപോയി. ഗോക്കി
"ജനറൽ ഫോർ ആളി"ന്റെ പത്രാ
ധിപരുടെ നേരെ തിരിഞ്ഞു " നി
ങ്ങളും വെളിയിൽ പോകണം. നി
ങ്ങളുടെ ശബ്ദം കുറെ തീക്ഷ്ണമാ
ണ്. എനിക്കു നിങ്ങളോടു് അത്യാ
വശ്യം കുറെ സംസാരിയ്ക്കുവാനുമു
ണ്ടു്." ഗോക്കി പത്രാധിപരും ഒന്നി
ച്ചു വെളിയിൽ കടന്നു. ചെക്കോവ്
ശാന്തമായി കുറെനേരം കാൽനീട്ടി
ക്കിടന്നു.

അല്പം കഴിഞ്ഞപ്പോൾ വരാന്ത
യിൽനിന്നും ഗോക്കിയുടെ ആവേശ
ഭരിതമായ ശബ്ദം കേട്ടുതുടങ്ങി. അ
ദ്ദേഹം ആ പത്രാധിപരെ ഏതോ
മതപരമായ ലേഖനം പ്രസിദ്ധീക
രിച്ചതിൽ ശകതിയുക്തം ഭത്സിക്കുക
യായിരുന്നു. "നിങ്ങളും ഒരു മാർക്സി
സ്റ്റുപത്രാധിപരെന്നതിനേക്കാളും
ഒരു പുരോഹിതനാണു്." ഇതുകേട്ട
ചെക്കോവ് ചിരിച്ചുപോയി. അദ്ദേ
ഹം പറഞ്ഞു "ഈ ഗോക്കി എല്ലാ
കാര്യങ്ങളിലും വികാരവാനാകുന്നു.
എന്റെ സുഖസൌകര്യങ്ങളെക്കുറി
ച്ചു് അയാൾ ഇത്രയും കോപിഷ്ടനാ
കുന്നതിനോ, ആ പത്രത്തിൽ ലേഖ
നം പ്രസിദ്ധീകരിച്ചതിനെക്കുറിച്ചു്
അയാളെ ശകാരിയ്ക്കേണ്ടതിനോ യാ
തൊരാവശ്യവും ഉണ്ടായിരുന്നില്ല
ആ പത്രാധിപർ ഒരു മാന്യനും സം
സ്കാരസമ്പന്നനുമാണു്. ഒരു പുരോ
ഹിതന്റെ മകനായതുകൊണ്ടു് അ
ദ്ദേഹത്തിനു ചെള്ളിമണിയോടും സം
ഗീതത്തോടും കുറെ പ്രിയമുണ്ടു്.

അദ്ദേഹത്തിനു ചുമവന്നു. തുടർ
ന്നുതുടർന്നുള്ള ശകതിയായ ചുമയു
ശേഷം ആദ്ദേഹം തുടർന്നു "അതെ
പത്രാധിപരിലും കുറെയൊക്കെ ദോ
ഷങ്ങളുണ്ടാവാം. അയാൾ ബ്ലസ്സ
ണ്ടക്റർ, വെയിറർ, സാധു
രണ പോലീസുകാരനെ വരെ വിമർശ
യ്ക്കാതെ വിടുന്നില്ല എല്ലാവരിലും
കുറവുകളും ദുർബ്ബലതകളുമുണ്ടു്
അയാളെ വെറുതെ ശകാരിച്ചതുകൊ
ണ്ടു എന്തുലാഭം"

കുറച്ചുനേരം ആലോചിച്ചതിനു

മെൻസോളിൻ

മാതെറിയുള്ള ആത്തവം, ആത്തവരക്തതടസ്സം, അതിസ്രവണം, അതിവേദന, അസ്ഥിസ്രാവം, പുയമേഹം (പഴപ്പുപോക്കു്) വയറുകത്തൽ, നടുവുവേദന, തലകറക്കം, കൈകാൽപുകച്ചിൽ എന്നിങ്ങനെയുള്ള രോഗങ്ങളൽപെട്ടഴലുന്ന സ്ത്രീജനങ്ങൾ ഞങ്ങളുടെ "മെൻസോളിൻ" സേവിക്കുക. ഗർഭാശയസംബന്ധമായും തജ്ജനുങ്ങളായുള്ള എല്ലാരോഗങ്ങളേയും ശമിപ്പിക്കുന്നു. ഗർഭാശയത്തെ ശുദ്ധവും ബലിഷ്ഠവുമാക്കിത്തീർക്കുന്നു. ആകർഷകമായ ആരോഗ്യവും സൗന്ദര്യവും ലഭ്യമാകുന്നു. പ്രസവാക്ഷയ്യും ഉത്തമം.

കുപ്പി 1-ക്കു് 4 രൂ. 8 ണ. (പാക്കിംഗ് & പോസ്റ്റേജ് പുറമേ)

എസ . കെ. വി. ഫാർമസി,

പാലസ്റോഡ് :: ആലപ്പുഴ

ഒരു മാസം മുമ്പ്—അസ്ഥിശേഷൻ. ഇന്നു അരോഗദൃഢഗാത്രൻ!

ക്ഷയരോഗം അയാളുടെ മാർദ്ദവമുള്ള ശരീരധാതുക്കളെ കാന്നു നശിപ്പിച്ചു. രോഗരാക്ഷസരാജാവു് അസ്ഥിക്കൂടമാത്രം ചെന്നായ്ക്കളെപ്പോലെ തിരിഞ്ഞുതള്ളി. അവശേഷിച്ച അസ്ഥികങ്കാളത്തിൽ തൊലിപൊതിഞ്ഞ ഒരു മനുഷ്യക്കോലംമാത്രമായിരുന്നു. ഒരു മാസം മുമ്പു് ആ ക്ഷയരോഗി. ചുമച്ചു ശ്വാസംമുട്ടിയും, ഏങ്ങിവലിച്ചും വലയുന്ന നിലയിലാണു് ആദ്യമായി ആ രോഗി



വി. ഗംഗാധരൻവൈദ്യൻ
വൈദ്യകലാനിധി

കരിംകുരങ്ങു രസായനം ഉപയോഗിച്ചുതുടങ്ങിയതു്.

അന്നുമുതൽ അയാൾക്കു് ആശ്വാസവും ആശയും ഉളവായി. ചുമ തീരെ മാറി. വലിവു് വരാതായി. അസ്ഥികൾക്കും തൊലിക്കും നടുവിൽ മാംസപേശികൾ വീർത്തുവരുന്നു. വേനൽക്കാലത്തെ കയ്ത്തോടുകൾപോലെ വറവിവരണ്ടിരുന്ന രക്തധമനികളിൽ ശുദ്ധരക്തം പ്രവഹിച്ചു. ഓജസ്സു വർദ്ധിച്ചു. യുവത്വം വീണ്ടും കിട്ടി. ഒരു മാസംകൊണ്ടു് അയാൾ അരോഗദൃഢഗാത്രനായി, ആരോഗ്യദേവതയുടെ ആശ്ലേഷസുഖം അനുഭവിച്ചു.

വാതരോഗത്തിന്നും, പ്രസവരക്ഷയ്ക്കും ശരീരത്തിന്നു് സംവർദ്ധകേടുപാടുകൾക്കും അത്യുത്തമം. റാത്തൽ 1-നു് 5 ക. മാത്രം. പേക്കിങ്ങു് പോസ്റ്റേജു് വേറെ.

. N. B. ശാസ്ത്രീയമായി തയാർചെയ്ത പരിശുദ്ധവും ഫലപ്രദവുമായ എല്ലാ ആയുർവേദൗഷധങ്ങൾക്കും ഞങ്ങൾക്കെഴുതുവിൻ!

കാറ്റലോഗ് സൌജന്യം

സ്വതന്ത്രഫാർമസി, വക്കല P. O. TRAVANCORE

സംശേഷം ചെക്കോവു് തുടർന്നു "ഒരു പ്രയോപക്ഷെ, അയാളെ ശകാരിയ്ക്കുകതന്നെവേണം. അയാൾ മതവിഷയങ്ങളിൽ പക്ഷപാതിയായതുകൊണ്ടല്ല, മറ്റുള്ളവരെ അക്ഷേപിക്കുന്നതിൽ വിരുതനായതുകൊണ്ടു്."

ഗോർക്കിയുടെ പാദന്യാസ ശബ്ദം പുറത്തുകേട്ടു. അദ്ദേഹം വാതിൽ തുറന്നു. സിഗററിന്റെ അവസാന പുക ശക്തിയായി വലിച്ചൊട്ടുകൊണ്ടു് ആ വാതുക്കൽ തന്നെ അല്പനേരം നിന്നു. അതിനുശേഷം ആ സിഗററുകുറ്റി വലിച്ചെറിഞ്ഞു. ഇരുകൈകളാലും സിഗററു പുകയെ തുത്തുമാറ്റിക്കൊണ്ടു് അകത്തുകടന്ന ചെക്കോവിനോടു പറഞ്ഞു "ആരും താങ്കളെ ഉപദ്രവിച്ചില്ലല്ലോ" ചെക്കോവു് പുഞ്ചിരിതൂകി. "സഹോദരാ, നിങ്ങൾ വളരെവേഗം വികാരവാനാകുന്നു." കോച്ചിൽ നിന്നു എഴുനേററിട്ടു ചെക്കോവു് തുടർന്നു "ഞാൻ സ്വസ്ഥനായി, പോകാം; നമുക്കു എന്റെ നാടകത്തിന്റെ അവസാനരംഗം കാണാം" അവർ ഇരുവരും പ്രേക്ഷാഗൃഹത്തിലേയ്ക്കു പോയി.

* * *

അതേ 1900—വേനല്ക്കാലത്തിലെ ചെക്കോവിന്റെ ശ്മശാനയാത്രയായിരുന്നു. ഒരു വലിയ ജനക്കൂട്ടം മൃതദേഹത്തോടൊന്നിച്ചു മോസ്കോയിൽ നിന്നും നോവിഡീവിച്ചു എന്നു പേരായ ശ്മശാനത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നു. ആർട്ടതിയേറ്ററിനടുക്കൽ ആ ശോഷയാത്ര അല്പം നിന്നു. ആ ആൾക്കൂട്ടത്തിൽ നിർവ്വേത്തിനേറ്റതായ കനത്ത പുക വ്യാപിച്ചുനിന്നിരുന്നു. ആരുടെയൊക്കെയോ വിങ്ങിക്കരച്ചിൽകൂടി ആ നിശ്ശബ്ദതയെ ഇടക്കിടയ്ക്കു ഞെരിച്ചുകൊണ്ടിരുന്നു. തിയേറ്ററിന്റെ ഭാരവാഹികൾ കയ്യിൽ പൂമാലകളുമായി മുന്നോട്ടു നീങ്ങി...

ആ തിരക്കിൽ രണ്ടു വ്യക്തികളുടെ രൂപങ്ങൾ ഞാൻ ഇന്നും ഓർക്കുന്നു. എനിക്കു അവയെ മറക്കുവാൻ കഴിഞ്ഞിട്ടില്ല; ഒന്നു ചേക്കോവിന്റെ അമ്മയുടേതും മറേറതു മാക്സീംഗോർക്കിയുടേതും. അവർ രണ്ടുപേരും മൃതശരീരത്തിന്റെ തൊട്ടു പിറകെ ഉണ്ടായിരുന്നു. അവരുടെ മുഖത്തു ഹൃദയവേദനയുടെ സ്പഷ്ടമായ അടയാളങ്ങൾ കാണാമായിരുന്നു. ഗോർക്കിയിൽ ദുഃഖത്തിന്റെ വേദനയോടൊപ്പം അമർഷതരംഗങ്ങളും ഇളകിയാടിയിരുന്നു എന്നു മാത്രം. ആ അമർഷം ഏതോ അസഹനീയമായ അന്യായത്തോടുള്ള വെല്ലുവിളിക്രൂടി ആയിരുന്നു.

ശവക്കല്ലറ മൂടപ്പെട്ടു. ബഹുജനങ്ങൾ സാവധാനം പിരിഞ്ഞുപോയി. ഞങ്ങളുടെ ഗ്രൂപ്പിലെ കുറച്ചാളുകൾ ഗോർക്കിയുടെ അടുക്കൽ ചെന്നു. അദ്ദേഹം അവിടെ ഒരു ശവകുടീരത്തിന്മേൽ ഇരിയ്ക്കുകയായിരുന്നു. ഞങ്ങളിൽ ഒരാൾ അദ്ദേഹത്തോടു ചോദിച്ചു. "അലക്സീമേക്സിമോവിച്ചു്, താങ്കൾ വേണ്ടുവോളം കരഞ്ഞുകഴിഞ്ഞുവോ?" അദ്ദേഹം തലപൊക്കി; രൂക്ഷമായി പ്രതിവചിച്ചു. "ഞാൻ! ഞാൻ ക്രോധം കൊണ്ടുമാത്രം വീണ്ടുപൊട്ടുകയാണു്. ഇന്നു് എന്നെ ഓരോന്നും കോപിപ്പിയ്ക്കുന്നേയുള്ളു. ഇവയെല്ലാറിനോടും എനിക്കു വെറുപ്പാണു്; സംഭാഷണത്തിനോടുവരെ. സംഭാഷണം ജീവശ്വാസമാണല്ലോ?"

ഭാവുകനായ ഗോർക്കി ചെക്കോവിന്റെ അന്യായമായ അകാലമരണത്തിൽ സ്വാഭാവികമായും വികാരവാനായിരുന്നു.

———

Edited, Printed and Published by K. Balakrishnan, at the Indira Printing Works, Pettah, Trivandrum.

The Kaumudi Weekly

PUBLISHED EVERY MONDAY

Vol. I | MONDAY 25th SEPTEMBER 1950 | No. 28

ശ്രദ്ധിക്കൂ!

ഒരു പുതിയ മത്സരം

കാളേജ് വിദ്യാർത്ഥീ വിദ്യാർത്ഥിനികൾക്കു മാത്രം.

25 രൂ. സമ്മാനം

"കാളേജ്"

എന്ന തലക്കെട്ടിൽ കാളേജിനകത്തെ ഒരു ദിവസത്തെപ്പറ്റി റീയലിസ്റ്റിക്കായി എഴുതുന്ന ഏറ്റവും രസകരമായ ലേഖനത്തിനു 25 രൂപാ സമ്മാനം നൽകുന്നതാണ്. ഒക്ടോബർ 9-ാംനു-വരെ മത്സരത്തിനുള്ള ലേഖനങ്ങൾ അയക്കാവുന്നതാണ്. മത്സരത്തിൽ കാളേജു വിദ്യാർത്ഥീവിദ്യാർത്ഥിനികൾ മാത്രമേ പങ്കെടുക്കാവൂ.

ഉഷ, ശ്രീനി, എം. കെ. കുമാരൻ എന്നിവരടങ്ങിയ ഒരു സമിതി സമ്മാനാർഹമായ ലേഖനം തിരഞ്ഞെടുക്കുന്നതാണ്. ഇതുസംബന്ധിച്ചുള്ള എഴുത്തുകുത്തുകൾക്കൊന്നും മറുപടി അയക്കുന്നതല്ല.

പത്രാധിപർ,
കൗമുദി (ആഴ്ചപ്പതിപ്പ്)
തിരുവനന്തപുരം

ലേഖനം അയയ്ക്കുന്ന കവറിനു മുകളിൽ "കാളേജ്" എന്നു് എഴുതിയിരിക്കണം.